
ST. MARY'S COLLEGE, PUTHANANGADI

www.montiinstitute.com

# MBA

FINANCE
MARKETING
HUMAN RESOURCE

**Eligibility: Any Degree (Above 50% Marks) + CAT/MAT/CMAT/KMAT (Kerala)**

FACILITIES

- A/C CLASS ROOMS
- SPACIOUS LECTURE HALLS
- LIBRARY
- COMPUTER LAB
- CONFERENCE HALL
- LANGUAGE LAB
- INDUSTRIAL VISIT (NATIONAL AND INTERNATIONAL)
- WIFI FACILITY
- OUTDOOR SPORTS FACILITY
- HOSTEL FACILITY
- CANTEEN FACILITY
- PLACEMENT CELL
- FREE LAPTOP / TAB



MIIMS
amaze·inspire·achieve

## MONTI INTERNATIONAL INSTITUTE OF MANAGEMENT STUDIES

Approved by AICTE, New Delhi; Affiliated to University of Calicut

P.O. PUTHANANGADI, Angadippuram (Via), Malappuram Dt.
Ph: 04933 258 556, 258 656, 9061 258 555, 8606 258 555
E-mail: montiinstitute@gmail.com

*Amaze. Inspire. Achieve.*

COURSES OFFERED

**B.A. English**
**B.A. Economics**
**BA History**
**B.Com with Computer Application**
**B.Com Finance**
**B.Com Co-Operation**
**BBA**
**BCA**
**B.Sc Physics**
**B.Sc Mathematics**
**B.Sc Psychology**
**M. Com Finance**
**MA English**



## ST. MARY'S COLLEGE

Run by the Congregation of the Sons of the Immaculate Conception (CFIC)
(Affiliated to University of Calicut)

P.O. PUTHANANGADI
Angadippuram Via, Pin - 679 321, Malappuram Dt., Kerala, India
Tel: 04933 - 258704, 9562585033, 9562585022
e-mail: info@stmaryscollege.info

www.stmaryscollege.info

**Education for integrity...**




# ST. MARY'S COLLEGE

**Run by the Congregation of the Sons of the Immaculate Conception(CFIC)**

**(Affiliated to University of Calicut)**

**PUTHANANGADI**

P.O. Puthanangadi, Angadippuram Via, Pin - 679 321

Malappuram Dt., Kerala, India

Tel: 04933 - 258704, 9562 5850 33

Mob: 9562 5850 22

e-mail: info@stmaryscollege.info

www.stmaryscollege.info

Founder of the Sons of the
Immaculate Concetption ( CFIC )



**Blessed Luigi Maria Monti**

നീണ്ട വരാന്തകൾ
ഗോവണിപടുതികൾ,
കയറ്റവും, ഇറക്കവും,
ഉള്ളിൽ ചിരി തൂകി ചാരു ജനാലകൾ!
മഴയേറ്റു നിൽക്കുന്ന ഇറയത്തണുപ്പുകൾ
വേർപിരിയുന്നു.
വഴിമാറിപ്പോകുന്നു.
പിൻനടത്തമില്ലാതെ
പിൻനോട്ടമില്ലാതെ
ഒരാൾ ഉള്ളിൽ കൂട്ടായിരിക്കണം...



Superior General of CFIC



Very Rev .Fr. Michele Perniola CFIC

Provincial Superior of CFIC ( India )



Fr. Saji Muthirenthikkal CFIC

Our Beloved Manager



Fr. Shibu Mannancheril CFIC

Our Beloved Principal



**Fr. Jose Mathew Parayil CFIC**

Our Beloved Vice Principal



**Fr. Denny Cholappallil CFIC**

അറിവിന്റെ വഴിയിൽ പുതുവെളിച്ചം പകർന്ന
സെന്റ്മേരീസിന്റെ പ്രിയപ്പെട്ട **ബിനു അച്ചനും ജോയ് അച്ചനും**
ഒത്തിരി സ്നേഹത്തോടെ...



Fr. Binu Peediyeckal CFIC



Fr. Joy Vadakkan CFIC

# സമർപ്പണം

സുബ്രഹ്മണ്യൻ സാറിന്റെ മരിക്കാത്ത
ഓർമ്മകൾക്കു മുമ്പിൽ...



കത്തീടുമങ്ങുതന്നാത്മാ-
വുതിർക്കും പ്രഭാപൂര-
മെത്രയോ ചരാചര-
ജന്മത്തിൽ ജ്വലിച്ചിടും



**ചീഫ് എഡിറ്റർ**

ഫാ: ജോസ് മാത്യു പാറയിൽ

**സ്റ്റാഫ് എഡിറ്റർ**

മുഹമ്മദ് ഷെഹീർ

**സ്റ്റുഡന്റ് എഡിറ്റർ**

മുഹമ്മദ് അഷ്കറലി

**ക്രിയേറ്റീവ് സപ്പോർട്ട്**

ഷമീർ T.

ലീലാവിജയൻ

ഡാനി കുര്യൻ

പ്രദീപ് കൊടിഞ്ഞി

ബിജി

സിജി

**ബോർഡ് മെമ്പേഴ്സ്**

അസ്ഹറുദ്ധീൻ പി.

ഫാത്തിമ റിസാന

തുളസി. പി

സന ഹംസ

ഖമറുൽ ജമാൽ

നിഖിൽ അഗസ്റ്റിൻ

**ഫിനാൻസ്**

ഫാ: ഡെന്നി

രാജു. പി.എസ്

**ഇല്ല്യസ്ട്രേഷൻ**

ഫാത്തിമ റിസാന

റിനീഷ സി.പി

മുഹമ്മദ് ഷെമീം,

മുഹമ്മദ് ഷാഹിദ്

സൽമാൻ ഇ.കെ

സഞ്ജയ്,

സജിൽ

അഭിലാഷ്. പി.വി

**ടൈറ്റിൽസ്:**

അസ്ഹറുദ്ധീൻ. പി.

**കവർ ഡിസൈൻ**

റിനീഷ സി.പി.

**ഫോട്ടോഗ്രാഫി**

ഫോട്ടോലാന്റ് സ്റ്റുഡിയോ പുത്തനങ്ങാടി

**ലേ ഔട്ട്**

snowy

www. stmaryscollege.info/magazine

/stmarysputhanangadi



Queue of Destiny
കാരുണ്യം
കണ്ണികൾ ?
സെൽഫി
യാത്ര
സ്വദേശികളും വിദേശികളും –
ചില പുനരാലോചനകൾ
ഉത്സവങ്ങളുടെ
തണലുകളൊരിടം
Gandhiji in the Queue
സംസ്കൃതികളിലൂടെ
ചൂളം വിളിച്ച്. . . . .
പ്രണയത്തിന്റെ

നിശബ്ദത... എങ്ങും
നിമിഷങ്ങൾ കൊഴിഞ്ഞുകൊണ്ടിരിക്കുന്നു.
നൊമ്പരങ്ങൾ മറക്കുന്ന ചിരിയുടെ മുഖം മൂടികൾ...
ആർദ്രമാകുന്ന വാക്കുകൾ
മഴമേഘങ്ങൾ ആവരണം ചെയ്ത ആകാശമേൽക്കൂര
താഴെ... ഘനീഭവിക്കുന്ന ഹൃദയങ്ങളുമായി കുറെ ജീവാത്മാക്കൾ...
ഇവിടെ...
പ്രതീക്ഷയുടെ നാളങ്ങൾ പ്രഭ ചൊരിഞ്ഞുതുടങ്ങുന്നു......





# തുടക്കം

സംഭ്രമത്തിന്റെ ചൂട്ടുകൾക്ക് തീ പടർന്നു
ഇനി ഇരുൾ നിറഞ്ഞ വഴികളിലൂടെ
പതിയെ നടന്നു തുടങ്ങാം...
തുടക്കം തുടക്കമല്ലാതെ മറ്റെന്താണ്?

# സൗഹൃദം

സൗഹൃദത്തിന്റെ
മിഴിത്തല്ലേറ്റു മുറുകിയ
വീണക്കമ്പികളിൽ
ഞാൻ നിലാവ് തേടുന്നു
മേഘങ്ങൾ ചേർത്തു തുന്നിയ
വെയിലാകാശത്തിൽ ഞാൻ
സൂര്യനെ തിരയുന്നു !



**Asharudheen. P**
*II[nd] Sem. B.A. History*

# സെൽഫി



**Vishnu. M**
*II[nd] Sem. B.Com Finance*




മൊബൈൽ ഫോണിന്റെ മുറവിളി കേട്ടാണ് അവൻ ഉണർന്നത്. പതിയെ കൈകൾ സ്ക്രീനിൽ തൊട്ടു. വടിവൊത്ത കയ്യക്ഷരത്തിൽ സന്ദേശം തെളിഞ്ഞു നിന്നു. "Sarath you have 10 Notifications "3 pokes" "13 friend requests", എഫ്ബിയിൽ നിന്നു നേരെ വാട്സ് ആപ്പിലേക്ക് എടുത്തുചാടി, പതിവുപോലെ ഗ്രൂപ്പിന് ആദ്യത്തെ "Good Morning" കൊടുക്കുമ്പോൾ സമയം 03:45 A.M, S.S.L.C പരീക്ഷയ്ക്ക് പോലും മൂടിപ്പുതച്ചു കിടന്നിരുന്ന അവനാണ് താൽപര്യത്തോടെ അതിലുപ

രി ആവേശത്തോടെ മൊബൈൽ സ്ക്രീനിനു മുമ്പിലേക്ക് മിഴികൾ തുറക്കുന്നത്. Morning Selfie എഫ് ബിയിലിട്ടു മാർക്ക് സുക്കർബർഗിനെയും ടിം ബർണേഴ്സിലിയേയുമൊക്കെ തൊട്ട് നെറുകയിൽ വച്ച് അന്നത്തെ അങ്കത്തിന് ഐശ്വര്യമായി തുടക്കം കുറിച്ചു. വാക്കുകൾക്കതീതമായ കാഴ്ചകളുടെ ഒരു പുതിയ ലോകമാണ് സോഷ്യൽ മീഡിയ അവനു മുമ്പിൽ തുറന്നിട്ടത്. അവിടെ അവന് 3000--ൽപ്പരം ഫ്രണ്ട്സും 1500 ലൈക്കും ഒക്കെ സ്വന്തമായിട്ടുണ്ടായിരുന്നു. നിറം പിടിപ്പിച്ച പലതും അവനെ വരവേറ്റു കൊണ്ടേയിരിക്കുന്നുണ്ടായിരുന്നു.

അച്ഛനോടും അമ്മയോടും പലപ്പോഴും ഇതിനെപ്പറ്റി അവൻ വാചാലനാകും. എന്നാൽ അവരുടെ മറുപടി മിക്കവാറും ഉപദേശങ്ങളിലൊതുങ്ങും. "പത്രമാസികകൾ നൽകുന്ന അറിവിന് പകരമാവില്ല ഇതൊന്നും" അച്ഛൻ പലപ്പോഴും പറഞ്ഞുകൊണ്ടേയിരുന്നു. Whatsapp ഉം എഫ്.ബിയും ഇല്ലാത്ത നിങ്ങളൊക്കെ ഏത് യുഗത്തിലാണ് ജീവിക്കുന്നത് അവൻ തിരിച്ചടിച്ചു. ബ്രേക്ക്ഫാസ്റ്റും, ലഞ്ചും, സപ്പറുമെല്ലാം കൃത്യമായി സ്ക്രീനിനു മുന്നിലെത്തികൊണ്ടേയിരുന്നു. "അവൻ ഈ ജന്മം മുഴുവൻ അതിൽ തോണ്ടിതീർക്കും എന്ന് പറഞ്ഞ് അച്ഛൻ ശകാരിക്കുമ്പോൾ "മൊബൈൽ ഫോൺ കിട്ടിയതിൽ പിന്ന്യാ എന്റെ കുട്ടി ഇങ്ങനെയായത്" എന്നും പറഞ്ഞ് അമ്മ പരിതപിക്കും. അച്ഛന്റെ സന്ദേഹവും അമ്മയുടെ സന്താപവും അവനെ ബാധിച്ചതേയില്ല. അപ്പോഴും അവൻ അവിടെ–ഇന്റർനെറ്റിന്റെ മായാലോകത്ത് എന്തിനോ വേണ്ടി തിരയുകയായിരുന്നു. സ്വച്ഛമായ ഉടവഴികളിലൂടെ സഞ്ചരിക്കുമ്പോൾ അവൻ തന്റെ സംസാരശേഷിയും പണയം വച്ചു. ശബ്ദം കുറഞ്ഞു. കഴുത്ത് വീണ്ടും താഴ്ന്നു സ്ക്രീനിനോട് തൊട്ടുരുമ്മി നിന്നു. പ്രതികരണശേഷി നാവിൻ തുമ്പിലൂടെ കൈകളിലേക്ക് ഊർന്നിറങ്ങി സ്ക്രീനിലേയ്ക്ക് പടരാൻ തുടങ്ങി. Bro Chankss............ അതെ സൈബർ ലോകത്ത് അവൻ തന്റേതായ ഒരിടം കണ്ടെത്തിയിരിക്കുന്നു. തക്കം പാർത്തു നിൽക്കുന്ന ട്രോളർമാർക്കൊപ്പം തഞ്ചത്തിൽ ട്രോളാനും അവൻ പഠിച്ചെടുത്തു. "മയക്കുമരുന്ന് കിട്ടാത്തവന്റെ അവസ്ഥയാണ് ഫോണിലെ ബാറ്ററി തീരുമ്പോൾ'' എന്ന സുഹൃത്ത് അനന്ദുവിന്റെ വാക്കുകൾ അവൻ ഇടയ്ക്കിടക്ക് അഭിമാനത്തോടെ പറയാറുണ്ട്.

പുസ്തകവും നോട്ട്സുമൊക്കെപഴഞ്ചനായി. ഇതൊക്കെ ഡിജിറ്റലാക്കണമെന്ന് അവന്റെ പക്ഷം. അങ്ങനെ ഇരുളിൽപ്പോലും വെട്ടമുണ്ടാക്കി ചാറ്റിംഗും മറ്റുമായി രാത്രിയിലും അവൻ സജീവം. ഇടയ്ക്കെപ്പഴോ ഉറക്കം വന്നു വിളിച്ചപ്പോൾ ""Good Night" എന്ന പോസ്റ്റിട്ട് ഒരു അർദ്ധവിരാമം. അവൻ നിദ്രയിലേക്ക് ആഴ്ന്നിറങ്ങി

ഉറക്കത്തിൽ അവൻ എടുത്ത സെൽഫിയുടെ റിഫ്ളക്ഷൻ ചെന്നു പതിച്ചത് ഒരു ദുരൂഹതയിലേക്കായിരുന്നു. പകൽ വെളിച്ചത്തിലാണവനു മനസ്സിലായത് താൻ ഉറക്കത്തിലെടുത്ത സെൽഫി കൂടെക്കിടന്ന മുത്തച്ഛന്റെ നെഞ്ചത്തായിരുന്നു എന്ന്. Low Battery ആയത് കൊണ്ട് പെട്ടെന്ന് Switched off ആയി. ശവമഞ്ചത്തിനു ചുറ്റും ആളു കൂടുമ്പോൾ അവൻ സെൽഫിയിൽ തിളച്ചുമറിയുകയായിരുന്നു. കൂടെ ഒരു ടൈറ്റിലും ""Bro I'm sad my grandfather has passed away" കെട്ടടങ്ങുന്ന മുത്തച്ഛന്റെ പട്ടടയ്ക്കു മുമ്പിലും അവന്റെ സെൽഫികൾ തുരുതുരാ വർഷിച്ചു.

> "ഉറക്കത്തിൽ അവൻ എടുത്ത സെൽഫിയുടെ റിഫ്ളക്ഷൻ ചെന്നു പതിച്ചത് ഒരു ദുരൂഹതയിലേക്കായിരുന്നു. പകൽ വെളിച്ചത്തിലാണവനു മനസ്സിലായത്."

ഒടുക്കം ഒരു ഗ്രൂപ്പ് സെൽഫിയെടുത്ത് എല്ലാവരെയും മടക്കി അയച്ചു. കുറ്റബോധത്തിന്റെ നേരിയ ലാഞ്ചന പോലും അവനെ സ്പർശിച്ചില്ല. കാരണം അവന്റെ മനസാക്ഷി മരവിച്ചു പോയിരുന്നു.



# ഉൾസാരങ്ങളുടെ ഉൾത്തുടിപ്പുകൾ

**അത്ഭുതമാണ് സച്ചിദാനന്ദൻ സർ. ആൾക്കൂട്ടം ഒരിക്കലും അദ്ദേഹത്തെ വിഭ്രമിപ്പിച്ചില്ല. അവർക്കിടയിൽ ഒരാളായി സദാ പുഞ്ചിരി തൂകി... ജീവിതത്തിരക്കുകൾക്കിടയിൽ വീണുകിട്ടിയ ഇടവേളയിൽ ആ വാക്കിന്റെ പൂമരത്തണൽ ഞങ്ങൾക്കു മേൽ നിറഞ്ഞുനിന്നു. സർഗ്ഗാത്മകതയുടെ പേമാരി ഒരു ചാറ്റൽമഴയായയ് പെയ്തു തുടങ്ങി.......**

**?** കേരളത്തിലെ കാംപസ് ജീവിതം പൊതുസമൂഹത്തോട് സർഗ്ഗാത്മകമായി ഏറ്റവും നന്നായി കലഹിച്ച കാലത്തായിരുന്നുവല്ലോ അങ്ങ് സാഹിത്യത്തിലേക്ക് കടന്നു വരുന്നത്. പിന്തിരിഞ്ഞു നോക്കുമ്പോൾ ആ കാലഘട്ടത്തിന്റെ ഔട്ട്പുട്ട് എന്താണ്?

ഞാൻ എഴുതാൻ തുടങ്ങിയ കാലവും ഞാൻ പഠിച്ചിരുന്ന ഒരു കാലവും കാമ്പസുകൾ ഏറെ സജീവമായിരുന്ന ഒരു കാലമാണ്. അതിനു കാരണം അക്കാലത്തെ വിദ്യാർത്ഥികളിലുണ്ടായിരുന്ന രാഷ്ട്രീയ ബോധം അല്ലെങ്കിൽ നീതിബോധമാണ്. ഞാൻ പഠിച്ചിരുന്ന ക്രൈസ്റ്റ് കോളേജും മഹാരാജാസ് കോളേജുമൊക്കെ വളരെ സജീവമായ രാഷ്ട്രീയ ചർച്ചകളും പുസ്തക ചർച്ചകളുമൊക്കെ നടന്നിരുന്ന കേന്ദ്രങ്ങളായിരുന്നു. വളർന്നു വരുന്ന രാഷ്ട്രീയത്തെ സംബന്ധിച്ച് വിദ്യാർത്ഥികൾക്കിടയിൽ കൃത്യമായ അവബോധമുണ്ടായിരുന്നു. അതിനു പ്രധാന കാരണം ഇന്നത്തെപ്പോലെ വിദ്യാഭ്യാസം ഒരു പ്രൊഫഷണൽ രീതിയിലേക്ക് വളർന്നിരുന്നില്ല എന്നതു തന്നെയാണ്. അറിയാനും അന്വേഷിക്കാനും ഉള്ള ത്വര വിദ്യാർത്ഥി–യുവജനങ്ങൾക്കിടയിൽ പ്രകടമായിരുന്നു. പഠനവും സാമൂഹ്യപ്രവർത്തനവും രണ്ടാണെന്ന ധാരണ ഇന്ന് സമൂഹത്തിൽ വ്യാപകമായിട്ടുണ്ട്. ഇത് തീർത്തും തെറ്റാണ്. പിന്നീട് ക്രൈസ്റ്റ് കോളേജിൽ അദ്ധ്യാപകനായിരിക്കെ നിരവധി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. അക്കാലത്ത് കോളേജിൽ സംഘടിപ്പിച്ച സാഹിത്യസദസ്സുകളിൽ എഴുത്തുകാർ പങ്കെടുത്തത് ഇന്നും മായാത്ത ഓർമ്മകളാണ്.

**?** പിന്നീട് പുതിയ തലമുറയിലേക്ക് വരുമ്പോൾ സംവേദനക്ഷമതയും ചിന്താശേഷിയും കുറഞ്ഞു വരുന്നു എന്ന് തോന്നിയിട്ടുണ്ടോ?

ചില കാര്യങ്ങളിൽ അങ്ങനെ തോന്നുന്നുണ്ട്. വാസ്തവത്തിൽ ഇന്ന് വിജ്ഞാനസമ്പാദനം കൂടുതൽ അനായാസമാണ്. പ്രത്യേകിച്ച് ഇന്റർനെറ്റ് യുഗത്തിൽ വിവരസമ്പാ



ലത്തെ വിപ്ലവാത്മകമായ പല സമരങ്ങളിലും സോഷ്യൽ മീഡിയ വളരെ വലിയ പങ്കു വഹിച്ചിട്ടുണ്ട്. അറബ് വസന്തം തൊട്ടിങ്ങോട്ട് അതിന്റെ സ്വാധീനം തെളിഞ്ഞു കാണാം. സമൂഹമാധ്യമങ്ങളിലെ പോരാട്ടങ്ങളുടെ പ്രധാന പോരായ്മ പലപ്പോഴും അത് യഥാർഥ്യത്തെ വെർച്വൽ സ്ട്രഗിൾ മാത്രമാണ്. സാഹിത്യ പ്രവർത്തനത്തെ സൂചിപ്പിക്കുകയാണെങ്കിൽ ഒരു പത്രാധിപരുടെ കാരുണ്യമില്ലാതെ എഴുത്തുകാരന് തന്റെ കൃതികൾ പ്രസിദ്ധീകരിക്കാമെന്നതാണ്. ഇതിന്റെ നെഗറ്റീവ് എന്നത് സാഹിത്യ പ്രവർത്തനം വളരുന്ന ഘട്ടത്തിൽ ആവശ്യമായ വിമർശനം ഉയർന്നു വരുന്നില്ല എന്നതാണ്. പലപ്പോഴും ഇതിന്റെ അനുവാചകർ എഴുത്തുകാരന്റെ സുഹൃത്തുക്കൾ തന്നെയായതിനാൽ അനാവശ്യമായ പിന്തുണ നൽകി പ്രോത്സാഹിപ്പിക്കാറുണ്ട്. പലരും ഇതിൽ ഭ്രമിക്കുകയും തുടർന്ന് നല്ല എഴുത്തുകൾ സംഭവിക്കാതെ പോവുകയും ചെയ്യുന്ന സാഹചര്യമുണ്ട്. വിമർശനങ്ങൾ ഏറെ ഉണ്ടാവുന്നില്ല എന്നൊരു പരിമിതി Virtual Literatureന് ഉണ്ട്. ഒരിക്കൽ ബ്ലോഗ് കവിതകളുടെ സമാഹാരം ചെയ്യാൻ ഡി. സി. ബുക്ക്സ് എന്നെ സമീപിച്ചു. അവർ എനിക്ക് നൽകിയ 6000 കവിതകളിൽ വെറും 60 കവിതകൾ മാത്രമാണ് കവിത എന്ന സങ്കല്പത്തിലെങ്കിലും പെടുത്താവുന്ന കവിതകളായി ഞാൻ തെരഞ്ഞെടുത്തത്. ഈയൊരു അനുപാതം നോക്കൂ. ഇതാണ് വസ്തുത. വാക്കിന്റെ പ്രയോഗ രീതി, രൂപകം, വിന്യാസം തുടങ്ങിയവയെ സംബന്ധിച്ചെല്ലാം കൃത്യമായ വിമർശനങ്ങൾ ഉയർന്നു വരുമ്പോഴാണ് ക്രിയാത്മകമായ എഴുത്തുകൾ രൂപപ്പെടുന്നത്.

? ഒരു കവി എന്ന നിലയിൽ അങ്ങയുടെ യാത്ര തുടരുകയാണ്. ഇക്കാലയളവിനിടയിൽ എഴുതാൻ ആഗ്രഹിക്കുകയും എഴുതുവാൻ കഴിയാതിരിക്കുകയും ചെയ്ത ഒരു ആശയം മനസ്സിലുണ്ടോ?

ദനം വളരെ എളുപ്പമാണ്. പക്ഷേ അതിനെ വിജ്ഞാനം എന്നു വിളിക്കാനാവില്ല. ഇതുവഴി വിവരം ധാരാളം ഉണ്ടാവുന്നു. പക്ഷേ അത് വിജ്ഞാനമോ വിവേകമോ ആയിത്തീരാനുള്ള സാഹചര്യങ്ങൾ ഇന്നില്ല. അറിവിന് വളരാനുള്ള സാഹചര്യം മുരടിച്ചു പോകുന്നു. ഇതിലൂടെ വെറുമൊരു വിവരസമൂഹമായി സമൂഹം ചുരുങ്ങിപ്പോകുന്നു എന്നാണ് എന്റെ അഭിപ്രായം. ഇത് നമ്മുടെ സംവേദനക്ഷമതയേയും ചിന്താശേഷിയേയും ബാധിക്കുന്നു. അതോടൊപ്പം മൂലധന സമൂഹത്തിന്റെ ഏറ്റവും നിഷേധാത്മകമായ മൂല്യങ്ങളാണ് മത്സരം, സ്വാർത്ഥലക്ഷ്യങ്ങൾക്ക് വേണ്ടിയുള്ള വിദ്യാഭ്യാസം തുടങ്ങിയവ. കലയെപ്പോലും അനാരോഗ്യകരമായ മത്സരബുദ്ധിയോടെയാണ് നാം സമീപിക്കുന്നത് പ്രത്യേകിച്ച് യുവജനോത്സവങ്ങൾ. ഈ മത്സരങ്ങളിൽനിന്നും ഒരു ചെറിയ ശതമാനം മാത്രമേ കലയുമായി മുന്നോട്ടു പോകുന്നുള്ളൂ. ഇതിനെ മത്സരാധിഷ്ഠിത മൂല്യബോധം എന്നു വിശേഷിപ്പിക്കാം.

? പുതിയ സമൂഹത്തിലെ സോഷ്യൽ മീഡിയയിലൂടെയുള്ള സാഹിത്യപ്രവർത്തനങ്ങളെ ഏത് രീതിയിലൂടെയാണ് നോക്കിക്കാണുന്നത്?

സോഷ്യൽമീഡിയയിലൂടെ സാഹിത്യ പ്രവർത്തനത്തിന് രണ്ട് തലങ്ങളുണ്ട്. പോസിറ്റീവായ തലം അത് ജനാധിപത്യത്തിലെ ഒരു പുതിയ സാധ്യതയാണ് എന്നതാണ്. കാരണം, കഴിഞ്ഞ പത്ത് വർഷക്കാ



ഞാൻ എഴുതണമെന്ന് നിരന്തരം ആഗ്രഹിക്കുകയും എന്നാൽ എഴുതാൻ കഴിയാതെ പോവുകയും ചെയ്ത ഒരാശയം മഹാഭാരതത്തെ കുറിച്ചുള്ള ഒരു കവിതാപരമ്പരയാണ്. പല അഭിമുഖങ്ങളിലും ഞാനിത് സൂചിപ്പിച്ചിട്ടുണ്ട്. മഹാഭാരതത്തെ ഞാൻ കാണുന്നത് ഒരു സാഹിത്യകൃതിയായി മാത്രമാണ്. സങ്കീർണ്ണമായ മനുഷ്യബന്ധങ്ങളെപ്പറ്റിയും മനുഷ്യജീവിത സന്ദർഭങ്ങളെപ്പറ്റിയും ഉൾക്കാഴ്ച നിറഞ്ഞ ഒരു വലിയ ചിത്രമാണ് അത് നമ്മുടെ മുമ്പിൽ വരച്ചിടുന്നത്. അതിനെ അടിസ്ഥാനമാക്കി വർത്തമാന സന്ദർഭത്തിൽ നിന്നുകൊണ്ട് അതിലെ കഥാപാത്രങ്ങളെ നമ്മുടെ സമൂഹത്തിലേക്ക് ആനയിച്ചുകൊണ്ട് ഒരു കവിതാസാഹാരമാണ് ഞാൻ ഉദ്ദേശിക്കുന്നത്. എഴുതാനുള്ള സമയവും സന്ദർഭവും ഇതുവരെ ഒത്തു വന്നിട്ടില്ല എന്നതാണ് സത്യം. (ചിരിക്കുന്നു.)

? എഴുത്ത് എഴുതാവുന്നത് ലാവണ്യം കൊണ്ടു മാത്രമല്ല അതിന്റെ ദർശനം കൊണ്ട് കൂടിയാണ്. ഈയൊരു കാഴ്ചപ്പാടിനോട് അങ്ങയുടെ പ്രതികരണം?

നല്ല എഴുത്ത് എന്ന് നമ്മൾ പറയുന്നവയിലെല്ലാം ലാവണ്യത്തിന്റേയും ദർശനത്തിന്റേയും അംശങ്ങൾ ഉണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു. എഴുത്തിൽ അതിന്റെ രൂപകങ്ങൾ ഉപമകൾ, വൃത്തം, ഈണം, സ്വരം തുടങ്ങി നിരവധി ലാവണ്യാംശങ്ങൾ ഉണ്ട്. അത് വളരെ പ്രധാനമാണ്. ഇതെല്ലാം കൂടി സൃഷ്ടിക്കുന്നതാണ് ദാർശനികമാനം അല്ലെങ്കിൽ ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്. ദസ്തയോവ്സ്കിയുടേയോ കാഫ്കയുടെയോ നമ്മുടെ സ്വന്തം ഒ. വി. വിജയന്റെ കൃതികൾ എടുത്താൽ നമുക്കീ ദർശനസാരം അനുഭവിക്കാം. ഈ ലാവണ്യാത്മകതയുടെയും ദാർശനികതയുടെയും അംശങ്ങൾ സാഹിത്യകൃതികളെ സമ്പുഷ്ടമാക്കുന്നു.

? ലോകത്തെവിടെയും മലയാളിയുടെ സാംസ്കാരിക പ്രതിനിധിയായി അങ്ങ് ഓടിയെത്താറുണ്ട്. ഇതിനിടയിൽ ഒരിക്കൽ പോലും ഇസ്രായേൽ സന്ദർശിച്ചിട്ടില്ലെന്ന് വായിക്കാൻ കഴിഞ്ഞു. ഇത് പാലസ്തീനികൾ അടക്കമുള്ള ഇരകളോടുള്ള ഒരു പ്രതിബദ്ധതയുടെ ഭാഗമാണോ?

(ചിരിക്കുന്നു) എനിക്ക് ഇസ്രയേൽ എന്ന രാജ്യത്തോടോ അവിടത്തെ ജനങ്ങളോടോ ഒരു വിരോധവുമില്ല. അവരുടെ രാഷ്ട്രീയത്തോടാണ് എനിക്ക് വിരോധം. കാരണം ഇസ്രയേൽ രൂപീകരണത്തെ അതിന്റെ ആരംഭഘട്ടത്തിൽ അനുകൂലിച്ച വ്യക്തിയാണ് ഞാൻ. ഒരു കാലത്ത് ഇരകളായിരുന്നു യഹൂദർ. പക്ഷേ അവർ തന്നെ വേട്ടക്കാരുടെ റോളിലേക്ക് വരുന്ന അവസ്ഥയാണ്. ഇസ്രയേലിന്റെ നയങ്ങളെ പരിശോധിക്കുമ്പോൾ അവ മുന്നോട്ടു വെക്കുന്ന അതിക്രൂരമായ രാഷ്ട്രീയമുണ്ട്. അതിനെയാണ് ഞാൻ എതിർക്കുന്നത്.

? മലയാളി വായന വളരുകയാണ്. ഈ സാഹചര്യത്തിൽ ഭാഷാ ഇതര വിവർത്തന ആവിഷ്കാരങ്ങൾക്ക് വളരെയധികം സ്വീകാര്യത കൈവന്നിരിക്കുന്നു. ഇത് തദ്ദേശീയ ഭാഷയുടെ ഒരു പരിമിതിയാണോ ചൂണ്ടിക്കാട്ടുന്നത്?

അങ്ങനെ തോന്നുന്നില്ല. കാരണം എല്ലാ വാതിലുകളും തുറന്നിടുന്നതാണ് ശരി. ഇത് വായനയുടെ മാത്രം പ്രശ്നമല്ല. കേരളത്തിന്റെ ചരിത്രം പരിശോധിച്ചാൽ തന്നെ ഇത് വ്യക്തമാവും. നമ്മുടെ മലയാളഭാഷയിലെ വാക്കുകൾ പോലും പല ഭാഷകളിൽ നിന്നും വന്നിട്ടുള്ളതാണ്. സംസ്കൃതം, ആദിദ്രാവിഡം, പോർച്ചുഗീസ്, ഫ്രഞ്ച്, ഡച്ച് ഭാഷകളിൽ നിന്നെല്ലാം നാം വാക്കുകൾ കടമെടുത്തിട്ടുണ്ട്. വാതിലുകൾ മലർക്കെ തുറന്നിടുന്നതാണ് നമ്മുടെ സംസ്കാരം. അതുമൂലം നമുക്ക് പല ദോഷങ്ങളും വന്നു

ഭവിച്ചിട്ടുണ്ട്. എങ്കിൽപ്പോലും സാംസ്കാരികമായ ഈ കൊടുക്കൽ വാങ്ങലുകളിലൂടെയാണ് നമ്മുടെ സാഹിത്യരൂപം വളർന്നു വന്നിട്ടുള്ളത്. ഉദാഹരണത്തിന് ഗസൽ. ഇത് പേർഷ്യനിലൂടെ വന്ന് ഉർദുവിലൂടെ മലയാളത്തിൽ വന്നതാണ്. അതുപോലെ നോവലും ചെറുകഥയുമെല്ലാം പുറമെ നിന്ന് വന്ന സാഹിത്യരൂപങ്ങളാണ്. പരിഭാഷ നമ്മുടെ മാറി വരുന്ന ഭാവുകത്വത്തിനനുസരിച്ച് മാറുന്ന ഒന്നാണ്. ഇത് നമ്മുടെ വായനയെയും അനുഭവചക്രവാളത്തേയും വിപുലീകരിക്കുന്ന ഒന്നു തന്നെയാണ് എന്നാണ് എന്റെ അഭിപ്രായം. ആംഗലേയ രീതികൾ നമ്മുടെ സാഹിത്യത്തിലേക്ക് കടന്നുവന്നതും ഈയൊരു ക്രയവിക്രയത്തിലൂടെയാണ്.

? യാഥാസ്ഥിതിക ഇടതുപക്ഷം അതിന്റെ വ്യവസ്ഥാപിത നിലപാടുകളിൽ നിന്ന് പുറകോട്ടു പോയി എന്നൊരു അഭിപ്രായം ഇടക്കാലത്ത് ഉയർത്തുകയുണ്ടായി. ഇതിനെ എങ്ങനെ വിലയിരുത്തുന്നു?

ഞാൻ സ്വപ്നം കാണുന്നത് ഒരു പുതിയ ഇടതുപക്ഷത്തെയാണ്. കാരണം കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ കേരളത്തിലുണ്ടായ പ്രധാന സമരങ്ങളെല്ലാം നയിച്ചിട്ടുള്ളത് വ്യവസ്ഥാപിത പാർട്ടികൾക്ക് പുറമെയുള്ള ശക്തികളാണ്. ചെങ്ങര സമരമായാലും ആദിവാസികളുടെ ഭൂസമരമായാലും അങ്ങനെ തന്നെ. സൈലന്റ് വാലി സമരം മുതൽ തന്നെ ഈ ശക്തമായ സാന്നിദ്ധ്യം പ്രകടമാണ്. ഇടതുപക്ഷം എന്ന് വിശേഷിപ്പിക്കേണ്ടത് ആരെയാണെന്ന കാര്യത്തിലാണ് എനിക്ക് സംശയം. ജനകീയ പ്രതിരോധത്തിലേർപ്പെടുന്ന പക്ഷമേതാണോ അതാണ് ഇടതുപക്ഷം. അങ്ങനെ നോക്കുമ്പോൾ ലോകതലത്തിൽതന്നെ ക്രിയാത്മക ഇടതുപക്ഷ ബദലുകൾ രൂപപ്പെടുന്നുണ്ട്. പല കോണിൽ നിന്നുയർന്ന അഭിപ്രായങ്ങളെ സമന്വയിപ്പിച്ച് ഒരു കേന്ദ്രബിന്ദുവിലേക്ക് കൊണ്ടുവരാൻ ഇവക്കെല്ലാം കഴിഞ്ഞു. ഇത്തരത്തിലുള്ള ഒരു പ്രതിരോധത്തിന്റെ രാഷ്ട്രീയമാണ് ഞാൻ മുന്നോട്ടു വെക്കുന്നത്.

? ഫാസിസത്തെ പ്രതിരോധിക്കുന്നതിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ പരാജയപ്പെടുമ്പോൾ ഒരു ദലിത്–ന്യൂനപക്ഷ–കീഴാള ഐക്യത്തിന്റെ സാദ്ധ്യതകളെ എങ്ങനെ കാണുന്നു?

ഞാൻ വിചാരിക്കുന്നത് സാദ്ധ്യമാവുമെന്നു തന്നെയാണ്. കാരണം ഗുജറാത്തിൽ ജിഗ്നേഷ് മേവാനിയുടെ നേതൃത്വത്തിൽ നടന്ന സമരം ഇത്തരത്തിലൊന്നാണ്. എങ്കിലും അതിന് രണ്ടു പക്ഷങ്ങളും ഏറെ പുനർവിചാരം നടത്തേതുണ്ട്. ജാതി എന്നതിനെ വിശാലാർത്ഥത്തിൽ അപനിർമ്മിക്കാൻ നമുക്കിനിയും കഴിഞ്ഞിട്ടില്ല. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ജാതി അവിഭാജ്യ ഘടകമാണ്. അതിനെ അവഗണിച്ചു കൊണ്ടുള്ള ഒരു മുന്നേറ്റവും സാധ്യമല്ല. ഇങ്ങനെ ജാതീയമായി അടിച്ചമർത്തപ്പെട്ടവരുടെ പക്ഷം ചേരണം. ദലിത്–ന്യൂനപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം അവരെ അടിച്ചമർത്താൻ മുതലാളിത്ത വ്യവസ്ഥ കൂടി കൂട്ടു ചേരുന്നു. ഈ സത്യം തിരിച്ചറിയുകയാണെങ്കിൽ അത്തരത്തിലുള്ള ഒരു സാധ്യത തള്ളിക്കളയാനാകില്ല.

? നിലവിലെ വെല്ലുവിളകളെയെല്ലാം അതിജീവിച്ച് സർഗ്ഗാത്മകതയിലധിഷ്ഠിത ഒരു ലോകക്രമം ഉരുത്തിരിഞ്ഞു വരുമെന്ന് പ്രതീക്ഷിക്കാമോ?

അത് വളരെ അനായാസകരമായ കാര്യമല്ല. പക്ഷേ വേറെ വഴിയില്ല. നമ്മുടെ മുമ്പിലുള്ളത് വിശാലാടിസ്ഥാനത്തിലുള്ള കീഴാള ഐക്യമാണ്. ദലിതർ, ന്യൂനപക്ഷങ്ങൾ, സ്ത്രീകൾ, ആദിവാസികൾ തുടങ്ങി അടിച്ചമർത്തപ്പെട്ടവരുടെ ഒരു പൊതുരൂപം സൃഷ്ടിക്കുന്നതിലൂടെ മാത്രമേ നമ്മുടെ രാജ്യത്തെ ജനാധിപത്യ വ്യവസ്ഥിതിയിലേക്ക് തിരികെക്കൊണ്ടു വരാനും ഫാസിസ്റ്റ് ശക്തികളെ തുരത്താനും കഴിയുകയുള്ളൂ എന്നാണ് ഞാൻ കരുതുന്നത്.

? ഞങ്ങളുൾപ്പെടുന്ന വിദ്യാർത്ഥി–യുവസമൂഹം സർഗ്ഗാത്മക പുനഃസൃഷ്ടിയുടെ അനിവാര്യതയാണ്. അവരോടുള്ള അങ്ങയുടെ ഉപദേശം?

(ചിരിക്കുന്നു) സന്ദേശം നല്കാനുള്ള ഒരു ഗുരുവാണ് ഞാനെന്ന് കരുതുന്നില്ല. ഇന്നത്തെ കാംപസുകൾ പഴയ കാംപസുകളെ അപേക്ഷിച്ച് താരതമ്യേന നിർജ്ജീവമാണ്. ആ കാംപസുകളെ സജീവമാക്കുന്ന പ്രവർത്തനങ്ങൾ, സാംസ്കാരികവും രാഷ്ട്രീയവുമായ പ്രവർത്തനങ്ങൾ വളരെ സജീവമാക്കേതുണ്ട്. യുവജനത രാഷ്ട്രത്തിന്റെ സമ്പത്താണ്. അവർ നിർജ്ജീവമാവുകയോ നിസ്സംഗരാവുകയോ ചെയ്യുമ്പോൾ രാഷ്ട്രത്തിൻെറ ഭാവി ഇരുണ്ടതായിരിക്കും. നിർഭയരായിരിക്കുക, അറിയുക, പ്രവർത്തിക്കുക ഇവയാണ് യുവജനങ്ങൾ ഉയർത്തിപ്പിടിക്കേണ്ട ആശയങ്ങൾ.

പറഞ്ഞു തീർന്നപ്പോൾ ഒരു പേമാരി പെയ്തൊഴിഞ്ഞു. പുതിയതൊന്ന് ഞങ്ങളുടെ മനസ്സിൽ രൂപപ്പെടുന്നുണ്ടായിരുന്നു. ആ പേമാരിക്കു കീഴെ പുതുമണ്ണിനും താഴെ പുതിയ ഒരു വിത്ത് മുള പൊട്ടിയിരുന്നു. പ്രതീക്ഷയുടെ, സർഗ്ഗാത്മകതയുടെ.........

---

അഭിമുഖം തയ്യാറാക്കിയത് : അസ്ഹറുദ്ധീൻ. പി

# Scent of Bitter Almonds



**ABHILASH.PV**
*IVnth Sem. Bcom Finance*

The first time I fell in love
I thought I'd die of a heart attack
My wild pounding heart, in need of taming
In perplexed desperation, I myself blaming.

I had fretted, I had frowned
The words I spoke kept fumbling
My pristine world had shattered
The dreams I wove came tumbling

The Cupid's arrow coated in realization
Pierced through my blurry mind
All these years....Was I dead?!!

But then life teaches you
By tempting you only
To whisk it all away, after
Tenderly touching the soul

He's a star now, all burnt out
Once flaming hot now cold and distant
I see a bleak future ahead of me
It's peering, staring and trying to judge me

My tears drowning in the rain
And all my frowning in vain

I look outside to a better consoling
The stars are in their places....
The moon creeps out at night....
The humming wind passing by
Still made the bony branches away....
And the shrinking leaves fall

I tossed and turned in bed
While every living soul slept off
The pain is mine alone to bear
And mine is a tale of unrequited love





**Gokul. P.K**
*IV[th] Sem. B.A English*

# യാത്ര




ദൂരങ്ങൾ അളന്നിരുന്നില്ല
പക്ഷേ.... പിന്നോട്ടാവും
മനസൊന്നു ചലിച്ചാൽ
പിന്നിട്ട വഴികളെല്ലാം
എന്നെയും കൂട്ടി നടക്കുക

മുന്നിലേക്കുള്ള ദൂരം
കുതിച്ചുപായുന്നൊരീ
ഇരുമ്പു ചക്രങ്ങൾ
താനെ നിൽക്കുന്നിടം
വരെ മാത്രം തീർച്ച

കൊതിച്ചിരുന്നു പലപ്പോഴും
ഇതൊരു മടക്കയാത്ര
ആയിരുന്നെങ്കിൽ തിരികെ
എവിടേയ്ക്കോ ഓടിയൊളിച്ച
എന്റെ സ്വപ്നങ്ങളിലേക്ക്

പാതിവഴിയിലെപ്പഴോ
ഇറങ്ങിപ്പോയ ഓർമ്മകളിലെ
സഹയാത്രികയ്ക്കൊപ്പം
വേർപാടുകൾക്കപ്പുറം
ചാടിയൊരു മടക്കയാത്ര

ഈ പാളങ്ങളിലൂടെ
ചോര പതിഞ്ഞൊരെൻ
നഷ്ടവിലാപങ്ങളുടെ-
മുൾവഴികളിലൂടെ
പിന്നോട്ടൊന്നു നടക്കണം

കൺതുറന്നാൽ വീണ്ടുമീ
യാത്ര മുന്നോട്ടേയ്ക്കാണ്
കിതച്ചു ചൂളം വിളികൾ
കുതിച്ചു പായുകയാണ്

ഇതിൽ ഞാൻ ഒറ്റക്ക് !
ഇനിയുമാവില്ല ജന്മമേ.....
നീ ചലിച്ചുകൊൾക
ഇനിയും നീ യാത്ര ചെയ്ക
ചലനമറ്റൊരെൻ ദേഹമിതാ..
ഞാനിവിടെയിറങ്ങുകയായ്...



Shanthi. C
*IInd Sem. M.A. English*

# Queue of Destiny

A cold wind swept the night; the sound of crickets could be heard from the distant woods. Pitch darkness enveloped the whole region except at the few places where the vehicles are parked. Apart from the voices of the night vendors and workers who are hurrying home late night, nothing could be heard.



Vendors are packing their items and workers are running to catch the last bus that leaves the village. Within a few minutes the whole place was deserted. No murmuring, no clanging of utensils but only the sound of crickets remained.

Suddenly from the darkness emerged a lean figure. He seemed to be in his sixties and wore only a torn dhoti at his waist. Although he wobbled his steps were in haste. Taking the man to be a passenger for the last bus that stopped at the village bus stop, the ticket collector asked him to hurry inside. While the man stepped inside he uttered the word 'queue'. The conductor, half dozing from his tedious shift, asked him which place he needed to go. The man replied "I am waiting in the queue of my last station" and gave the puzzled T.C a ten rupee note. Then the old man kept on chanting the word 'queue' in his feeble voice. The collectortook the money from his hand and paid no attention to his reply.

Suddenly a loud noise is heard from outside, followed by loud cries from the bus. No one knew what happened. Everything was a mess. Utensils, satchels and slippers scattered all around while people ran out of the bus. Red stains formed here and there. Then oil began to leak from beneath the bus and people who were outside shouted to those still inside to get out quickly. When everyone had gushed out through the doors, a few seconds of silent whisperings emerged from the crowd outside but soon they were interrupted by a thunderous blast from inside.

Suddenly the collector remembered something and turned back to face the bus and to his great shock the word 'queue' started ringing in his ears. Amidst the blazing saffron flames, he saw the old man's face. Miserable tears flowed from the corners of his eyes. The old man's ignored words rang in his ears- "I am waiting in the queue of my last station."



Thasleema. A.P
*II$^{nd}$ Sem. B.Com - B*




# ബാല്യം

ഓർമ്മയിൽ എൻ ബാല്യം
ഹൃദയത്തിന് സാന്ത്വനമാകും
വിടചൊല്ലി നീ ദൂരെ അകലുമ്പോൾ
എൻ മിഴികളിൽ കണ്ണീർ പൊഴിഞ്ഞു
നിറമുള്ള എൻ സ്വപ്നങ്ങളാൽ
സഫലീകരിക്കാൻ കഴിയാത്ത മോഹങ്ങൾ
പാറിനടന്നൊരെൻ ബാല്യം.....
നീ പോയ് മറഞ്ഞ വഴികളിൽ
എൻ പാദങ്ങൾ ചലിക്കവെ.......
ആദ്യാനുഭവങ്ങൾ നുണഞ്ഞ
ഒരു കാലത്തിൻ സാക്ഷിയായ്.....
എൻ ബാല്യമേ ഇനിയും നീ
എന്നെ തലോടിയെങ്കിൽ
ഓർമ്മയിൽ എന്നും ആ വസന്തകാലം
കുളിരേകി എൻ കൊച്ചു ബാല്യം
ബാല്യമേ നീ അറിയുന്നുവോ......
പാറി നടക്കും ഒരു ചിത്രശലഭം
തീർത്തും വിടപറയുന്നു
എൻ കൊച്ചുബാല്യം
അത് തുടരുന്നു സൗഹൃദങ്ങൾക്ക്
പുതുജീവനേകി യൗവ്വനമായ്
മനമാകെ മലരായ് വിരിഞ്ഞ്...



**Afeefa Jabeen. E.M**
*II nd BSc. Physics*





# പിറന്നാൾ സമ്മാനം

മനസ്സിന്റെ അകത്തട്ടിൽ ചാലിച്ചെഴുതപ്പെട്ട ഒരു പാട് ഓർമ്മകൾ. സ്നേഹവർണ്ണങ്ങളുടെ കൂട്ടെഴുത്തായ അവയൊന്നും മനസ്സിൽ നിന്ന് ഒരു ശക്തിക്കും തുടച്ചുനീക്കാൻ കഴിയാത്തതാകും സ്വന്തം ജീവിതത്തോട് അലിഞ്ഞുചേർന്നവ.....

സന്തോഷങ്ങൾക്കിടയിൽ മനസ്സിനെ സങ്കടപ്പെടുത്തുന്ന ചുരുക്കം ചില നിമിഷങ്ങൾ... അല്ലെങ്കിൽ എപ്പോഴോ തനിച്ചായപ്പോൾ ആശ്വസിപ്പിക്കാൻ കൂട്ടുനിന്നവ, അങ്ങനെ ഒരുപാട് ഓർമ്മകൾ.............

ഒഴിച്ചു കൂടാനാവാത്ത ഒന്നല്ലല്ലോ നമ്മുടെ ജന്മദിനം. വർണ്ണശബളമാക്കുന്ന ആ ദിവസം എല്ലാവർക്കും സന്തോഷം തന്നെയാകും തന്നിട്ടുണ്ടാവുക. ചുരുക്കം ചിലർക്കൊഴിച്ച്! അവൾക്കോ?

അവളൊരു കൊച്ചു മാലാഖയായിരുന്നു. സ്നേഹിക്കാൻ മാത്രം അറിയുന്നവൾ. കഥകളും കവിതകളും അവൾക്ക് കൂട്ടായിരുന്നു. അതായിരുന്നു അവളുടെ ലോകം. മറ്റുള്ളവരോട് പറയാൻ അവളുടെ മനസ്സിൽ ഒരു പാട് കാര്യങ്ങൾ ഉണ്ടായിരുന്നു. പക്ഷെ, അത് കേൾക്കാൻ വളരെ കുറച്ച് പേരും. അവൾ തന്റെ കഥകൾ കാറ്റിനോടും കടലിനോടും പറഞ്ഞു. പൂന്തോട്ടത്തിലെത്തിയ വിരുന്നുകാരായ ശലഭങ്ങളോടും പറഞ്ഞു.

അവൾക്ക് ഈ ലോകത്ത് സ്വന്തമെന്ന് പറയാൻ അവളുടെ അച്ഛൻ മാത്രമെ ഉണ്ടായിരുന്നുള്ളൂ. ഉന്നതികൾ തേടിയുള്ള ഓട്ടത്തിലാണ് അച്ഛൻ. അയാളുടെ ജീവിതം ബിസ്സിനസ് ടൂറുകൾക്ക് വേണ്ടി ഉഴിഞ്ഞുവെച്ചവയായിരുന്നു. അതിനിടയ്ക്ക് സ്വന്തം ചോരയെ ശ്രദ്ധിക്കാൻ സമയമെവിടെ? തന്റെ മനസ്സിന്റെ സ്നേഹവും ലാളനയും അവൾക്ക് നൽകി ഒരച്ഛന്റെ വേഷമിടാൻ കഴിഞ്ഞില്ല. അച്ഛന്റെ തെറ്റല്ല. അമ്മയില്ലാത്ത തന്റെ കുഞ്ഞിന്റെ ഭാവി ഉറപ്പാക്കാനാണല്ലോ ഈ ഭ്രാന്ത് പിടിച്ചുള്ള ഓട്ടം. എല്ലാം ഇട്ടെറിഞ്ഞ് വിലകൂടിയ സമ്മാനങ്ങളിലൂടെയും കത്തുകളിലൂടെയും തന്റെ സ്നേഹം അവളിലെത്തിക്കുന്നതും അതിനിടയിൽ തന്നെ. അതിലൊന്നും അവൾക്ക് പരിഭവമില്ലായിരുന്നു.തന്റേതായ ആ ലോകത്തെ അവൾ സ്വയം വരിച്ചു കഴിഞ്ഞിരുന്നു.

ആ സന്ധ്യക്ക് വല്ല പ്രത്യേകതയുണ്ടായിരുന്നോ? ആ വൈകുന്നേരം ശാന്തമായിരുന്നോ, എണ്ണത്തിരിയുടെയും ചന്ദനത്തിരിയുടെയും സുഗന്ധം പരത്തി നിലവിളക്ക് തെളിച്ച് രാമനാമം ജപിക്കുന്ന അവളുടെ മനസ്സ് ആഹ്ലാദത്തിരയിൽ നീരാടുകയായിരുന്നു. നാളെ അവളുടെ പിറന്നാളാണ്. ഒരു പാട് വർഷങ്ങൾക്കുശേഷം അച്ഛനെത്തുന്ന പിറന്നാൾ. അച്ഛനുമായുള്ള തന്റെ കൂടിക്കാഴ്ച. എങ്ങനെയായിരിക്കും അത് ? ആ രംഗം മനസ്സിലോർക്കുകയായിരുന്നു അവൾ.

പ്രഭാതം. ആയയുടെ കൂടെ ആരാധനാലയത്തിൽ പോയി മനം നൊന്ത് പ്രാർത്ഥിച്ചു. അച്ഛനുവേണ്ടി കാത്തിരിപ്പായി. തുള്ളിവെള്ളം പോലും കുടിക്കാതെ,

രാവിലെ എത്തുമെന്ന് പറഞ്ഞതായിരുന്നു. എന്നിട്ടെന്താ... വൈകുന്നേരമായി. പൊട്ടിക്കരയണം എന്ന് തോന്നി. മനസ്സിലെ ദുഃഖം അടക്കിപ്പിടിച്ച് അവൾ തന്റെ മുറിയിലേക്ക് ചെന്നു. കരയണം. ഇത്രയും ദിവസം അനുഭവിച്ച ഏകാന്തതയ്ക്ക് ഒരു വിരാമമില്ലല്ലോ. എപ്പോഴോ ഉറക്കം അവളെ കടന്നു പിടിച്ചു. ഉറക്കം ഒരനുഗ്രഹമാണ്. ഒന്നുമറിയാതെ കുറച്ച് നേരമെങ്കിലും മനസ്സ് ശാന്തമാകുമല്ലോ..................

ചീറിപ്പാഞ്ഞ് വീട്ടിലേക്ക് കയറിവന്ന ഒരു വാനിന്റെ ശബ്ദം കേട്ടാണ് അവളുണർന്നത്. അച്ഛൻ, അച്ഛൻ വന്നു. സന്തോഷത്തോടെ ആരോടെന്നില്ലാതെ അവൾ പറഞ്ഞു. മുറിയിൽ നിന്ന് ഓടി പുറത്തേക്ക് വന്ന അവൾ കണ്ടത്, ഉമ്മറത്തേക്ക് ഇറക്കിവയ്ക്കുന്ന അവളുടെ അച്ഛന്റെ വെള്ള പുതച്ച.................

അച്ഛാ ........... എന്റെ.... അച്ഛാ... ആ കണ്ണിൽ നിന്നിറ്റുവീണ കണ്ണുനീർത്തുള്ളിയോടൊപ്പം അവളും വീണു. തറയിൽ വീണ് മുഖം പൊത്തി കരഞ്ഞു. അലറിയലറി കരഞ്ഞു. "സൈലന്റ് അറ്റാക്ക് ആയിരുന്നു" ആരോ പറഞ്ഞു കേട്ടു.

തന്റെ മോളെ ഇട്ടു മൂടാനുള്ള ധനവും സമ്പാദിച്ച് ശേഷിച്ച കാലം അവളുമായൊരു പുതിയൊരു ജീവിതം സ്വപ്നം കണ്ട് പിറന്നാൾ സമ്മാനം മേടിച്ച് ഉറങ്ങാൻ കിടന്ന അച്ഛനറിഞ്ഞില്ല, ദൈവം തന്റെ ജീവിത നാടകത്തിന് തിരശ്ശീലയിടാൻ പോവുകയാണെന്ന്. ഇനി മകളുമായൊരു കൂടിക്കാഴ്ചയില്ലെന്നും മറ്റൊരു ലോകത്തേക്ക് തന്റെ പ്രിയപത്നിയുടെ അടുത്തേക്ക്. ഈ ലോകത്ത് തന്റെ മകളെ തനിച്ചാക്കി യാത്രയാകേണ്ടിവരുമെന്നും അച്ഛനറിഞ്ഞില്ല.

ആ കൊച്ചുമാലാഖക്ക് ദൈവം പിറന്നാളിന് സമ്മാനിച്ചതായിരുന്നു, സ്വന്തം അച്ഛന്റെ ചേതനയറ്റ ശരീരം.........!

ഇന്ന് അവളുടെ ലോകത്ത് വർണ്ണങ്ങളില്ല, ശലഭങ്ങളും സായംസന്ധ്യങ്ങളും കൂട്ടുകൂടാനില്ല, ഏകാന്തത, മൂകത, ഇരുട്ട്..... എല്ലാം ഉണ്ടായിട്ടും ഒന്നുമില്ലാത്ത ലോകം.

ഇന്നവൾ കാത്തിരിക്കുന്നത് മറ്റൊരു സമ്മാനമാണ്. ദൈവത്തിന്റെ "മരണം" എന്ന് പേരിട്ടിരിക്കുന്ന ആ സമ്മാനം.

അച്ഛന്റെയും അമ്മയുടെയും അടുത്തേക്ക് തന്നെ കൊണ്ട് പോകാൻ ആ സമ്മാനം അവളെ തേടിയെത്തുന്നതെന്നായിരിക്കും. ജീവിതത്തിലിന്നോളം അനുഭവിച്ച ഏകാന്തതയ്ക്ക്, മടുപ്പിക്കുന്ന ആ അവസ്ഥക്ക് എന്നാണ് വിരാമം?



**Rajisha. P.K**
*II[nd] Sem. Bcom CA*

# തെരുവ്



ആടിയുലയുന്ന അഗ്നിച്ചിറകുകൾ
തെളിഞ്ഞുനിന്ന ചെന്താമരക്കണ്ണിലും
പുലരിയുടെ പൊയ്കണങ്ങളിൽ നിന്നും
ഉതിർന്ന അനന്തമാം പാതയിലൂടെ ഏകാകിയായ്
ഞാനിന്നലയവേ
തെരുവിന്റെ ഏകാന്തതയിലും വെയിൽ നിരത്തിലും
അറിയാതെ പൊഴിച്ച കണ്ണീർകണങ്ങളിന്ന്....

ഈ തെരുവിന്റെ പാഴ്മരച്ചില്ലകളിൽ
ചിതലരിച്ച ജീവിതത്തിലൂടെ നീങ്ങവേ
അറിയാതെ ഞാനറിഞ്ഞ സ്നേഹസ്പർശങ്ങളും
ഇന്നെനിക്ക് കയ്പായ് മാറിയിരിക്കുന്നു.
അണയാത്ത തെരുവോര വിളക്കിലെ
ചുവന്ന കണ്ണുകാളെണ്ണെൻ
അമ്മതൻ അമ്മിഞ്ഞപാലിന്റെ മാധുര്യം
അറിയാതെപോയ മാനവഹൃദയർ........

തെരുവിന്റെ കണ്ണാടിയിൽ ഞാനിന്നും
പരിഭ്രാന്തയായ് പതറുകയാണ്
നടന്നുനീങ്ങുന്ന ഓരോവഴികളും
ഇന്നെനിക്ക് തരുന്നത്;
അനാഥത്വവും പട്ടിണിയും
ഇഴയുന്ന ജീവിതവുമാണ്.
ഞാനറിഞ്ഞിരുന്നില്ല അന്നെന്റെ സ്വപ്നവും
ഇന്നു ഞാനാഗ്രഹിക്കുന്ന സ്ഥാനമാനങ്ങളും

അമ്മതൻ ഉദരത്തിൽ നിന്നും ജനിച്ചുവീണ
നാൾമുതൽ ഞാനറിഞ്ഞത് സാന്ത്വനം മാത്രമാണ്
എന്നാൽ ജീവിതത്തിലെ പതറിയ നിമിഷങ്ങൾ
ഇന്നെന്നെ ഈ തെരുവിലെത്തിച്ചിരിക്കുന്നു
വിശ്വസാഗരത്തിൽ നിന്നെടുത്ത ചിപ്പിയിൽ
നിന്നും അറിയാതെ പൊലിഞ്ഞുപോയ
വജ്രബാഷ്പമായിരുന്നെന്റെ ജീവിതം
കത്തിയണയാൻ പോകുന്ന ദീപത്തിൻ
തെളിക്കുന്ന എണ്ണത്തിരിയാണ്.

എന്താണീ ജീവിതത്തിൽ നിന്നും നേടിയത്.....?
ജന്മമാഗ്രഹിക്കാത്ത തെരുവ്.
തെരുവിന്റെ കയങ്ങളിൽ സായാഹ്നത്തിൽ
ഞാൻ പൊഴിച്ച ഉപ്പുനീരിനും അതിരില്ല.
എന്റെ മാനസത്തിൽ ഞാൻ പേറിയ
ജീവിതപ്രശ്നങ്ങൾക്ക് വയസ്സില്ല.
അതെല്ലാമീ പുലരിയിൽ തെരുവിന്റെ
തിരക്കിലലിഞ്ഞിരിക്കുന്നു....





**Shameema C.T.**
*II[nd] Sem. B.A. English Pvt.*

# ബാല്യകാലം

വർണ്ണം വിടർത്തുന്ന മാരിവിൽ ശോഭയാൽ
മോഹം വിതച്ചൊരു കാലപ്രവാഹമോ
മറക്കില്ല ഞാനെന്റെ ബാല്യകാലം
മറയായ്, തണലായ് വിരിഞ്ഞകാലം
ഇരുൾ വീണവഴികളിൽ വെളിച്ചം വിരിച്ചുനീ
മുൾക്കിരീടങ്ങളിൽ പൂവിരിയിച്ചു.
ഓർത്തുപോയ് നിൻ വികൃതികളിലൊന്നായ് –
ത്തീർന്നൊരെൻ ബാല്യകിനാവൊലികൾ
ഒരു കുഞ്ഞുപക്ഷിയായ് പാറിപ്പറന്നു ഞാൻ
കാലത്തിൻ കുളിരേറ്റു മയങ്ങിടുന്നു
എന്നാലും നിന്നെ ഞാൻ സ്നേഹിച്ചിടുന്നു
കൊതിയോടെ ഇന്നും ഞാൻ ഓർത്തിടുന്നു.





**MUHSINA NASREEN**
*IInd Sem. Bcom C*

# സ്നേഹം



സ്നേഹത്തിൻ തേരിലേറിപ്പോകവേ
നേടി നിൻ ജീവിതത്തെ
സ്നേഹദീപ്തമാം ജീവിതത്തിൽ
കണ്ടു ഞാൻ നിത്യവും സന്തോഷത്തെ
ഉയരുമീ ജീവിതം വിനയത്തിനാൽ
ഉണരുമീ ജീവിതം ത്യാഗത്തിനാൽ
അകലുമീ ഹർഷം സ്വാർത്ഥതയാൽ
സ്നേഹത്താൽ നിറയുമീ ജീവിതത്തിൽ
ധർമ്മത്താൽ തുളുമ്പുമീയാരാമത്തിൽ
അലയുമെൻ സ്വപ്നവും ശാന്തിയുമെൻ
നേത്രങ്ങളടയുന്ന നാൾ വരേയ്ക്കും
നയനങ്ങൾ നിറയുമീ വേളയിലെൻ
ഹൃദയം മന്ത്രിക്കുന്നതൊന്നു മാത്രം
സ്നേഹത്തിൻ ശാശ്വത സത്യം മാത്രം







**Saranya**
*IV<sup></sup>th Sem. Economics*

# ജീവിതയാത്ര

ജനനമൊട്ടുമേ ഓർമ്മയില്ലൊരുവനും
മരണമോർക്കാൻ കഴിയില്ലൊരിക്കലും,
ഇടയിലൂടൊട്ടുനേരം ചെയ്യുമൊരു യാത്ര ;
ഓർത്തും, മറന്നും തിക്കിതിരക്കി,
നേടിയെടുത്തും വെട്ടിപ്പിടിച്ചും
ആടിതിമിർത്തു കഴിയുമ്പോൾ; ചിലർ
ആടിതുടങ്ങുമ്പോൾ; ക്ഷണ–
നേരത്തിലൊടുങ്ങുന്ന ജീവിതയാത്ര !
നേട്ടങ്ങളെവിടെ...?
സ്വരുക്കൂട്ടിയതെവിടെ.....?
ഒന്നുമില്ലെങ്കിലും
നൂൽപ്പാലമെവിടെ....?
കൺച്ചിമ്മും നേരം മറഞ്ഞുപോം
ജീവിതമെന്ന പട്ടുനൂൽ പാലം
ചിലർക്കതു മരപ്പാലം, മുൾപ്പാലം
എന്തിനേറെ, ഒരു സ്വപ്ന സഞ്ചാരം !
ഓർക്കില്ലൊരുവനും
തെല്ലുനാളപ്പുറം;
നന്മ ചെയ്തീടുകിൽ ഓർത്തിടും
ചിലരൊക്കെ !!!



**Sreelakshmi**
*IVth Sem. B.A. English*

# തിരിച്ചറിവ്

വെറും രണ്ടക്ഷരം
മാത്രമായിരുന്നില്ല നീ
വേനലിൽ വലഞ്ഞവനു കുടിനീർ
വരണ്ട ഭൂമിക്ക് തലോടൽ

നദിയും കായലും നീ നിന്റെ
സ്പർശനത്താൽ സമ്പുഷ്ടമാക്കി
വയലിൽ വിയർപ്പൊഴുക്കിയവന്റെ മനസ്സിൽ
ഒരു പിടി സ്വപ്നങ്ങൾ കോരിയിട്ടു
എന്നാൽ ഇന്ന് ?
നീ സ്വയം അകലുകയോ.......
ഭൂമിയെ തൻ പൈതങ്ങൾ
നോവിക്കുന്നതു കാണാനാവാതെ
മർത്ത്യന്റെ ക്രൂരതകൾ താങ്ങാനാവാതെ

നിന്റെ സ്വപ്നവും പേറി വേനൽ ഭൂമി
ദിനാന്തങ്ങൾക്ക് തൊണ്ട വരളുന്നു
വസന്തം മരുഭൂമിയിൽ മറയുന്നു
വിതുമ്പുന്ന രാവുകൾ
വിയർക്കുന്ന പകലുകൾ

കുളിരൊഴുക്കിയ അരുവിയുടെ സങ്കടം
സ്വപ്നങ്ങളുടെ പുഴകൾക്ക് നിറം മങ്ങി
തിരിച്ചറിവിന്റെ പ്രാർത്ഥന മാത്രം
നല്ല നാളേക്കായ് പെയ്തിറങ്ങുമോ വീണ്ടും



# പ്രതീക്ഷ

പാറ്റിപ്പാറ്റിക്കൊഴിച്ചിട്ടും
പതിരു പെരുകുന്നു.
ഊറ്റിയൂറ്റിക്കളഞ്ഞിട്ടും
ഉറവ പൊന്തുന്നു.





**Prof. Siddique T.S**
English Department






# Gandhiji in the Queue

Gandhiji in the queue beside closed ration shop
In tattered shabby dhoti, the stick in his hand
Looking through the rusty specs anxious
When and how the shop opens with provisions
Showing the bare chest projecting broken bones
Smiling painfully displaying fallen teeth
Sweating and panting, holding the card
In the scorching heat of April sun
He staggers in the infinite wait
For a kilo of rice and wheat

Tall hopes and dreams for India shattered
All aspirations and inspirations vanished
Tolerance and patience extremely challenged
Non-violence and Ahimsa mocked at
Disappointed and dejected stand in the queue
No one around recognize the old man
Nobody to give him room amidst the crowd
None even realizes at least the portrait
Printed on the currency they clutch
None other than the old man in the queue

He gropes in the twilight to find
A bank before dawn to be the first
In the queue to collect a two thousand note
Wanders in the market knocking at everydoor
Returns to roofless shelter with empty stomach
Sleeps the night on the printed versions
Of his own teachings and principles
Haunted by the nightmare of monstrous rulers
Bureaucrats, Politicians and Judiciary
Breathing helplessly dirty polluted air

His blood shed for communal Harmony
Turns into communal riots and political
Murder, his spirit turns into
Marginalization of Dalit and Adhivasis
Atrocities against women and children
Tears roll down his hollow cheeks
Sighs of pain and strain stifle
The fragile lamp of life in him
While Ambanis and Adanis enjoy
The freedom struggle fought and won for India

മാഗസിൻസമിതി



# ആകാശത്തിന് അതിരുകളില്ല.....

Sky is the limit എന്നു പറയാറുണ്ട്. ആകാശത്തിന്റെ പരിധി ലംഘിച്ച ജീവിതങ്ങളും നമുക്കിടയിലുണ്ട്. തന്റെ പരിമിതികളോട് നിരന്തരം കലഹിച്ച് നാടിന്റെ പെരുമ നഭസ്സിനപ്പുറം തങ്കലിപികളാൽ ആലേഖനം ചെയ്ത മഹാപ്രതിഭ.

ഒളിംപ്യൻ **ആകാശ്.എസ്.മാധവൻ**-കേട്ടറിഞ്ഞ കൗതുകങ്ങൾ മനസ്സിലേയ്ക്കോടി വന്നു. മുള്ളുകളെ പൂക്കളാക്കാൻ പോന്ന മനോബലം, യാതനകൾക്ക് ദുർബലപ്പെടുത്താനാവാത്ത ശുഭാപ്തി വിശ്വാസം,പരിമിതികൾ തോറ്റു പിൻമാറുന്ന ഊർജ്ജസ്വലത.....

കോളേജ് ഗസ്റ്റ്റൂമിൽ നിന്നു ആകാശ് സർ മുമ്പിലെത്തിയപ്പോൾ മനസ്സ് സ്വയം ചെറുതായിപ്പോകുന്ന പോലെ....തെളിഞ്ഞ മുഖവും അതിലും തെളിഞ്ഞ മനസ്സുമായി ആ ചെറിയ വലിയ മനുഷ്യൻ സംസാരിച്ചു തുടങ്ങി....



? കുട്ടിക്കാലത്തെ അനുഭവങ്ങൾ എങ്ങനെ ഓർത്തെടുക്കുന്നു ?

കുട്ടിക്കാലത്തെക്കുറിച്ച് ഏവർക്കും മനോഹരമായ ഓർമകൾതന്നെയാണുണ്ടാവുക. എന്റെ സ്ഥിതിയും മറിച്ചല്ല പക്ഷേ, എന്നെ സംബന്ധിച്ചിടത്തോളം ഏറ്റവും ദുഃഖംനിറഞ്ഞകാലഘട്ടം കൂടിയായിരുന്നു അത്.കായികമൽസരങ്ങളിൽ മറ്റുള്ളവർക്കൊപ്പം പങ്കെടുക്കുമ്പോൾ ഉയരക്കുറവ് എനിക്ക് വിനയായി. എങ്കിലും എല്ലാവർഷവും ഞാൻ മുടങ്ങാതെത്തന്നെ മത്സരങ്ങളിൽ പങ്കെടുത്തു വന്നു. അതിന് എന്റെ സുഹൃത്തുക്കളും മറ്റും മികച്ച പിന്തുണയാണ് നൽകിയത്.

? വിധിയുടെയും പരീക്ഷണങ്ങളുടെയും കയത്തിൽ പ്രതീക്ഷകൾ ഉപേക്ഷിച്ച് ഒളിച്ചോടാനുള്ള ജീവിതം എന്ന് തെളിയിക്കുന്നു സാറിന്റെ ജീവിതം. കായിക

ലോകത്തേക്കുള്ള സാറിന്റെ വരവിന് ഏറ്റവും കൂടുതൽ പിന്തുണ നൽകിയത് ?

കേവലം ഒരു വ്യക്തിക്ക് മാത്രം ഇതിന്റെ ക്രെഡിറ്റ് നൽകാനാവില്ല.സ്വന്തം വീട്ടുകാരും നാട്ടുകാരും സുഹൃത്തുക്കളും അടങ്ങുന്ന ഒരു വലിയൊരു ഗ്രൂപ്പിന്റെ വർഷങ്ങൾ നീണ്ടു നിന്ന പ്രയത്നത്തിന്റെ ഫലമായാണ് എനിക്ക് ഈ നേട്ടങ്ങൾ കൈപ്പിടിയിലൊതുക്കാനായത്.അമ്മയുടെ പിന്തുണ ഒരിക്കലും മറക്കാൻ കഴിയില്ല. എന്റെ കുറിയ ശരീരം കണ്ട് പകച്ചുനിൽക്കാതെ എന്നെ യാഥാർത്ഥ്യങ്ങളെക്കുറിച്ച് ബോധവാനാക്കാൻ അവർ ശ്രമിച്ചു. സുഹൃത്തുക്കളെയും ഏറെ നന്ദിയോടെയാണ് ഞാൻ ഓർക്കാറുള്ളത്. പ്രത്യേകിച്ച് സ്കൂൾ കാലത്ത് നടന്ന ഒരു സ്പോർട്സ് ഞാൻ എന്നും ഓർത്തെടുക്കാറുണ്ട്. അന്ന് ഞങ്ങളുടെ ഹൗസിന്റെ ക്യാപ്റ്റൻ എന്റെ അടുത്ത് വന്ന് എന്നോട് പറഞ്ഞു:'ആകാശ് മത്സരത്തിൽ പങ്കെടുക്കണം.സമ്മാനം കരസ്ഥമാക്കണം'. എന്നെക്കാൾ ഉയരമുള്ളവരോട് ഞാൻ മത്സരിക്കുന്നത് എന്നറിയാമെങ്കിലും അവർ എന്നിൽ നിന്ന് ഒരുപാട് പ്രതീക്ഷിച്ചിരുന്നു എന്ന് അന്നാണ് ഞാൻ തിരിച്ചറിയുന്നത്.

? എപ്പോഴും ശുഭപ്രതീക്ഷ നിറഞ്ഞ ഒരു മാനസികാവസ്ഥ എങ്ങനെയാണ് രൂപപ്പെട്ടു വന്നത്?

(ചിരിയ്ക്കുന്നു).അങ്ങനെ പറയാനാകില്ല. മനുഷ്യ ജീവിതത്തിൽ സുഖവും ദുഖവും മാറിവരും. ദുഖങ്ങളില്ലെങ്കിൽ ജീവിതത്തിന് ലക്ഷ്യമുണ്ടാവുകയില്ല. ഏത് പ്രതിസന്ധിഘട്ടത്തെയും തന്മയത്വത്തോടെ നേരിടാൻ നമുക്കാവണം.എന്റെ ഉയരക്കുറവിനെക്കുറിച്ച് സ്വയം പഴിച്ച് കായിക മത്സരങ്ങളിലൊന്നും പങ്കെടുക്കാതെ വഴി മാറി നടന്നിരുന്നുവെങ്കിൽ എന്നിലെ കായിക പ്രതിഭ രൂപപ്പെട്ടു വരുമായിരുന്നില്ല.

? പിന്നീട് ഡ്വാർഫ് ഗെയിംസിലേക്കുള്ള വരവ് എങ്ങനെയാണ്?

അഞ്ചുവർഷമായി ഇന്ത്യ ഡ്വാർഫ് ഗെയിംസിൽ പങ്കെടുക്കുന്നു. 2013ലാണ് ഞാനടക്കം മൂന്ന് മലയാളികൾ പങ്കെടുത്തത്.

ജോബിയും ബൈജുവുമാണ് മറ്റ് രണ്ടു പേർ. എന്റെ ഉയരക്കുറവ് എനിക്ക് സമ്മാനിച്ചിരുന്നത് സങ്കടങ്ങളുടെ മെഡൽപ്പട്ടിക മാത്രമാണ്. അങ്ങനെയിരിക്കെ ഒരിക്കൽ ഉയരം കുറവായിട്ടും കായിക രംഗത്തു നിറഞ്ഞു നിൽക്കുന്ന പാലാ സ്വദേശി ജോബിയുടെ അഭിമുഖം പത്രത്തിൽ വായിച്ചത്. അത് എന്റെ ജീവിതത്തിലെ വഴിത്തിരിവായി. ഉയരം കുറഞ്ഞവർക്കും കായിക രംഗത്ത് തിളങ്ങാനാവുമെന്ന അറിവ് എന്റെ സ്വപ്നങ്ങൾക്ക് കരുത്ത് പകരുന്നു. അതോടൊപ്പം മറ്റൊരു താരമായ ബൈജുവിന്റെ ഇന്റർവ്യൂ കൂടി കണ്ടതോടെ മനസ്സിൽ സന്തോഷം തിരതല്ലി. അവരുമായി ബന്ധപ്പെട്ടു. അത് എന്റെ ജീവിതത്തെ തന്നെ മാറ്റി മറിച്ചു.

? നിലവിൽ ഏതെല്ലാം മത്സരയിനങ്ങളിലാണ് പങ്കെടുക്കുന്നത്?

നിലവിൽ ഷോട്ട് പുട്ടിലും ഡിസ്ക്കസ് ത്രോയിലുമാണ് പങ്കെടുക്കുന്നത്.2013ൽ അമേരിക്കയിലെ മിഷിഗൺ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ വച്ച് നടന്ന ഡ്വാർഫ് ഒളിംപിക്സിൽ ഷോട്ട് പുട്ടിൽ വെള്ളിയും,ഡിസ്ക്കസ് ത്രോയിൽ വെങ്കലവും നേടി.

? കായികരംഗവുമായി ബന്ധപ്പെട്ട മറക്കാനാവാത്ത ഒരു അനുഭവം ?

സ്കൂൾ കാലത്ത് എന്റെ സുഹൃത്തുക്കളിൽ പലരും മികച്ച കായിക താരങ്ങളായിരുന്നു. അവർ പല മത്സരങ്ങളിലും പങ്കെടുക്കുമ്പോൾ ധരിച്ചിരുന്ന ഒരു ജഴ്സിയുണ്ടായിരുന്നു. സ്കൂളിന്റെ പേര് എഴുതിയ ഒരു ജെഴ്സി. ഇത് കാണുമ്പോൾ ജീവിതത്തിൽ ഒരിയ്ക്കലും ഇങ്ങനെയൊരു ജഴ്സി ധരിക്കാൻ ഭാഗ്യമുണ്ടായില്ലല്ലോ എന്നോർത്ത് എനിയ്ക്ക് അതിയായ ദുഃഖമുണ്ടായിരുന്നു. കാലം മാറി. ഈശ്വരന്റെ മഹത്തായ അനുഗ്രഹം, 2013 ൽ ഡ്വാർഫ് ഒളിംപിക്സിൽ പങ്കെടുക്കാനായി ഞാൻ അമേരിയ്ക്കയിലെത്തി. അവിടെ വച്ച് എന്റെ കോച്ച് എനിയ്ക്കൊരു ജഴ്സി സമ്മാനിച്ചു. ഞാൻ എവിടെയാണോ സ്കൂളിന്റെ പേരെഴുതിക്കാണണമെന്ന് ആഗ്രഹിച്ചത്, അവിടെ എന്റെ രാജ്യത്തിന്റെ നാമം ആലേഖനം ചെയ്ത ആ ജഴ്സി അണിഞ്ഞപ്പോൾ എനിയ്ക്ക് ലഭിച്ച സന്തോഷം, അത് പറഞ്ഞറിയിയ്ക്കാൻ വയ്യ.

? 2016 ബ്രസീലിൽ നടന്ന ഒളിംപിക്സിൽ കോടികൾ മുടക്കി ഇന്ത്യ അയച്ച സംഘം പ്രതീക്ഷിച്ച നേട്ടങ്ങളൊന്നും കൈവരിയ്ക്കാതെ തിരികെയെത്തി. തുടർന്ന നടന്ന പാരാലംപിക്സിൽ അപ്രതീക്ഷിതമായ നേട്ടങ്ങൾ ഇന്ത്യൻ താരങ്ങൾ കരസ്ഥമാക്കി. ഈ മാറ്റത്തെ എങ്ങനെ കാണുന്നു.?

തീർച്ചയായും ഇത് ചർച്ച ചെയ്യപ്പെടേണ്ട വിഷയം തന്നെയാണ്.





വലിയൊരു മാനവ വിഭവശേഷിയുണ്ടായിട്ടും അതിനെ ക്രിയാത്മകമായി വിനിയോഗിക്കാൻ നമ്മുടെ രാജ്യത്തിനായിട്ടില്ല. ഒളിംപിക്സിനായി കോടികൾ ചിലവഴിക്കുന്നു. താരങ്ങളേക്കാൾ കൂടുതൽ ഒഫീഷ്യലുകൾ കൂടെ പോകുന്നു. എന്നിട്ടും പ്രതീക്ഷക്കൊത്ത വിജയം കരസ്ഥമാക്കാത്തതിൽ തെല്ലൊന്നുമല്ല ആശങ്കയുള്ളത്. പാരാലംപിക്സിൽ ഇതൊന്നുമില്ലാഞ്ഞിട്ടു കൂടി മാരിയപ്പൻ തങ്കവേലുവിനെയും ദീപ മാലികിനെപ്പോലുള്ളവർ വളരെ മികച്ച പ്രകടനം കാഴ്ച്ച വയ്ക്കുന്നു. യോജിച്ച പ്രവർത്തനം രൂപപ്പെടുത്തിയെടുക്കുക വഴി ഈ പ്രവണതക്ക് ഒരു പരിധിവരെ തടയിടാനാകുമെന്ന് തന്നെയാണ് എന്റെ വിശ്വാസം.

? ശാരീരിക വൈകല്യമുള്ള താരങ്ങളോട് സമൂഹത്തിന്റെയും മീഡിയയുടെയും മനോഭാവം ഇതിലൂടെ വ്യക്തമാകുന്നു എന്ന് പറയാനാകുമോ.?

ഒരു പരിധിവരെ ശരിയാണ്. യഥാർത്ഥത്തിൽ മീഡിയയുടെ ശക്തിയാണ് ഇവിടെ വെളിപ്പെട്ടത്. സാധാരണ ഒളിംപിക്സുകൾക്ക് നൽകുന്ന മീഡിയ കവറേജ് പാരാലംപിക്സിനോ ഡ്വാർഫ് ഗെയിംസിനോ മാധ്യമങ്ങൾ നൽകാത്തതിന് പിന്നിൽ പല കാരണങ്ങളുമുണ്ട്. അതിലൊന്ന് പരസ്യമാണ്. ഞങ്ങൾക്ക് പരസ്യങ്ങളിൽ അഭിനയിയ്ക്കുന്നതിനും മറ്റ് പൊതുപരിപാടികളിലും ഇടപെടുന്നതിനും പരിമിതികളുണ്ടെന്ന് അവർ മനസ്സിലാക്കുന്നു. സ്വാഭാവികമായും മീഡിയ കവറേജ് കുറയുന്നു.

? കേരളത്തിന്റെയും ഇന്ത്യയുടെയും യശസ്സ് വാനോളമുയർത്തിയ അങ്ങേയ്ക്ക് സമൂഹം അർഹിക്കുന്ന പരിഗണന നൽകി എന്നു പറയാമോ.?

ഒളിംപിക്സ് വില്ലേജിൽ നടന്ന ഒരനുഭവം പറയാം. അവിടെ നടന്ന ഫുട്ബോൾ മത്സരത്തിനിടെ ഇംഗ്ലണ്ടിന്റെ ഒരു താരം ഗ്രൗണ്ടിൽ വീഴുന്നു. പിന്നീട് നടന്ന കാഴ്ച്ച ഞങ്ങളെ അമ്പരപ്പിച്ചു. കോച്ചും ഫിസിയോതെറാപ്പിസ്റ്റും ഒഫിഷ്യൽസുമടങ്ങുന്ന ഒരു വലിയ സംഘം കളിക്കാരനു സമീപം ഓടിയെത്തി പരിചരിക്കുന്നത് കണ്ടപ്പോൾ ഞങ്ങളുടെ കോച്ച് ഞങ്ങളോട് ചോദിച്ചു. നിങ്ങളാരെങ്കിലുമാണ് ആ ഗ്രൗണ്ടിൽ വീണുകിടക്കുന്നതെങ്കിൽ ആരായിരിക്കും ഓടി വരിക ? ശരിയാണ്. മൂന്ന് മലയാളികളടക്കം 28 പേരാണ് ഒളിംപിക്സിൽ പങ്കെടുത്തത്. ഇവർക്കൊപ്പം എല്ലാം പോസ്റ്റുകളും (കോച്ച് കം മാനേജർ കം ഒഫീഷ്യൽ) വഹിച്ച് ഒരാൾ മാത്രം. കായിക താരങ്ങളോടുള്ള നമ്മുടെ സമീപനമാണ് ഇത്.

ഈ വിഷയത്തിൽ കാര്യമായൊന്നും ചെയ്യാനില്ലെന്നാണ് അറിഞ്ഞത്. കേരളത്തിൽ കായിക മേഖലയ്ക്ക് മാറ്റം വരണമെങ്കിൽ എല്ലാ കായിക താരങ്ങളേയും ഒരുപോലെ കാണണം. ഇതോടൊപ്പം ഞാൻ സന്തോഷകരമായ ഒരു കാര്യംകൂടി സൂചിപ്പിക്കട്ടെ. നാട്ടിൽ തിരിച്ചെത്തിയതിനുശേഷം അന്നത്തെ മന്ത്രിയായിരുന്ന

മഞ്ഞളാംകുഴി അലി സാർ വീട്ടിൽ വന്നിരുന്നു. അദ്ദേഹം വേണ്ട പിന്തുണ നൽകി. എന്റെ വീടിന്റെ മുമ്പിലുള്ള റോഡ് ശരിയാക്കി അതിന് 'ആകാശ് പാത്ത് വേ' എന്നു പേരിട്ടു. ഇത് എനിക്ക് ലഭിച്ച ഒരു അംഗീകാരമായി ഞാൻ കാണുന്നു.

? ഇന്ത്യയിൽ തിരിച്ചെത്തിയ ശേഷം ?

അതാണ് ഏറ്റവും അത്ഭുതകരം. ആദ്യം എത്തിയത് ഡെൽഹിയിലാണ്. ചരിത്ര നേട്ടവുമായി നാട്ടിലെത്തിയ ഞങ്ങളെ സ്വീകരിക്കാൻ ആരും എത്തിയില്ല. ഇത് ഞങ്ങളെ ഏറെ നിരാശരാക്കി. എയർപോർട്ടിൽ വെച്ച് CRPF ജവാന്മാർ പക്ഷേ ഞങ്ങളെ മുക്തകണ്ഠം പ്രശംസിച്ചു. കേരളത്തിലും സ്ഥിതി മറിച്ചല്ല. ഗെയിംസ് നടക്കുന്ന സമയത്ത് കേരള താരങ്ങളുടെ മത്സര ഇനങ്ങളെപ്പറ്റിയും മെഡൽ നേട്ടത്തെപ്പറ്റിയും എല്ലാ എം.എൽ.എ മാരുടെയും ഔദ്യോഗിക വെബ്സൈറ്റിലേയ്ക്ക് സുഹൃത്ത് ജോബി മാത്യുവിന്റെ ഭാര്യ മേഘ വിവരങ്ങൾ നൽകിയിരുന്നു. എന്നിട്ടും കൊച്ചിയിലെത്തിയ ഞങ്ങളെ സ്വീകരിക്കാൻ ആകെ എത്തിയത് ആലുവ എം.എൽ.എ അൻവർ സാദത്ത് സർ മാത്രമാണ്.

? ഒളിംപിക്സിൽ പങ്കെടുത്തതിന്റെ ചിലവുകൾ. ?

ഒരുലക്ഷം രൂപയോളം ചിലവു വന്നു. കൂട്ടുകാരൻ ബൈജുവിന്റെ കാര്യം വളരെ വിഷമത്തിലാണ്. ഒളിംപിക്സിൽ പങ്കെടുക്കാൻ സ്വന്തം വീടിന്റെ ആധാരം പണയം വച്ചു. ഇപ്പോൾ ചെറിയ ഓലപ്പുരയിലാണ് താമസം. പക്ഷേ, എല്ലാം സ്വന്തം രാജ്യത്തിനു വേണ്ടിയാണല്ലോ എന്നോർക്കുമ്പോഴും, എന്റെ പൊക്കമില്ലായ്മയെ മറികടക്കാനായല്ലോ എന്നുമുള്ള ചിന്തകൾ സന്തോഷം പകരുന്നു.

? സാറിന്റെ ജോലിയെപ്പറ്റി ?

കായികരംഗം പോലെ തന്നെ ഉയരക്കുറവ് കർമ്മമേഖലയിലും ഒരു തിരിച്ചടിയാണ്. എഞ്ചിനീയറിംഗ് ബിരുദദാരിയായിട്ടും ജോലിയൊന്നുമായിട്ടില്ല. ഒരു ജോലി വേണമെന്നത് ഇപ്പോഴത്തെ ഒരാഗ്രഹമാണ്. എന്നാൽ കായികരംഗത്തോട് വിട പറയാൻ ഒരുക്കമല്ല. കായിക താരമെന്ന നിലയിൽ ജോലി ലഭിച്ചാൽ രണ്ടും ഒന്നിച്ചുകൊണ്ടുപോകാൻ കഴിയും. എന്നാൽ ഉയരം കുറഞ്ഞവരെ കായിക താരമായി അംഗീകരിക്കാത്തതിനാൽ സർക്കാറിനും സ്പോർസ് കൗൺസിലിനും സഹായിക്കാനാവില്ല.

? ഈ വർഷത്തെ ഡ്വാർഫ് ഗെയിംസ് കാനഡയിൽ നടക്കുന്നു. എത്രത്തോളം പ്രതീക്ഷയുണ്ട് ?

പ്രതീക്ഷ നൂറു ശതമാനമുണ്ട് (ചിരിയ്ക്കുന്നു) രാജ്യത്തിന് വേണ്ടി ഒരു സ്വർണ്ണ മെഡലെങ്കിലും നേടുകയാണെന്നതാണ് ഇപ്പോഴത്തെ ആഗ്രഹം. അതിനായി പരിശീലനം തുടങ്ങിക്കഴിഞ്ഞു. നിങ്ങളുടെ പ്രാർത്ഥനയും പിന്തുണയും പ്രതീക്ഷിക്കുന്നു.

? തീർച്ചയായും. അവസാനമായി ഞങ്ങൾ വിദ്യാർത്ഥികളോടുള്ള സന്ദേശം.?

ഇതൊരിക്കലും ഒരു സന്ദേശമോ ഉപദേശമോ ആയി കാണരുത്. എന്റെ ജീവിതാനുഭവങ്ങളിൽ നിന്ന് പഠിച്ചെടുത്ത പാഠങ്ങളാണ് നിങ്ങളോട് ഞാൻ പറയുന്നത്. നിങ്ങളുടെ മനസ്സിലെ സ്വപ്നങ്ങൾ വളർത്തിയെടുക്കുക. എപ്പോഴും കർമോത്സുകാരായിരിയ്ക്കുക. ഈശ്വരനോട് എപ്പോഴും നന്മ മാത്രം തേടുക . നിങ്ങളുടെ ജീവിതത്തിലും വിജയം സുനിശ്ചിതമായിരിയ്ക്കും.

കൈ കൊടുത്ത് പിരിയുമ്പോഴേയ്ക്കും മനസ്സിൽ ആത്മവിശ്വാസത്തിന്റെ ഒരു വിത്ത് മുളപൊട്ടിയിരുന്നു. ഉറച്ച തീരുമാനങ്ങൾക്കു മുമ്പിൽ പ്രാപഞ്ചിക സത്യങ്ങൾ പോലും വഴിമാറിക്കൊടുക്കുമെന്ന് പറഞ്ഞത് വിശ്വ വിഖ്യാത ദാർശനികൻ പൗലോ കൊയ്‌ലോ, പരിമിതികളോട് പുറം തിരിഞ്ഞുനിന്ന് വിധിയോട് വൈപരീത്യം തീർത്ത മഹാപ്രതിഭയെ ഓർത്ത് ഞങ്ങൾക്ക് അഭിമാനം തോന്നി. അവിടെനിന്നും ജീവിതത്തിന്റെ ഇടുങ്ങിയ വഴികളിലേയ്ക്ക് ഞങ്ങൾ വീണ്ടും തിരിഞ്ഞു നടന്നു.

അഭിമുഖം തയ്യാറാക്കിയത് : അസ്ഹറുദ്ധീൻ. പി




**Shamna Sheri.C.T**
*II[nd] Sem.Bcom - B*






# കാരുണ്യം

കുഞ്ഞുനാളിൽ കുറെ ചിന്തിച്ചിരുന്നു
ദൈവത്തിന്റെ ശരിക്കും പേര്
ദൈവമെന്നു തന്നെയാണോ ?

പതറിയും ഇടറിയും
വഴിതാണ്ടിയപ്പോൾ
കലങ്ങിയ ഹൃദയം

മുറിവേൽപ്പിച്ചും മുറിപ്പെടുത്തിയും
ബന്ധങ്ങൾ പോയ്ക്കഴിഞ്ഞ ജീവിതം
മരണമെന്ന നിത്യതയെ സ്നേഹിക്കാൻ തുടങ്ങിയപ്പോൾ
ദൈവത്തിന്റെ പേര് കിട്ടി
കാരുണ്യം
അവിടുന്ന് കരുണകാട്ടിയത് കൊണ്ട്
ഞാൻ ജീവിക്കുന്നു ഇന്ന്

# കണ്ണികൾ?



**Fathima Shahla**
*II nd Sem BSc Physics*




ജനാലയ്ക്കടുത്താണ്. പുറത്തിറങ്ങേണ്ട. അകത്തിരുന്നാൽ അറിയാം പുറത്തെ ക്ലേശം. സൂര്യന്റെ കോപം എന്നോടാണോ? ഗോവിന്ദന് ഉറച്ചു ചിന്തിക്കാൻ ആവുന്നില്ല. ജീവിതത്തിൽ ആഗ്രഹിച്ചുവെച്ച മാണിക്യങ്ങളുടെ ഇടയിൽ മുൻനിരയിൽ തിളങ്ങുന്ന രത്നം.

" ലക്ഷ്മി"

ഇന്നലെയും കണ്ടു. ഒന്നും പറഞ്ഞില്ല. സമ്മതമാണെന്നറിയാം. ആ കണ്ണുകളിൽ കണ്ടത് പെയ്തിറങ്ങാൻ ആഗ്രഹിക്കുന്ന ഒരു കൂട്ടം കാർമേഘങ്ങളെ മാത്രം. കുറച്ചുനേരം നോക്കിയിരുന്നു. അവൾക്ക് പഴയ കുസൃതിയില്ല. അവൾ എല്ലാം ഓർമ്മയിലൊതുക്കിയിരിക്കുന്നു. വയലിൽ പണിക്കുവന്ന പെണ്ണുങ്ങളെ കണ്ടതും അവൾ വഴി നടന്നു തുടങ്ങിയിരുന്നു. തിരിഞ്ഞുനോക്കി ഒരു നിമിഷം. തല

തിരച്ചുവച്ച അവളുടെ കണ്ണുകളെ എതിരേൽക്കാൻ കഴിയാതായിരിക്കുന്നു. എന്താ ഗോവിന്ദാ ഈ വഴി? ജോലിയെന്തായി? മാമച്ചന്റെ പരിഹാസം കേട്ട് നിർവ്വികാരനായി ചോദ്യം കേട്ട ദിശയിലേക്ക് ഉത്തരം പറഞ്ഞു: 'പാലക്കാട്ട് ശരിയായി. മറ്റന്നാൾ പോവണം'. ഒന്നും വ്യക്തമായിരുന്നില്ല. ചെറുക്കൻമാർ കൂടി നിൽക്കുന്ന പറമ്പിലേക്ക് പോവാൻ ഗോവിന്ദന് തോന്നിയില്ല. നന്ദനും സണ്ണിക്കും എല്ലാം അറിയാം. അവരവിടെ കാണും. ലക്ഷ്മിയെ കൂടാതെയുള്ള ഗോവിന്ദന്റെ ജീവിതം അവർക്കുപോലും അസഹ്യമാണ്. നേരെ വീട്ടിൽ വന്ന് കിടന്നു. പത്ത് മണി കഴിഞ്ഞിരുന്നു. പുറത്തെ ചൂട് ഉള്ളിലേക്ക് ഇരച്ചു കയറുകയാണ്.

'മണി പത്ത് കഴിഞ്ഞേയുള്ളൂ'

അമ്മ പുറത്തേക്കു ഇറങ്ങുകയാണ്. ഞാൻ പല്ലുതേച്ച് പുറത്തേക്കിറങ്ങി.

'എന്തെങ്കിലും കഴിച്ചിട്ട് ഇരിക്കെടാ..!

'ഉം'

'നാളെ രാവിലെ പോവേണ്ടതല്ലേ?! തുണി ഇസ്തിരിയിട്ടു വെച്ചിട്ടുണ്ട്.

'എന്നെ പറഞ്ഞയക്കാൻ ധൃതിയായല്ലേ?

'പോടാ........!"

ഗോപി ചിരി വരുത്തി ഉള്ളിലേക്കു പോയി.

ഉച്ചതിരിഞ്ഞ് നന്ദനും സണ്ണിയും തിടുക്കത്തിൽ വന്നു. കണ്ണുകളിൽ സംശയം മാത്രം.

'എടാ അവൾ എന്തു പറഞ്ഞു'?

" നാളെ ഞങ്ങൾ ഒരുമിച്ച് പോവും പാലക്കാട്ടേക്ക്."

" ങേ.."

രണ്ടു ശബ്ദങ്ങൾ ഒരൊറ്റ ഈണത്തിൽ ഞാൻ അന്ന് കേട്ടു. അവർക്കെന്നും വിപരീത അഭിപ്രായങ്ങൾ ആയിരുന്നു. ഞങ്ങൾ തീരുമാനിച്ചുകഴിഞ്ഞു. അവളില്ലാതെ എനിക്ക് പറ്റില്ലടാ....

അപ്പോൾ നിങ്ങളുടെ വീട്ടുകാർക്കോ...?

സംശയം ശരിയാണ്.

അവർക്കൊക്കെ എല്ലാം അറിയാവുന്നതല്ലേ....?

വീട്ടുകാരുടെ പ്രശ്നങ്ങൾക്കിടയിൽ ഞങ്ങളുടെ പ്രണയം, ദഹിപ്പിക്കാനിനിയും ആവില്ല. മതിയായി.. എല്ലാം തീരുമാനിച്ചു കഴിഞ്ഞിരിക്കുന്നു.

പറഞ്ഞു കഴിഞ്ഞ് ഗോവിന്ദൻ സണ്ണിയുടെ ഞെട്ടലിന്റെ ദിശയിലേക്ക് കണ്ണോടിച്ചപ്പോഴാണ്. രേഖ എല്ലാം കേട്ടു നിൽക്കുകയായിരുന്നു.

" ഏട്ടനെ ഞാൻ കുറ്റം പറയില്ല"

അവൾ തിരിഞ്ഞു നടന്നു. നാല് കൊല്ലത്തെ എന്റെയും ലക്ഷ്മിയുടെയും പ്രണയത്തിന്റെ കണ്ണികൾ ചേർത്തു വെച്ചത് അവളുടെ കരങ്ങളാണ്. കുടുംബങ്ങളുടെ വേരുകൾ തമ്മിലുള്ള ഭിന്നത കുപ്പിവള കൈകൾ നെഞ്ചോട് ചേർത്തപ്പോൾ അവർക്ക് ഒരു നേർത്ത പാടയായിരുന്നു. എന്നാൽ ഇന്നത് ഒരു വൻമതിലാണ്. രണ്ട് ഹൃദയങ്ങളുടെ താഴ്‌വേര് ഇളക്കാൻ ആവതുള്ള ആഴത്തിലേക്ക് ആ മതിൽപണി പുരോഗമിക്കുകയാണ്. ഇനി വയ്യ. ഒരു താലിച്ചരടിൽ അവളെ തന്റെ തടിയോട് ചേർക്കണം. ഇനിയൊരു തണലിൽ വളരണം. ഒരു പിരിയൽ സാധ്യമല്ല. ട്രെയിൻ ടിക്കറ്റ് രണ്ടെണ്ണം എടുക്കുമ്പോൾ ജീവിതം സുന്ദരമാവുന്നു എന്ന ചിന്ത മനസ്സ് നിറച്ചിരുന്നു. സ്റ്റേഷൻ ജനനിബിഢമാണ്. ലക്ഷ്മിയുടെ മുഖം മിന്നിമാഞ്ഞപോലെ തോന്നി ഗോവിന്ദന്. തല ഉയർത്തി ഒന്നു ചാടി നോക്കി. അത് ലക്ഷ്മി തന്നെ. കൈവീശി കാണിച്ചു. അവൾ നിറഞ്ഞ കണ്ണുകളോടെ അടുത്തേക്ക് വന്നു. അവളുടെ കൈ മുറുകെപിടിച്ചു. ഇനി ഈ കൈവിടില്ല. എന്റെ ജീവിതത്തിന്റെ പ്രകാശം എനിക്ക് കാണിച്ചുതന്ന ജനാലയാണ് അവൾ. ബോഗിയുടെ വാതി ൽ കയറുമ്പോൾ അവൾ ഒന്നു നാണിച്ചു. എന്റെ ജീവിതത്തിലേക്ക് ആണ് ഞാനവളെ സ്വാഗതം ചെയ്തിരിക്കുന്നത്. ഇത് ഒരു സുന്ദരമായ തുടക്കമാണ്. സീറ്റ് കണ്ടെത്തി, ജനാലയ്ക്കടുത്തവൾ ഇരുന്നു. ഗോവിന്ദൻ ലക്ഷ്മിയോട് ചേർന്നിരുന്നു. ഒരു സ്വർഗ്ഗീയ മാളിക ഞൊടിയിടക്ക് കെട്ടിപ്പണിത മനോഗതി. സന്തോഷം. അവളുടെ മനോഹരമായ് കൈ ഗോവിന്ദന്റെ രണ്ടുകൈകൾക്കിടയിൽ നിന്നും നാണം കുണുങ്ങി. അവൾ ഒരു താലിച്ചരടിന്റെ അധികാരത്തോടെ നാളെ തന്റെ ജീവിതസഖിയാവും. തന്റെ ഭാര്യയാകും. 'ലക്ഷ്മി ഗോവിന്ദൻ'. ഒരു സ്വപ്നം യാഥാർത്ഥ്യമായ ചാരിതാർത്ഥ്യം. ഹൃദ്യമായ കുളിരലയുടെ മധുര സ്പർശം. ചേർന്നിരിക്കുന്ന കമിതാക്കൾ തിരക്കുകളുടെ മൗനം കടമെടുത്തു. ഇപ്പോൾ അലോസരപ്പെടുത്തുന്ന തീവണ്ടിയുടെ ഗഢ...ഗഢ. ശബ്ദം പോലും അവർക്കിപ്പോൾ മധുര സംഗീതമാണ്.



**Asharudheen. P**
*II[nd] Sem. B.A. History*

# മഴ തോർച്ചയ്ക്കു വേണ്ടി



രാത്രി നനയുന്നു.

നനുത്ത കാലൊച്ചകൾ......

ഒരു പൂമരം മഴകായ്ച്ചു നിൽക്കുന്നു.

ഇരുട്ടിൽ മേഘമന്ത്രണം.

പ്രണയ വിരഹങ്ങൾ

മിഴിച്ചെപ്പു തുറക്കുന്നു

കരയാത്ത മുകിലിനു ചാരെയായി

ആരെയോ കാത്തിരിപ്പുണ്ടൊരു താരകം

മഴ തോരണമാദ്യം

പിന്നെ,

ദീപമാല കൊരുക്കണം

അമ്പിളിക്കിണ്ണം കഴുകി തുടയ്ക്കണം

ഓർമ്മകൾക്കൊപ്പമിത്തിരി നേരമിരിയ്ക്കണം

ആകാശജാലകം തുറക്കണം.

ആദിയുഷസ്സു തെളിയ്ക്കണം.



**RASNI TAJ**
*II[nd] Sem. Bsc Physics*

# The Eternal Wisdom

The warmth of that evening rythm
Adored me……… once again
That cool breeze kissed me and
Revealed its untold secrets
It was all about You…..
About Your infinite wisdom!

The boundless blue river,,
The blossom of blue canopies
The countless winking stars
All of them praise You….
Upon Your mercy!

Ever since I adopted the pace
Of Your faithful message,
You showered Your miracle
The path of devotion filled
Conviction in my deep heart,
Peace in my soul….

My Lord….You are always
Solace to my fears and tears
I am relieving all my pain
And also pleasure, in You
I beseech You for Your blessings
Nothing lasts forever
Except Your infinite sanctity,
Your eternal wisdom

# പനിനീർ പൂവുപോലാം ധരണീ.....



**Irfana Safvana Nasrin. K**

*II<sup></sup>nd Bcom B*

പുലരി തൻ നാദമൊന്നോർത്തു കൊണ്ട്
പനിനീർ പൂവൊന്നെത്തി നോക്കി
മാഞ്ഞിന്നു പോയൊരാ ക്ഷിതി തൻ സൗന്ദര്യം
ഓർത്തിന്നു തേങ്ങുന്നതെന്തിനവൾ.....?
കേൾക്കാതെ പോയൊരാ കിളിയുടെ നാദവും,
നിലച്ചുപോകുന്ന നീരുറവകളും,
കോൺക്രീറ്റ് സൗധങ്ങൾക്കിടയിൽ നിന്നും
ഞെരുങ്ങുന്ന വയലിന്റെ നേർത്ത രോദനവും,
പുലർകാല വേളയിൽ കാണാതെ പോയൊരാ
കുന്നിൻ ചെരിവും മാമലകളും,
ഒരു തീരാദു:ഖവുമായ്
നിർജ്ജീവമായി പോയൊരെൻ ധരണിതൻ
സൗന്ദര്യദീപം കാണാൻ
പനിനീർ പൂവും പൊഴിഞ്ഞുപോയപോൽ
അകലേക്കു ധരണീ നീ മാഞ്ഞിടുമോ?
നാളെ തൻ വാഗ്ദാനമാം ഞങ്ങളിന്നാശങ്കയാൽ പുലമ്പിടുന്നു......
മഞ്ഞുതുള്ളിയിലും മഴവില്ലു വിരിയിയ്ക്കാൻ
കറുത്ത പൂക്കളിലും വർണ്ണങ്ങൾ ചാർത്താൻ
ഇരുളാർന്ന വഴിയിലും വെളിച്ചം നിറയ്ക്കാൻ
വസന്തത്തിൻ സൗരഭ്യവുമായി
കാണുവാനാകുമോ നിൻ
സൗന്ദര്യലോകം..............






**PRANAV.T**
*VI[th] Sem. BA. English Pvt.*


# ഇന്ന്





കാലവും കോലവും കെട്ടിയാടി സ്വയം-
കഥയറിയാതങ്ങു സഞ്ചരിക്കും
കണ്ടതും കേട്ടതും പാടിനടന്നിട്ടും
മാന്യരിൽ മാന്യനായ് അഭിനയിക്കും
നന്മയാൽ രൂപം പൊയ്മുഖം തീർത്തിട്ടും പിന്നവർ
തിന്മതൻ രൂപം അലങ്കരിക്കും
കാണുന്നതെല്ലാം കാല്ക്കീഴിലാക്കിടും
കാണാത്തതിന്നായ് അലഞ്ഞിറങ്ങും
കാടുവെട്ടും അവർ കുന്നിടിക്കും പിന്നെ-
ഭൂമിയെപ്പോലും അറുത്തുകീറും
ചാമ്പലായ് തീർന്നതിൻ നൊമ്പരം കൊണ്ടുടൻ
ആനന്ദത്താലവർ പുഞ്ചിരിക്കും
ചോരക്കറയുള്ള കൈകളാൽ തൽക്ഷണം
ഇന്നിന്റെ സാമ്രാജ്യം പണിതുയർത്തും
ആർത്തിയാൽ പണിതീർത്ത മണിമാളികയ്ക്കുള്ളിൽ
അസ്വസ്ഥരായവർ താമസിക്കും
ഒടുവിൽ രോഗവും വാർദ്ധ്യക്യവും സമം ചേരുമ്പോൾ
ഇന്നിനെ വെറുക്കും ഇന്നലയെ സ്നേഹിക്കും

# പുനർജന്മം



**SAMEEHA.P**
*II[nd] Sem. B.com Finance*



സ്ക്കൂൾ വിട്ട് ഉമ്മറപ്പടിയിൽ എത്തിയപ്പോഴേക്കും ഓടിവന്ന് എന്റെ മുമ്പിൽ നിന്ന് അനിയൻ പറഞ്ഞു. 'ചേച്ചീ ഞാനാ ഫസ്റ്റ്. ചേച്ചിക്കും മുമ്പേ ഞാൻ എത്തിയല്ലോ.'

ചെറിയ മകനെന്ന പരിഗണനയിൽ അച്ഛനുമമ്മയും വാത്സ്യലത്തോടെ വളർത്തുന്ന അവനോട് എനിക്ക് ദേഷ്യമായിരുന്നു.

'മാറി നിൽക്കെടാ അവിടന്ന്. '

അവനെ ഒന്ന് തറപ്പിച്ച് നോക്കി ഞാൻ അകത്തേക്ക് കയറിപ്പോയി. ബാഗ് വെക്കാൻ അലമാര തുറന്നതും ഞാൻ കണ്ടത് അഞ്ച് മിനിറ്റ് മുമ്പ് എത്തിയ അനിയത്തിയുടെ ബാഗും വാട്ടർ ബോട്ടിലും. ദേഷ്യത്തോടെ അതെടുത്ത് പുറത്തെറിഞ്ഞു. ശബ്ദം കേട്ട് അവൾ ഓടി വന്നു. കരച്ചിലിന്റെ വക്കത്തെത്തിയ അവൾ ഇടറിയ ശബ്ദത്തോടെ പറഞ്ഞു

'എന്താ ചേച്ചീ ഇത്. ഞാൻ അറിയാതെ ചെയ്തതല്ലേ'

നിഷ്കളങ്കയാണെന്ന ഔദാര്യത്തിന്റെ പുറത്ത് അവളെയും, എന്റെ അച്ഛനുമമ്മയും സ്നേഹിക്കുന്നു, പെട്ടന്ന് അമ്മ മുറിയിലേയ്ക്ക് കടന്നു വന്നു. എന്നെ നന്നായി ശകാരിച്ചു. അവളുടെ നെറുകയിൽ തലോടി. പിന്നെ രണ്ടു പേരും മുറിക്ക് പുറത്തു പോയി.

'ഞാൻ.. ഞാനിവിടെ ആരുമല്ലേ . ഒന്നുമല്ലേ...

കുറച്ചു നേരം കഴിഞ്ഞപ്പോഴതാ പുറത്തു നിന്നും ബൈക്കിന്റെ ശബ്ദം. നോക്കുമ്പോൾ അച്ഛനും ഏട്ടനും എന്തോ വലിയ തമാശ പറഞ്ഞ് വീട്ടിലേയ്ക്ക് കയറി വരുന്നു. അമ്മയും അനിയത്തിയും അനിയൻമാരുമെല്ലാം അതിൽ പങ്കു ചേരുന്നു. അവിടെയും ഞാൻ തനിച്ച്. വീട്ടിലെ മൂത്തമകൻ എന്ന അഹങ്കാരമുള്ള ചേട്ടനോട് ഞാൻ സംസാരിക്കാറുപോലുമില്ല. ഉപദേശങ്ങൾ മാത്രം തരുന്ന അച്ഛനും, പെൺകുട്ടിയാണെന്ന് ഇടക്കിടെ ഓർമ്മപ്പെടുത്തുന്ന അമ്മയും എനിയ്ക്ക് ആ വീട്ടിൽ അന്യരായിരുന്നു. ആകെയുണ്ടായിരുന്നത് എന്റെ പ്രിയപ്പെട്ട ഫ്രണ്ട്സ് മാത്രം. പക്ഷേ, മൊബൈലും ചെത്തി നടക്കാൻ സ്കൂട്ടിയുമൊക്കെയുള്ള അവർക്കു മുമ്പിൽ പലപ്പോഴും ചെറുതായിപ്പോയിരുന്നു.

ഇപ്പോൾ ഞാൻ പ്ലസ് ടു വിൽ. പത്തിൽ പഠിയ്ക്കുന്ന കാലത്ത് പറഞ്ഞതാണ് ഒരു മൊബൈൽ ഫോൺ വാങ്ങിത്തരാൻ. മാസങ്ങളായി പറയുന്നതാണ് സ്കൂട്ടി വിഷയം ആരും കണ്ടഭാവം നടിച്ചില്ല. ഞാൻ തീർത്തും ഒറ്റപ്പെട്ടു. ഒന്നുറക്കെ ചിരിച്ചിട്ട് എത്രകാലമായി. ജീവിതം തന്നെ വെറുത്തു തുടങ്ങി..

എങ്ങും ഒറ്റപ്പെടലിന്റെ നീറിപ്പുകയലുകൾ.

അന്ന് സ്ക്കൂൾവിട്ട് വരുമ്പോൾ ഞാൻ കണ്ടത് എവിടേക്കോ പോകാൻ തയ്യാറായി നിൽക്കുന്ന വീട്ടു കാരെയാണ്. കാര്യം അന്വേഷിച്ചപ്പോൾ നീ ഇതിൽ ഇടപെടേണ്ട എന്നും ഞങ്ങൾ ഞങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ട ഒരാൾക്ക് ഗിഫ്റ്റ് വാങ്ങിയ്ക്കാൻ പോവുകയാണെന്നും മറുപടി. ഞാനൊന്നും പറഞ്ഞില്ല. കാരണം എനിയ്ക്കറിയാം അടുത്ത ആഴ്ച്ചയാണ് ഏട്ടന്റെ ബർത്ത് ഡേ. അവന് സമ്മാനം വാങ്ങാനുള്ള പോക്കാണ്. പക്ഷേ, അവരുടെ മറുപടി എന്റെ ഹൃദയത്തിൽ ആഴത്തിൽ തറച്ചു. മനസ്സിന് സഹിക്കാൻ കഴിയാത്ത വേദന. നിരാശ. വികാര വിക്ഷോഭങ്ങളുടെ മഹാപ്രളയം. എനിയ്ക്ക് പിടിച്ചു നിൽക്കാനായില്ല. പ്രതികാരബുദ്ധി നിറഞ്ഞ മനസ്സിന്റെ അകത്തളത്തിലെവിടെയോ ഒരാശയം പതഞ്ഞു പൊന്തി.

ആത്മഹത്യ.

ഈ മടുത്ത ജീവിതം രണ്ട് ഞരമ്പുകളെ അകറ്റി നിർത്തി അവസാനിപ്പിച്ചു. പ്രതികാരം ശമിക്കാത്ത ആത്മാവുമായി ഞാൻ അവരെ കാത്തിരുന്നു. പുറത്ത് വാഹനങ്ങളുടെ ശബ്ദം.

ഒന്നുറക്കെ ചിരിയ്ക്കണമെന്ന് തോന്നി.

നിർജ്ജീവമായ എന്റെ ശരീരം വിട്ട് ഞാൻ പുറത്തേയ്ക്കിറങ്ങി. ഒരു വേള ഞാൻ ഞെട്ടിപ്പോയി.

'For my sweet Daughter' എന്ന് എഴുതിയ ഒരു ടാഗുമായി ഒരു പുത്തൻ സ്കൂട്ടി. അച്ഛൻ ഇടതു കയ്യിൽ ഒരു കവർ. അതെ മൊബൈൽ ഫോൺ. തീവ്ര വികാരത്തിന്റെ മൂർധന്യാവസ്ഥയിലായി ഞാൻ. എനിക്ക് സർപ്രൈസ് ഗിഫ്റ്റ് തരാൻ അച്ഛന്റെ കയ്യിലെ കവർ പിടിച്ചു വാങ്ങി അനിയത്തിയും അനിയനും വീട്ടിനകത്തേയ്ക്ക് ഓടിക്കയറി. എന്നെ വിളിക്കാൻ കയറിയ അവർ പെട്ടന്ന് സ്തബ്ദരായി. ബോധരഹിതരായി നിലത്തു വീണു.

ഇപ്പോൾ ഞാൻ മരിച്ചിട്ട് രണ്ട് മണിക്കൂറായി, മുറ്റത്ത് കറുത്ത ടാർ പോളിൻ പന്തലുയർന്നു. ആളുകൾ ഓരോരുത്തരായി വീട്ടിലേക്ക് കടന്നു വരാൻ തുടങ്ങി. ചില അടക്കം പറച്ചിലുകൾ. ഏങ്ങലടികൾ, അമ്മ സീരിയസ്സായി ICU വിലാണെന്ന് വലിയ കരച്ചിലുകൾക്കിടയിൽ ഇടക്കിടെ അച്ഛൻ ഓർമ്മിപ്പിച്ചു. അഞ്ച് മാസം മുമ്പ് നീ പറഞ്ഞ സ്കൂട്ടിയ്ക്കായി ഇത്രയും നാൾ ഞാൻ സ്വരൂപിയ്ക്കുകയായിരുന്നു നീ എന്താ എണീക്കാത്തത്, അച്ഛൻ വ്യഥ പൂണ്ടു. നരവീണ താടിരോമങ്ങളിലൂടെ കണ്ണുനീർ ചാലിട്ടൊഴുകി.

വെള്ള പുതച്ച എന്റ കാലിൻചുവട്ടിൽ 'ഇവളില്ലാതെ ഇനി ഞാൻ എങ്ങനെ ജീവിയ്ക്കുമെന്ന ഏങ്ങിക്കരഞ്ഞുള്ള നിലവിളി. എന്റെ ഏട്ടന്റേതായിരുന്നു അത്.'

'അച്ഛനല്ലേ പറഞ്ഞത്, ചേച്ചി സ്കൂട്ടി ഓടിയ്ക്കുമ്പോൾ പുറകിൽ ഇരുത്താമെന്ന്. എന്നിട്ട് ചേച്ചിയെന്താ അച്ചാ എണീക്കാത്തത്.'

'എന്റെ ചേച്ചി'. എണീക്ക് ചേച്ചീ'. ബോധം വീണുകിട്ടിയ അനിയത്തിയുടെയും അനിയന്റെയും കുഞ്ഞു കവിളുകളുടെ കണ്ണുനീർ ധാരധാരയായി ഒഴുകി

ബെഡ്റൂമിൽ വട്ടം കൂടിയിരിക്കുന്ന അയൽക്കാരുടെ പിറുപിറുക്കലുകളിലേയ്ക്ക് ഞാൻ കാതയച്ചു.

' അവളെപ്പറ്റി പറയാൻ അവളുടെ അമ്മയ്ക്ക് നൂറു നാവായിരുന്നു. എന്നിട്ടിപ്പോ എന്തായി'

അവിടെ നിരവധി ചോദ്യങ്ങൾക്കിടയിൽ, നിഷ്ക്കളങ്കരായ എന്റെ പ്രിയപ്പെട്ടവരുടെ തിരിച്ചറിയപ്പെടാതെ പോയ സ്നേഹത്തിനു മുമ്പിൽ ഞാൻ നിശ്ശബ്ദയായി.

വീട്ടുകാരേക്കാൾ എത്രയോ മടങ്ങ് ഞാൻ സ്നേഹിച്ച എന്റെ പ്രിയ സ്നേഹിതർ എന്റെ മരണം സ്നേഹം തുളുമ്പുന്ന സ്റ്റാറ്റസിലൂടെയും പ്രൊഫൈൽ പിക്ചറിലൂടെയും പ്രകടിപ്പിയ്ക്കാൻ വല്ലാതെ ബുദ്ധിമുട്ടുന്നുണ്ടായിരുന്നു.

" ദൈവമേ ഒരിക്കൽ കൂടി നീ എനിയ്ക്കെന്റെ ജീവൻ തിരിച്ചു നൽകുക. എനിക്ക് പൂർത്തിയാക്കാനാവാതെ പോയ കടപ്പാടുകളുണ്ട്. തിരിച്ചറിയാനാകാതെ പോയ നിഷ്കളങ്കരായ ഒരു പിടി മനസ്സുകൾ എന്നെ കാത്തിരുപ്പുണ്ട്.

ഒരിറ്റ് കണ്ണുനീർ അവർക്കായി പൊഴിച്ച് ഞാൻ തിരികെയെത്താം."

അവിടെ ഞാൻ തിരിച്ചറിവിന്റെയും സനേഹത്തിന്റെയും ഒരു പുതിയ ജീവിതം തുടങ്ങുകയായിരുന്നു.





**Suhaila Fathima. K.**
*IV<sup>rd</sup> Sem. B.A. History*

# അമ്മയും ഉണ്ണിയും

ഉണ്ണിക്കുട്ടൻ വീണു, അമ്മ ഓടി വന്നു.
കണ്ണുനീർ തുടച്ചു, വാരി ഉമ്മ വെച്ചു.
തട്ടിവീണ കല്ലെ നോക്കി അമ്മയൊന്നു ചൊല്ലി
'എന്തേ കല്ലേ എന്റെ ഉണ്ണിയെ നീ വീഴ്ത്തി' ?
പിന്നെ അമ്മതൻ സ്നേഹ ലാളനം
ഉണ്ണിയെ ഉറക്കെ, ഉറക്കെ ചിരിപ്പിച്ചു.
ഉണ്ണിതൻ കരങ്ങൾ വളർന്നു,
അമ്മതൻ മുടികളിൽ നരകൾ വളർന്നു.
അമ്മ കല്ലിലൊന്നു തടഞ്ഞങ്ങു വീണു
അമ്മയെ വിതുമ്പിച്ചവന്റെ മൗന വീക്ഷണം.
കല്ലിലും ഉയിരുകൾ തിർക്കും
അമ്മതൻ ഉറ്റ സ്നേഹം
കാൺമതില്ല മക്കൾ മരിക്കുവോളം
അമ്മയെ കാത്തിടില്ലയെന്നാൽ
എന്തിനീ കപടമോഹജന്മം?



**Sana Hamza**
*IV[th] Sem. BA English*

# A Tale of Mutilated Misery

When the clouds come crashing
Over your head
With bits pointing down
Shrapnels stuck in your shell
The flesh inside intact
But throbbing nevertheless
You did wish you did die
And sink into the earth
Leaving nothing but your soul
Hanging up above the sky
And to never regret the fall...
But life down here
Is no heaven at all...






**RASHMI P**
*IVth Sem. B.A. English*




# മെഴുകുതിരി

Rajil

അണയുവാനാകാതെ
പുകയുന്ന മെഴുകുതിരി
പകരുന്ന ഗന്ധം
സുഗന്ധമില്ലെങ്കിലും
പ്രഭയേകിയെത്രയോ
ജീവിതങ്ങൾക്കാ–
യുദിച്ചു നിന്നൊരു
തിരിനാളമായ്........

മറന്നീടുമെങ്കിലു–
മറിയില്ലയെങ്കിലും
ഒരു നോക്കു പോലും നീ
നോക്കിയില്ലെങ്കിലും
അറിയാതെ പോകുന്ന
ജന്മമാണെങ്കിലും
അറിയുന്നവർ ത–
ന്നാത്മ സംതൃപ്തി !
പരിഭവം പറയാതെ (ശൂന്യമായ്)
സ്വയമെരിഞ്ഞടങ്ങീടുന്നു
മെഴുകുതിരി തൻ ജന്മം.....




**Dhanasree Arjun Kachare**

*IV th Sem. Bcom C.A*





# आँसू

आँसू।
क्यों आता हैं आँखों से आँसू?
जब की हम सुश होते हैं
और जब भी हम दुःख में होते हैं।

खुशी के आँसू आने पर
सब कितने खुश होते हैं।

आँसू मोती की तरह हैं
मोती जैसा अमूल्य हैं।
वैसा ही आँसू की एक बूँद
अमूल्य हैं।

प्याज़ को देखने पर
हमें क्या याद आता हैं
सोचो सोचो
हाँ। हमारे आँखों से आँसू निकल आते हैं।
प्याज़ काटने पर जो आँसू टपकते हैं
जैसे टप... टप... टप...।
माँ की आँखों से भी आँसू आता हैं
जब उनका बच्चा माँ कहकर पुकारता हैं।
माँ के खुशी माँ कहकर पुकारता हैं।
वो कितनी भी अपने आपको रोक दें।
लेकिन...
खुशी के आँसू आ ही जाता हैं।

आँसू जितनी खुशी देता हैं
उतना ही दुःख...।
कोइ नहीं जानता कि
माँ का दर्द क्या होता हैं।
माँ अपने आँसू किसी को भी नहीं दिखाती
वो आँसूओं को छिपा लेती हैं।

मोती जितना अमूल्य हैं...
वैसे ही आँसू भी अमूल्य हैं।
आँसू की एक बूँद भी
सब केलिए अनमोल हैं।

कभी भी आँखों में
आँसू नहीं आने देना।
क्योंकि आँसू हमेशा
कुछ बुरा लेकर आता हैं ... जीवन में...।

# സ്വാതന്ത്ര്യം

നിങ്ങൾക്ക് പെരുമ്പറയെ നിശ്ശബ്ദമാക്കാം.
വല്ലകിയുടെ തന്ത്രികൾ അയച്ചിടാം.
എന്നാൽ വാനമ്പാടിയോട്
പാടരുതെന്ന്  ആര് പറയും?





# ചിലത് വേശ്യക്കും പറയാനുണ്ട്



AMAL. J. AUGUSTIN
*VI th Sem. BA English*

കീറിമുറിച്ചു
പകുത്തു നൽകിയതും
നഗ്നയായെന്നെ
വിറ്റുതുലച്ചതും, കാമമല്ല
ആർത്തിയാണു
പൊട്ടിയവയറിന്റെ വരണ്ട,
ചുറ്റുഭിത്തികൾ

രണ്ടുകിടക്ക പങ്കിടവേ
കൂട്ടിനു സ്ഥലപേര്
എന്റെ മാറിൻചൂടിലാ
കൊഴുത്ത കാളകുട്ടിതൻ
മൃഷ്ടാന്ന ഭോജനം.

വാട പിടിച്ചാ
വാടകമുറിക്കുള്ളിൽ
വളകിലുക്കം
വാതായനങ്ങൾ വിട്ടിറങ്ങവേ
കൂലി.

മഗ്ദലയെന്റെ  ചേച്ചിയാണ്
പിഴച്ചവളെ പഴിച്ചവർ ...?
ഇന്നോ മൂന്നാണിക്കുള്ളിൽ
നിശബ്ദം. 'രക്ഷകൻ'

വീട്ടിലും ചന്തയിലും ബസ്റ്റാന്റിലും
എന്തിനിന്നാ പള്ളിയിലും

ഞാനവൾ തൻ പിൻഗാമി
അറുത്തുമുറിച്ചാൽ
വേശ്യ.

നാറുന്ന കോയ്മതൻ
പടികളെനിക്കിന്നാ
കാൽവരിയിലേക്കുള്ള മോക്ഷയാത്ര
കൈച്ചിറക്കി അവനോടുകൂടി
ഞാനാ കൈപ്പുനീർ
നീറുന്ന നേരുകൾക്കു മുൻപിൽ
വെറുമൊരു സ്ത്രീകണക്കേ
ഞാനുമെൻ വർഗ്ഗവും

ഒന്നു ചോദിച്ചോട്ടെ.....
കലികാലനാഗ
ഫണമേറ്റവരിൽ..........
ഞാൻ ഏകാകിയാണോ
എന്നിലുമുത്തമരാകുമാ
ദുരമൂത്ത
ശിഖണ്ഡിതൻ കാമവൃത്തിക്കെന്തേ
നീ ആ പേരുകൊടുത്തിലാ..................
വേശ്യ,
നീറുന്ന നേരുകൾക്കു മുൻപിൽ
വെറുമൊരു സ്ത്രീകണക്കെ
ഞാനുമെൻ വർഗ്ഗവും



മാഗസിൻ സമിതി

# സംസ്കൃതികളിലൂടെ ചൂളം വിളിച്ച്.....

## നിലമ്പൂർ - ഷൊർണൂർ റെയിൽപ്പാതയിലൂടെ ഹൃദ്യമായ ഒരു യാത്ര.

പ്രകൃതിയുടെ ഉൾത്തുടിപ്പുകൾ അനുഭവിക്കണമെങ്കിൽ അതിനെ അറിയണം. ആരണ്യഗർഭങ്ങളിലൂടെ കടന്നുപോകുമ്പോൾ, കാറ്റു പിടിക്കുന്ന ഉയരങ്ങൾ താണ്ടവെ, അജ്ഞാതമായ ഭൂരാശികൾ പിന്നിടുമ്പോൾ ആദിമമായ ചില സംവേദനങ്ങൾ നടക്കുന്നു, മനുഷ്യനും പ്രകൃതിയും തമ്മിൽ. ഒരു കിളിയൊച്ച, ഒരു കാട്ടുചോല, മുഖം തൊട്ടു കടന്നു പോകുന്ന ഒരു കുളിർക്കാറ്റ്. ഇന്ദ്രിയങ്ങളെ അവ ഉണർത്തുന്നു. നഷ്ടപ്പെട്ടു പോകുന്നതാണ് കണ്ടെത്തുന്നതിന്റെ സുഖം. അത് സ്വത്വത്തെ പുനർനിർമ്മിക്കുന്നു. നിങ്ങൾ പുതിയൊരാളാവുന്നു.

അത്തരമൊരു യാത്ര. ദേശങ്ങളേയും പ്രകൃതിയെയും സംസ്കൃതിയേയും തൊട്ടു തലോടി **നിലമ്പൂർ - ഷൊർണൂർ റെയിൽപ്പാതയിലൂടെ ഹൃദ്യമായ ഒരു യാത്ര.**

1927 ഫെബ്രുവരിയിലെ ഒരു ഞായറാഴ്ച. സമയം രാവിലെ 9.45. അങ്ങാടിപ്പുറം റെയിൽവെ സ്റ്റേഷനിലേക്ക് ആളുകൾ ഒഴുകിയെത്തി. അവർ ഒരു മഹാസംഭവത്തിനു സാക്ഷ്യം വഹിക്കുകയാണ്. ഷൊർണൂരിൽ നന്നുള്ള ആദ്യ കൽക്കരി തീവണ്ടി അവരുടെ മുമ്പിലേക്ക് ചൂളം വിളിച്ചെത്തി. കാഴ്ചക്കാരായ ജനക്കൂട്ടം ആർത്തു വിളിച്ചു. ആ ആരവങ്ങൾക്ക് 90 വർഷം തികയുകയാണ്.

നിലമ്പൂരിനും ഷൊർണൂരിനുമിടയിൽ ആകെയുള്ളത് 10 സ്റ്റേഷനുകളാണ്. ആദ്യ സ്റ്റേഷൻ വാടാനാംകുർശ്ശി. പട്ടാമ്പി-പാലക്കാട് റോഡിനോട് ചേർന്നു കിടക്കുന്ന ഈ സ്റ്റേഷനിൽ പൊതുവെ ആള് കുറവായിരിക്കും. വാടാനാംകുർശ്ശി പാലക്കാടിന്റെ ഗ്രാമ്യഭംഗിയുടെ താക്കോലാണ്. നോക്കെത്താ ദൂരത്ത് പരന്നു കിടക്കുന്ന പാടശേഖരങ്ങൾക്കു നടുവിലൂടെ തീവണ്ടി വളഞ്ഞു പുളഞ്ഞു പോവുമ്പോൾ മനസ്സിലേക്ക് ആ കാവ്യശകലം വന്നു നിറയും. 'നാട്യപ്രധാനം നഗരം ദരിദ്രം, നാട്ടിൻപുറം നന്മകളാൽ സമൃദ്ധം'.

ഈ പാതയിലെ ചില സ്റ്റേഷനുകൾ ബ്രിട്ടീഷുകാരുടെ കാലത്ത് പണികഴിപ്പിച്ച അതേ രൂപത്തിൽ അവശേഷിക്കുന്നു. സമൃദ്ധമായ നെൽപ്പാടങ്ങൾക്ക് നടുവിലായി പട്ടാമ്പി-ചെർപ്പുളശ്ശേരി റോഡിൽ നിന്ന് അല്പം മാറി നിൽക്കുന്ന വല്ലപ്പുഴ എത്തുമ്പോൾ വള്ളുവനാടൻ കാർഷികസമൃദ്ധിയുടെ മായാത്ത മുദ്രകൾ നമ്മെ വികാരഭരിതരാക്കും. നിറഞ്ഞ നെൽവയലുകളിലെ പണിക്കാർ, പൊയ്പ്പോയ ഒരു സംസ്കാരത്തിന്റെ അടയാളങ്ങൾ ബാക്കി വെയ്ക്കുന്നു. തേക്കുമരങ്ങൾക്കിടയിലൂടെ യാത്ര തുടരുമ്പോൾ വള്ളുവനാടൻ വീടുകളിലെ കുടുംബക്കാവുകളും വയലുകൾക്ക് നടുവിൽ കുളങ്ങളോടു ചേർന്ന നമസ്കാരപ്പള്ളികളും തെളിഞ്ഞു വരും. മതസൗഹാർദ്ദത്തിന്റെ സ്വാഭാവിക സംസ്കൃതിയുടെ ഊഷ്മളത നമ്മെ പ്രചോദിപ്പിക്കും.

അടുത്ത സ്റ്റേഷൻ കുലുക്കല്ലൂർ ആണ്. തീർത്തും ഉൾഗ്രാമമായ ഈ പ്രദേശത്തുള്ളവർക്ക് ഈ പാത മാത്രമാണ് ഏക ആശ്രയം. പഴയ പ്രതാപം വിളിച്ചോതുന്ന മൂന്ന് തട്ടുള്ള വീടുകളും അതിനിടയിൽ വയലിനോട് മുഖം തിരിഞ്ഞു നിൽക്കുന്ന കൊച്ചു കൊച്ചു വീടുകളും. കേരളീയ വാസ്തുവിദ്യയിൽ ഏറെ പ്രാധാന്യമുള്ളതാണ് ഇത്തരം നിർമ്മിതികൾ. എല്ലാ വീടുകൾക്കു മുമ്പിലും ചാണകം മെഴുകിയ മുറ്റങ്ങളുണ്ട്.

കുലുക്കല്ലൂരിന്റെ അതിർത്തിയിലാണ് കുന്തിപ്പുഴ. കുന്തിപ്പുഴക്ക് പുരാണങ്ങളുമായാണ് ബന്ധം. കുന്തിദേവി കുളിച്ച പുഴയായതിനാൽ കുന്തിപ്പുഴയെന്ന് പഴമക്കാർ. കുന്തിരിക്കം വിളയുന്ന കാടുകളുടെ സാമീപ്യമാണ് പേരിനു പിന്നിലെന്ന് മറ്റു ചിലർ വാദിക്കുന്നു. കുന്തിരിപ്പുഴ കുന്തിപ്പുഴയാവുകയായിരുന്നുവത്രെ.

സൈലന്റ് വാലിയിൽ നിന്ന് ഒഴു

കിയെത്തുന്ന കുന്തിപ്പുഴ മഴക്കാടുകളെ രണ്ടായി പകുക്കുന്നു. കിഴക്കേ കരയിൽ രണ്ടു കിലോമീറ്ററും പടിഞ്ഞാറെ കരയിൽ അഞ്ചു കിലോമീറ്ററുമാണ്.

സൈലന്റ് വാലി ദേശീയോദ്യാനത്തിൽ 1857ലാണ് ബ്രിട്ടീഷ് സസ്യശാസ്ത്രജ്ഞൻ റോബർട്ട് വൈറ്റ് എത്തുന്നത്. കാടുകളിലെ നിത്യസാന്നിദ്ധ്യമായ ചീവീടുകളുടെ അസാന്നിദ്ധ്യം ഇതിന് സൈലന്റ് വാലിയെന്നു പേരു നൽകി. കണ്ണീരുപോലെയുള്ള വെള്ളവുമായെത്തുന്ന കുന്തിപ്പുഴ, ഭാരതപ്പുഴയുടെ ഒരു പ്രധാന പോഷകനദിയാണ്. കുന്തിയെ പിന്നിലാക്കി തീവണ്ടി കുതിച്ചു പായുമ്പോൾ വണ്ടിയുടെ വേഗം കുറഞ്ഞെങ്കിലെന്നു നാം ആഗ്രഹിക്കും. ലോകത്ത് ആദ്യമായി ബാലറ്റ് പേപ്പറിലൂടെ അധികാരത്തിലെത്തിയ കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ നായകൻ ഇ. എം. എസ്സിന്റെ നാടായ ഏലംകുളത്തു കൂടെയാണ് ഇനിയുള്ള യാത്ര. ഇത് പാലക്കാട് അതിർത്തിയിലെ അവസാന സ്റ്റേഷനാണ്. മലപ്പുറം ജില്ലയിലെ ആദ്യസ്റ്റേഷനായ ചെറുകര വലുതല്ലെങ്കിലും സൗകര്യങ്ങൾക്ക് കുറവില്ല. വള്ളുവനാടിന്റെ തലസ്ഥാനമായ അങ്ങാടിപ്പുറത്തേക്ക് ഇനി ഇവിടെ നിന്ന് അധികം ദൂരമില്ല.



കോഴിക്കോട് - പാലക്കാട് ദേശീയപാതയോടു ചേർന്നുള്ളതാണ് അങ്ങാടിപ്പുറം സ്റ്റേഷൻ. തിരുമാന്ധാംകുന്ന് ദേവീക്ഷേത്രവും തളിക്ഷേത്രവും പുത്തനങ്ങാടി പള്ളിയും നിലകൊള്ളുന്ന ഇവിടം മാമാങ്കത്തിന്റെ കേന്ദ്രവുമാണ്. ജില്ലയിലെ പ്രധാന നഗരമായ പെരിന്തൽമണ്ണക്ക് വളരെ അടുത്തായതുകൊണ്ട് ഈ റൂട്ടിലെ പ്രധാന സ്റ്റേഷനും ഇതാണ്. 'കൃഷ്ണഗുഡിയിൽ ഒരു പ്രണയകാലത്ത്'' എന്ന ചലച്ചിത്രത്തിന്റെ പ്രധാന ലൊക്കേഷൻ ഈ സ്റ്റേഷനായിരുന്നു.

അങ്ങാടിപ്പുറത്തിനപ്പുറം മൈസൂർ -തൃശൂർ റോഡിനെ മുറിച്ചു കടക്കുമ്പോൾ പട്ടിക്കാട് ആദർശ് സ്റ്റേഷൻ. മഹാകവി പൂന്താനത്തിന്റെ ജന്മഗൃഹത്തിനടുത്താണ് ഈ സ്റ്റേഷൻ. തെങ്ങിൻതോട്ടങ്ങളും വയലേലകളും ചെറുതും വലുതുമായ തോടുകളും കലണ്ടർ ചിത്രങ്ങളെപ്പോലെ ആദർശാത്മകമായ ഗ്രാമീണതക്കു ശേഷം വെള്ളിയാർ പുഴയുടെ ചാരെയാണ് മേലാറ്റൂർ പട്ടണം. പശ്ചിമഘട്ടത്തിൽ നിന്ന് ഉത്ഭവിച്ച് കടലുണ്ടി പുഴയിൽ ചെന്നു ചേരുന്ന ഈ പുഴ കഴിഞ്ഞാൽ വള്ളുവനാട് അവസാനിക്കും.

ചേരട്ട പോലെ കൂകിപ്പോകുന്ന തീവണ്ടി ഏറനാട്ടിലേക്ക് എത്തുന്നതോടെ കാലാവസ്ഥയിലും മണ്ണിലും ശ്രദ്ധേയമായ മാറ്റങ്ങൾ കണ്ടു തുടങ്ങും. ഒലിപ്പുഴയാണ് ഈ പ്രദേശത്തിന്റെ ജീവദായിനി.

ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ പോർഭൂമികളിലൊന്നായ തുവ്വൂർ ഈ പുഴക്ക് ശേഷമാണ്. രാജ്യസ്നേഹം ചോദ്യചിഹ്നമാവുന്ന വർത്തമാനകാലത്ത് വാരിയംകുന്നത്തിനെപ്പോലുള്ളവർക്ക് ജന്മം നൽകിയ ഏറനാട് ഒരു യാത്രികന്റെ ആത്മാവിലാണ് തൊടുന്നത്. ഈ പ്രദേശങ്ങളിൽ ഇപ്പോൾ റബ്ബർ കൃഷി വ്യാപകമാണ്. ഈ യാത്രയിലെ ഏറ്റവും ചെറിയ സ്റ്റേഷനാണ് തൊടികപ്പുലം. നിലമ്പൂരിന്റെ ഏറ്റവും അടുത്ത സ്റ്റേഷനായ വാണിയമ്പലം എത്തിയതോടെ തീവണ്ടി വിജനമാവാൻ തുടങ്ങി. ഇനി കരിമ്പുഴയും ചാലിയാറും നീന്തിക്കടന്നു വേണം നിലമ്പൂരിലെത്താൻ.

ജൈവവൈവിദ്ധ്യംകൊണ്ട് സമ്പന്നമായ നിലമ്പൂർ സഹ്യന്റെ താഴ്‌വരയിലാണ് സ്ഥിതി ചെയ്യുന്നത്. നീലഗിരിയിൽ നിന്ന് ഉത്ഭവിക്കുന്ന ചാലിയാർ നദി ഈ നാടിന്റെ ഹൃദയമാണ്. ഇവിടുത്തെ കനോലി തേക്കിൻതോട്ടവും തേക്കിനു മാത്രമായുള്ള മ്യൂസിയവും പ്രശസ്തമാണ്. ആഢ്യൻപാറ വെള്ളച്ചാട്ടവും നെടുങ്കയം കക്കാടൻ പൊയിലും നീലഗിരിയുമായി അതിർത്തി പങ്കിടുന്നു. ചോലനായ്ക്ക വിഭാഗത്തിൽപ്പെട്ട ആദിവാസികളുള്ള നിലമ്പൂർ വന്യജീവികളുടെ ആവാസ കേന്ദ്രവുമാണ്. നിലമ്പൂരിൽ നിന്ന് മൈസൂരുവിലേക്ക് റെയിൽപാത നീട്ടാനുള്ള ശ്രമങ്ങളൊന്നും വിജയം കിട്ടില്ല. നഞ്ചൻകോട് വരെ നീട്ടിയാൽ മതിയെങ്കിലും അതീവ പരിസ്ഥിതിലോലപ്രദേശമായ നീലഗിരി ബയോസ്ഫിയറിലൂടെ കടന്നുപോകുന്നതുകൊണ്ട് ഇതിനെക്കുറിച്ചുള്ള ആലോചന തുടക്കത്തിലേ ഉപേക്ഷിക്കുകയാണ് പതിവ്.

കേരളത്തിന്റെ തനത് സാംസ്കാരിക പൈതൃകത്തിന്റെ അവശേഷിപ്പാണ് ഈ പാതയും അതിലൂടെയുള്ള യാത്ര നൽകുന്ന കാഴ്ചകളും.



# Shades of Rain



Rain drops splash from heavens
On top of leafy umbrellas
And shake down the bark
Of my favourite mango tree

Rain drops sprinkle from over
Corrugated metal roof sheets
Patting it and assuring me
Until and after I fall asleep

Rain drops float in the air
Perplexed on when and where to fall
Little girls dance in glee to
Its soft magical feathery tune

Rain drops wither like petals
Of brightly coloured flowers
That swayed in irrefutable joy
Until drained and deprived of its hue

Rain drops shatter midflight
To form resplendent rainbows
Which, Neptune used to cross?
Bridging the king and queen of seas

Rain drops strike down in fiery jets
Pelting terror on unwary victims-
Exposed heads, shoulders and bare arms
To nape of the neck sending chills

But the perfect kind of rain
Comes crashing the skies
With sundering thunder
And bolting blasts of lightening

Pouring over stained faces
Flushing off the bitter stains
With sweet heavenly cleansing drops
I love the rain, which wipes
Away guilty human sorrows



**Minha**
*IV^nd Sem. Bcom Finance*



**Shiji K.S**
*II*[nd] *Sem.B.A English*

# ആത്മഹത്യകുറിപ്പ്



എൻ ചിന്തകൾ സമൂഹത്തിനുഭാരം
എൻ ജീവിതം എനിക്കുതന്നെ ഭാരം
കാലത്തിനൊപ്പം നടക്കാൻ ശ്രമിച്ചു.
കാലം എന്നെ തനിച്ചാക്കി
സമൂഹത്തിനു വേണ്ടി ജീവിക്കാൻ ശ്രമിച്ചു
സമൂഹമാം സാഗരത്തിൻ കരയിൽ
ഞാൻ മാത്രം ബാക്കിയായി
കാലത്തിനൊപ്പം മാറാൻ കഴിഞ്ഞിട്ടില്ല പകരം
കാലന്റെ കൂടെ പോകാനുറച്ചു
ദുഃഖമില്ല തെല്ലും കാരണം ,
എൻ ജീവിതം എനിക്കുതന്നെ ഭാരം!





**Sana Hamza**
*IV$^{th}$ Sem. BA English*

# MAD DOGS!!!




Betel leaves were practically nil on the streets because the government had banned Pan Masala and so all the stalls were closed- even those that innocently sold 'Only Betel leaves' because the government suddenly decided to get rid of the red stains that corrupted 'official' government buildings and dirtied their faces in the

eyes of the All-Knowing media, and I have no idea from where this sari-wala lady managed to get them. The fat aunty with the double-tiered belly in blazing orange sari contorted her face, probably in an attempt to sieve-up any last bit of un-munched leaf in her mouth. As I looked at the sparkling sequence design of her sari at the bottom end of tit near her feet, suddenly out of nowhere fierce jets sprayed my handsome furry face and stung my sensitive eyes with the red acrid juice of betel leaves mixed with human saliva.

Something in me came alive- it was anger.

I barked at our sari aunty who in return shouted at me, first- purely in surprise and- and then ignored my barks like I wasn't there. Her ignorance provoked me into further barking and this time I caught her attention. She peered at me as if I were an experiment in a Petri-dish, I growled at her and only then was obvious to the threat she was inviting. She ran towards the bus stop clutching her sari, gathering it from the sides. A crowded bus was waiting at the bus stop and its last passenger was hoisting himself up. The bus started moving before he had lifted his second foot in. Our lady in bright orange hollered at the flimsy conductor who was hanging from the aisle handle bars of the front door. And he gestured wildly with one free arm and two wide eyes towards the back door through which the male passenger got in. Our aunty was more than happy at the arrangement and showed some teeth at him which he returned, and grabbed the grimy handle bars and adjusted herself between the door and me while I was now nearing the moving door....sorry bus!

I was panting at the bus. It was now 'gaining speed'. I felt sorry for the engine that was rasping harshly in its vain attempt to drag along its punch-packed passengers, now with the added weight of our fat aunty, who has effectively wedged-up the rear aisle of the bus. The vehement fumes of human hardships surrounding the inner sanctum of the bus seethed out and brushed past my muzzle. The tickling scent of human blood tantalized my feeble and listless spirit. I shook my head off the scent of blood but it didn't go away, so I went away instead.

At Dusk: When the Sun Sets

A chain of governed offices were shutting down for the day, they wouldn't budge until late in the morning, the next day. Although they strictly open at 9:00 pm, it usually takes more than an hour for the government servants to start their duties. And soon it would be 'tea-break'- it's ridiculous but also true....! While the offices closed on one side of the city, the other side came alive—lights from tea stalls, restaurants, saloons, boutiques, textiles, bakeries, Oudh and Attar shops, furniture showrooms, super and hyper markets, malls and a whole assortment of vegetable sellers and street vendors with their miscellaneous goods which lit up the city making it look like a starry sky. Amidst these children laughed and cried, men shouted and hollered and women bickered and haggled. I

approached this attractive hub from my alcove in the thickets from where I lay watching. My eyes rested in the middle of this chaos, on some lights that were dangling outside a fancy store stuffed with tiny wooden carvings, stuffed dolls and shiny plastic toys.

The lights were turning round and round after some boy had twisted it as he went by about his idle business. They were multi-colored dazzling LEDs woven intricately with copper coil. Then the turning lights froze in its axis. A lean man had stopped them and then lazily had let go. My eyes followed this man who interrupted my dazzling scene of turning lights. He shoved his hands into his pockets and looked about momentarily, our eyes met. He carefully brought back his hand and threw me pieces of some stale roti. I sniffed the air and hurried towards my meal before a cat could lay its paw on it. As I sniffed and ate, the man keenly watched me with an amused smile. I was left with more hunger than ever once I had finished the scraps. I pleaded at him with my eyes but all I received was a snicker and a swat of hand. I could smell more in his pocket and I thought if I followed him he did change his mind and hand it out. And so



I followed him sparing quite a gap between us lest he decided to harm me. He led himself out of the bustle through narrow lanes and short-cuts. We reached an empty tufted ground. He walked over towards a dustbin at the corner of an adjacent rest house and was about to throw out the left over roti. I barked as his hand moved towards the narrow mouth of the bin with my prize in it. Startled he turned around; the roti fell off and got ducked in the sewer that ran along the building and beneath the dustbin. I couldn't get any madder with hunger. Why did this man have to be so malicious with my food? Did he really think that I deserved to die starving and cold..? In my anger I didn't notice the man staring at me. In anger or in fear- I could not tell....

He looked me in the eye despite what people usually said "Never look into the eyes of an angry dog....never!" My amber brown eyes must have seemed as large as saucers but he should have understood that it was only because I was frightened of him as much as he was frightened of me. But then it was not just fear in his eyes, I saw something in his eyes that looked eons and eons away from humanity

and I wondered if he belonged to the same kind as me. But my reeking doubt slackened when I saw his too long lanky legs that were waif-like but somehow stood him up. And his two flapping arms with wide evil clutches that waved about like it did not have full control over its actions. These two humanly features sadly proved me wrong.

Now, to make matters simple, I would have been more than happy to call it a draw (even though it's not fair) and forgive his evil deed and gladly retire to my old life while my worthy opponent here did the same. But he planned differently and he moved into action quite unsuspectingly as I still gazed in terror at him. Wildly waving his arms over his head, he shouted for assistance. I was rooted to the ground and didn't realize that half a minute had elapsed. They were just three of them at first but soon that turned into fifteen. They were motely. However all of them had the same darkness in their orbs and they seemed much more determined to help him out. And even more than that, they did to me what this stranger couldn't.

Minutes later as I lay there bleeding and whimpering and whining lowly, some of my own kind found me. They gathered around me and began to lick my soars and gashes clean but I knew that this was it. It was time for them to pay their last homage.

The horizon lay in my line of sight. The sun set looked arousing but my breath was fleeting at the same time. The earth looked beautiful but I no longer belonged here nor does my kind. They would be wiped out like leftovers from a table top. And then perhaps mankind would feel insecure: at first due to our presence; later our absence. And then they would try to cook us in their labs when we used to be available in abundance. It's sad, I know but it's worse for you human folks because the clones would be expensive and yet you folk will never learn. It's your nature. Just like biting is ours.




**Neethumol. E**
*II[nd] Sem. Bcom Finance*


# സന്ധ്യ

വൻ പർവ്വതത്തിന്റെയോരത്തു നിന്നു ഞാൻ
സന്ധ്യയെകാണുന്നു.
യുദ്ധങ്ങൾ,  പ്രേമങ്ങൾ, ക്ഷുദ്രമാം നീതികൾ.
ഇക്കൊച്ചു ജീവിത ദുഃഖങ്ങൾ സ്വപ്നങ്ങൾ.
എന്നരികത്തെത്തി ലീലയായി ലാസ്യമായ്
മുന്നാഞ്ഞു പിന്നെയെൻ മാറത്തു ചായുന്നു
ജന്മാന്തരങ്ങൾ തൻ ഗൂഢമാം ഗന്ധങ്ങൾ
ഒന്നുമറിഞ്ഞു ഞാൻ പർവ്വതമാകുന്നു
ഒന്നുമറിയാതെ നേരത്തെ പിന്നെയും
സന്ധ്യയകലുന്നു.

കണ്ണീനീരില്ലാതെ,  ഓർമ്മകളില്ലാതെ
പിൻതിരിഞ്ഞാരെയും നോക്കാതെ നിൽക്കാതെ
അവ്യക്തമായൊരു ശോകം പടരുന്നു.
സഹ്യാദ്രിയിൽ സാഹ്യമ്യമായെന്നുള്ളിൽ
ഇത്തിരി നിലാവായിരുട്ടായ് നിശാഗന്ധ-
പുഷ്പങ്ങളായ് രാക്കിളികൾ തൻ തേങ്ങലായ്
ഒറ്റക്കലക്കുന്ന ചോലയായ്,
പാതിരാ  നക്ഷത്രരേണുവാം പാടാത്തപാട്ടായവൻ
പർവ്വതം കൂരിരുട്ടായി കനക്കുന്ന
എന്റെ മൗനം പങ്കുകൊണ്ടു കുതിരുന്നു



**Muhammed Ashkarali**
*IV^th Sem. Bcom Finance*




# തണലുള്ളൊരിടം



ഉള്ളതുപറഞ്ഞാൽ ഇതൊരു ജനകീയ പ്രസ്ഥാനമോ, ഒരു ഒച്ചപ്പാടോ, ആവേശമോ അല്ല. ഇതൊരു വികാരമാണ്. മണ്ണിനെയും മനുഷ്യനെയും സ്നേഹിക്കുന്നൊരു വികാരം. തന്നെപ്പോലെതന്നെ തന്റെ സഹജീവികളെയും സ്നേഹിക്കുന്ന, ചവിട്ടി നിൽക്കുന്ന, ജീവശ്വാസം നൽകുന്ന ഭൂമിയെ സ്നേഹിക്കുന്നൊരു വികാരം.

രോഗപീഡകളാലും, അപകടങ്ങളാലും കൈകാലുകൾ ശോഷിച്ച് എല്ലുകൾ തകർന്ന് മരുന്നുകൾക്കൊന്നും ചെയ്യാനില്ലാതെ, പാതി മരിച്ച ശരീരവുമായി ജീവിതത്തിന്റെ രാപ്പകലുകൾ തള്ളി നീക്കുന്ന പരസഹസ്രങ്ങൾ നമ്മുടെ ചുറ്റുപാടുകളിലൊക്കെയുണ്ട്. നമ്മൾ വിദ്യാഭ്യാസസ്ഥാപനങ്ങളിലേക്ക്, ജോലിസ്ഥലത്തേക്ക്, കല്യാണവീട്ടിലേക്ക്, ജീവിതവ്യവഹാരങ്ങളിലേക്ക് മത്സരിച്ചലറിപ്പായുന്ന നിറമുള്ളതെന്ന് നമ്മൾ ധരിച്ചുവച്ച ജീവിതത്തിന്റെ ഇടങ്ങളിൽ, നമ്മുടെ അയൽപക്കത്ത്, ബന്ധുവീട്ടിൽ എല്ലാം അത്തരക്കാരുണ്ട്.

കണ്ണുകളൊന്ന് തുറന്ന് പിടിച്ചാൽ, ഒന്ന് ചെവിയോർത്താൽ കാണാവുന്നതും തൊടാവുന്നതുമേയുള്ളു നമുക്കവരെ. ആകാശത്തെപ്പോലും അതിജീവിക്കുന്ന ഇച്ഛാശക്തിയാൽ, ജീവിതത്തിലേക്ക് എണീറ്റ് നടക്കുന്നവർ അവരിൽ തുലോം കുറവാണ്. ആസുരമായ ഈ മത്സരപ്പാച്ചിലിൽ വീണുപോയ നമ്മുടെ ആ സഹജീവികളെ ജീവിതത്തിന്റെ സന്തോഷങ്ങളിലേക്കും, അത്ഭുതങ്ങളിലേക്കും തിരികെ കൈപിടിക്കേണ്ടത് നമ്മുടെ ബാധ്യതയാണെന്ന് മനസ്സിലുറപ്പിക്കുന്നവർക്ക് ഇതൊരിടമാണ്. ആ പതിതരെ മാറോട് ചേർത്ത് പിടിച്ച് നെഞ്ചിലെ സ്നേഹവും കരുതലും നൽകാൻ വളരെ കുറച്ച് സമയം മാറ്റിവെക്കാൻ നമുക്കുണ്ടെങ്കിൽ ഒരു വസന്തം തന്നെ തീർക്കാം.

ത്വരയും ആർത്തിയും മൂത്ത മനുഷ്യന്റെ അധമകരങ്ങളാൽ മരിച്ചുവീഴുന്ന തേനീച്ചകളെയും ശലഭങ്ങളെയും പക്ഷികളെയും ഓർക്കുന്നവർക്കും ഇതൊരിടമാണ്, പരാഗണങ്ങൾ നടക്കാതെ, പൂക്കാതെ, കായ്ക്കാതെ ജീവിതനിയോഗം പൂർത്തീകരിക്കാൻ കഴിയാതെ ഉണങ്ങി വീഴുന്ന വള്ളികളുടെയും ചെടികളുടെയും മനുഷ്യന്റെ തന്നെയും, ഗദ്ഗദം നെഞ്ചിലേറ്റ് വാങ്ങുന്നവർക്കും ഗ്രീൻപാലിയേറ്റീവ് പ്രചോദനമാണ്. ഭൂമി വരും തലമുറയിൽ നിന്ന് നമുക്കനന്തരം കിട്ടിയതാണെന്ന് ചിന്തിക്കുന്നവർക്കും കുമിഞ്ഞുകൂടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളാൽ ജീവശ്വാസം നിലനിർത്താൻ പാടുപെടുന്ന ഭൂമിയെ സ്നേഹിക്കുന്നവർക്കും വിഷമയമായ ഭക്ഷണപദാർത്ഥങ്ങൾ കഴിക്കാൻ നിർബന്ധിതരായി ജനിതകമാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്ന വരുംതലമുറയെ സ്നേഹിക്കുന്നവർക്കും ഗ്രീൻ പാലിയേറ്റീവ് ഒരു സങ്കേതം തന്നെയാണ്.

നാമോരോരുത്തരും മഹിതമായ ഈ മൂല്യങ്ങളുടെ ധ്വജവാഹകരായി സ്വയം മാറുമ്പോൾ, നാളേക്കായി ചില പദ്ധതികളും കർമ്മരേഖകളും തയ്യാറാവുകയാണ്. അവ നമ്മുടെ ജീവിത പരിസരങ്ങളിൽ പ്രാവർത്തികമാകുന്നതോടുകൂടി സന്തോഷത്തിന്റെ സമത്വസുന്ദരമായ ഒരു ഭൂമിക്കും മനുഷ്യനുമായി ആകാശത്തോളം നമുക്ക് സ്വപ്നങ്ങൾ കാണാം. ഗ്രീൻ പാലിയേറ്റീവ് മുന്നോട്ട് വയ്ക്കുന്ന ചില പ്രവർത്തനങ്ങളെ കൂടെ പരിചയപ്പെടുത്താം.





# ഭിന്നശേഷിദിനത്തിൽ ചക്രക്കസേര റാലി

**മലപ്പുറം:** വായകൊണ്ട് ചിത്രം വരച്ച് മുൻരാഷ്ട്രപതി അബ്ദുൽകലാമിന്റെ പ്രശംസ പിടിച്ചുപറ്റിയ ജസ്സർ കോട്ടക്കുന്ന് ചെയർമാനായ ഗ്രീൻ പാലിയേറ്റീവിന്റെ റാലിയിൽ ഭിന്നശേഷിക്കാരുടെ യഥാർഥമുഖം വ്യക്തമാക്കുകയായിരുന്നു.

ശരീരംതളർന്നിട്ടും ഒട്ടും വകവെക്കാതെ ജീവിതത്തിൽ അദ്ഭുതം കാഴ്ചവെച്ച ജസ്സറിനെപ്പോലെയുള്ളവരുടെ വ്യത്യസ്തമായ റാലിയായിരുന്നു ലോകഭിന്നശേഷിദിനത്തിൽ മലപ്പുറത്ത് വ്യാഴാഴ്ച നടന്നത്.

ചക്രക്കസേരയിൽ സഞ്ചരിക്കുന്നവരെല്ലാം രോഗികളല്ല. ആരോഗ്യമുള്ള ആളുകളാം ചക്രക്കസേരയിൽ സഞ്ചരിക്കുന്നു. ഞങ്ങളും മറ്റുള്ളവർ ലോകം കാണുന്നതിൽ നിന്നും കൂടുതൽനേരം കാണുന്നു. സുഖസൗകര്യങ്ങളാം കൊണ്ട് ആർക്കും എവിടെയും എത്താം.

എന്നാൽ ചക്രക്കസേരയിൽ സഞ്ചരിക്കുന്നവർക്ക് പലയിടങ്ങളിലും അവഗണനമാത്രമാണ്. പൊതുസ്ഥലങ്ങളിലും ആരാധനാലയങ്ങളിലും ഇവർക്ക് കയറാൻ റാംപുകളില്ല.

പടികളാം മാത്രമാണ് എല്ലായിടങ്ങളിലും. പരസഹായമില്ലാതെ ഇത്തരം അവസരങ്ങളിൽ ഒറ്റപ്പെടൽ അനുഭവിക്കുന്നവർക്കായി റാംപുകളാം സ്ഥാപിക്കുക എന്ന ആവശ്യം ഉന്നയിച്ചാണ് റാലിനടത്തിയത്.

മൂന്നാംപടി മുതൽ കളക്ടറുടെ ഓഫീസ് വരെയായിരുന്നു റാലി. കളക്ടറുടെ ചേമ്പറിലേക്ക് സ്ഥാപിച്ച റാംപ് കഴിഞ്ഞദിവസം ഉണ്ടാക്കിയത് റാലിയുടെ പ്രസക്തി വർധിപ്പിച്ചു.

റാലി നഗരസഭാ അധ്യക്ഷ സി.എച്ച്. ജമീല ഉദ്ഘാടനം ചെയ്തു. എസ്.പി. റിച്ചാർഡ് വർഗീസ് ഫ്ലാഗ് ഓഫ് ചെയ്തു. കളക്ടർ ടി. ഭാസ്കരൻ, ജനചന്ദ്രൻ, സക്കീന പുൽപ്പാടൻ, ജസ്സർ കോട്ടക്കുന്ന് എന്നിവർ സംസാരിച്ചു.



തളരാത്ത കൈയടി.....ലോക ഭിന്നശേഷിദിനത്തിൽ ഗ്രീൻപാലിയേറ്റീവ് പ്രവർത്തകർ മലപ്പുറത്തു നടത്തിയ ചക്രക്കസേര റാലി കളക്ടറേറ്റിലെത്തിയപ്പോൾ ക്ഷീണമകറ്റാൻ കിടന്നെങ്കിലും പ്രസംഗംകേട്ട് ആവേശത്തോടെ കൈയടിക്കുന്ന യുവാവ്

1. **വീൽചെയർ സൗഹൃദപ്രസ്ഥാനം**: നീലാകാശത്തിലെ വെള്ളമേഘങ്ങളുടെയും, ഇണക്കുരുവികളുടെ കൊക്കുരുമ്മലിന്റെയും പൂക്കളോടുള്ള പൂമ്പാറ്റകളുടെ കിന്നാരം ചൊല്ലലിന്റെയും കാഴ്ചകൾ വിലക്കപ്പെട്ട കുറേ മനുഷ്യർ നമ്മുടെ വീടുകളിൽ, അയൽപക്കങ്ങളിൽ, ബന്ധുവീടുകളിൽ, പലപേരുകളിൽ രൂപങ്ങളിൽ കാണാം. അപകടങ്ങളിലും രോഗങ്ങളിലും പെട്ട് കൈകാലുകളുടെ ശേഷി നഷ്ടപ്പെട്ട ഹതഭാഗ്യരായ കുറെ മനുഷ്യജന്മങ്ങൾ.

ആരാണ് സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായുവും, ചലനത്തിന്റെ സന്തോഷങ്ങളും അവർക്ക് തടഞ്ഞത്. ശതലക്ഷങ്ങൾ ചെലവഴിച്ച് നമ്മൾ കെട്ടിപൊക്കിയ നമ്മുടെ പാർപ്പിടങ്ങളിലും, കലാലയങ്ങളിലും, ആതുരാലയങ്ങളിലും, ആരാധനാലയങ്ങളിലും അവരുടെ ചക്രക്കസേരകളുടെ സഞ്ചാരസ്വാതന്ത്ര്യം തടഞ്ഞതാരാണ്? അവരെ ആജീവനാന്ത തടവിന് വിധിക്കാൻ കണ്ണ്തുറക്കാത്ത നീതിയുടെ ഏത് ദേവതയാണ് നമ്മോട് മൊഴിഞ്ഞത്.?

നമ്മളൊന്ന് മനസ്സുവച്ചാൽ തച്ചുടക്കാവുന്നതേയുള്ളു. അവരുടെ മുന്നിൽ വഴി മുടക്കി നിൽക്കുന്ന ഈ പടിക്കെട്ടുകൾ. നമ്മുടെ വീടകങ്ങളും കലാലയങ്ങളും ആതുരാലയങ്ങളും ഓഫീസുകളും ആരാധനാലയങ്ങളും ഗതാഗതസംവിധാനങ്ങളും ചക്രക്കസേരകൾക്ക് കൂടി ഉരുണ്ട് കയറുവാൻ തരത്തിൽ ഒന്ന് സംവിധാനിച്ചാൽ അവരുടെ നഷ്ടപ്പെട്ട നീലാകാശങ്ങൾ നമുക്ക് തിരിച്ചുപിടിക്കാം.

ഈ വിഷയത്തിൽ മനുഷ്യസ്നേഹികളുടെ ശ്രദ്ധ കൊണ്ടുവരുന്നതിനായി ലോകവികലാംഗദിനമായ ഡിസംബർ 3ന് മലപ്പുറത്ത് വീൽചെയർ സൗഹൃദ സംസ്ഥാനം എന്ന ക്യാമ്പയിന് തുടക്കമിട്ടു. മാറ്റങ്ങൾ അത്ഭുതപ്പെടുത്തുന്നതായിരുന്നു. വിഷയം അവതരിപ്പിച്ചപ്പോൾ തന്നെ കളക്ടർ സിവിൽ സ്റ്റേഷനിൽ റാംപ് നിർമ്മിച്ചു. സർക്കാർ ഓഫീസുകളിൽ റാംപുകൾ നിർമ്മിച്ചിരിക്കണമെന്ന് ഉത്തരവിടുകയും ചെയ്തു. ഓഫീസുകളിലെല്ലാം വീൽചെയറിലുള്ളവർക്ക് നേരിട്ട് എത്താവുന്ന തരത്തിലേക്ക് മാറി. കേരളത്തിലെ കെ. യു. ആ.ടി.സി ബസ്സുകളെല്ലാം വീൽചെയർ സൗഹൃദമാവുകയും മലപ്പുറത്ത് പുതുതായി നിർമ്മിക്കുന്ന കെ. എസ്. ആർ. ടി. സി. ബസ്സുകളെല്ലാം വീൽചെയർ സൗഹൃദമാക്കുമെന്നും മലപ്പുറത്ത് പുതുതായി നിർമ്മിക്കുന്ന കെ. എസ്. ആർ. ടി. സി. ബസ് ഡിപ്പോ വീൽചെയർ സൗഹൃദമായിരിക്കുമെന്നും അധികാരികൾ ഉറപ്പുതന്നു. തടസ്സങ്ങളില്ലാതെ സ്വപ്നങ്ങൾക്കുനേരെ ചക്രമുരുട്ടാൻ കഴിയുന്ന നല്ലൊരു നാളേക്കായ് ഗ്രീൻ പാലിയേറ്റീവ് ഇന്നും പ്രവർത്തിക്കുന്നു.

2. Poiesis : വർഷങ്ങളായി വീട്ടിലെ നാല് ചുവരുകൾക്കുള്ളിൽ കട്ടിലിലും വീൽചെയറിലുമായി ഒതുങ്ങിപ്പോയവർ. കിടപ്പുമുറിയിലെ കിളിവാതിലിലൂടെ കാണുന്ന ആകാശചതുരമല്ലാതെ പുറംകാഴ്ചകൾ നിഷേധിക്കപ്പെട്ടവർ. അങ്ങനെയുള്ള കുറച്ചുപേർക്കായി പ്രകൃതി സൗന്ദര്യം ആസ്വദിക്കാനും യാത്രചെയ്യാനുമായി ഒരുക്കിയ ഒന്നാണ് poiesis എന്നു പറയുന്നത്. "poiesis' എന്നാൽ കൊക്കൂണിലെ സമാധിയിൽ നിന്ന് ശലഭമായി പുറത്തുവരുന്ന അവസ്ഥയെ വിശേഷിപ്പിക്കാനുള്ള വാക്കാണ്.

മലപ്പുറം ജില്ലയിലെ പാണ്ടിക്കാടുള്ള സൽവ വൃദ്ധസദനത്തിലെ നിവാസികളോടൊത്ത് നിലമ്പൂരിലേക്കും വീടകങ്ങളിൽ ഒതുങ്ങിപോയ പത്തോളം പേരെ തിരഞ്ഞെടുത്ത് വയനാട്ടിലേക്കും നടത്തിയ യാത്രകൾ എത്രയോ മനോഹരമായിരുന്നു. കൊടുംകുറ്റവാളികൾക്കു പോലും തടവറകളിൽ കാലാകാലം കഴിയേതില്ലാത്ത് ഈ ലോകത്ത് വീട്ടുചുവരുകളുടെ തടവിൽ അക്ഷരാർത്ഥത്തിൽ ജീവപര്യന്ത്യം തടവ് അനുഭവിക്കേണ്ടിവരുന്ന  കുറേ മനുഷ്യർ നമുക്ക് ചുറ്റുമുണ്ടെന്നത് വേദനിപ്പിക്കുന്ന അറിവ് . ഇങ്ങനെ ശിക്ഷിക്കപ്പെടാനുള്ള കുറ്റമാണോ ചലനശേഷി നഷ്ടപ്പെടുക എന്നത് . ഈ പ്രകൃതിയെ ആസ്വദിക്കാൻ പുറം ലോകവുമായി ഇടപഴകാൻ അവർക്കും മോഹമുണ്ട്.. തളർന്നു പോയ ശരീരത്തിനുള്ളിൽ തളരാത്ത മനസ്സുണ്ട്. ഒരു ഒഴുവുദിവസം അവർക്കായി നീക്കിവെച്ചാൽ ഈ ജിവിതകാലം മുഴുവൻ അവരുടെ ഉള്ളിൽ പച്ചപിടിച്ചു നിൽക്കുന്ന ഒരു നാൾ സമ്മാനിക്കാൻ കഴിയുമെന്ന തിരിച്ചറിവായിരുന്നു ഈ യാത്രകൾ.......

വയനാട്ടിലേക്കുള്ള യാത്രയിൽ ആവേശം പകരാൻ മാരിയത്ത് ഉണ്ടായിരുന്നു കൂടെ. തന്റെ ഇച്ഛാശക്തി കൊണ്ടും സർഗ്ഗശേഷികൊണ്ടും വീടകവും വീൽചെയറും കടന്ന് പുതുയൊരു ലോകം സാധ്യമാണെന്ന് നമ്മെ വിസ്മയിപ്പിച്ച എഴുത്തുകാരിയും ചിത്രകാരിയും അതിനും അപ്പുറം വിശേഷണങ്ങളിൽ ഒതുങ്ങാത്ത മാരിയത്ത് എന്ന പ്രതിഭ.

കോരിയെടുക്കാനും എത്രദുർഘടമായ വഴിയിലും വീൽചെയർ തള്ളികൊണ്ടുപോകാനും കാഴ്ചകൾ കാട്ടികൊടുക്കാനും ഹൃദയത്തോട് ചേർത്ത് പിടിച്ചുകൊണ്ട് Green Paliativ e ന്റെ വാളണ്ടിയർമാർ. യാത്രകൾക്കവസാനം ഓർമ്മക്കായി



ഓരോ യാത്രികർക്കും സമ്മാനപ്പൊതികൾ നൽകികൊണ്ട് യാത്ര അവസാനിക്കുമ്പോൾ, വരണ്ടുപോയ താഴ്വരയിൽ മഴമേഘങ്ങൾ കൂട്ടുകൂടുന്നതും വസന്തം പെയ്തുതുടങ്ങുന്നതും, മണ്ണിൽ പച്ചപ്പിന്റെ വൻകാടുകൾ തഴച്ചു വളരുന്നതും അവരുടെ കണ്ണുകളിൽ ഞങ്ങൾ കണ്ടു. ഇനിയും യാത്രകൾ സംഘടിപ്പിക്കണം. വികാരങ്ങളെയും വിചാരങ്ങളെയും ഉള്ളിലൊളിപ്പിച്ച് നിശബ്ദമായിരിക്കുന്നവരെ തട്ടിയുണർത്തണം അവരുടെ ചിറകുകൾ നിവർത്തിപ്പിടിക്കണം.

3. **സ്നേഹത്തിന്റെ തലോടലുകൾ** : കാലം പുരോഗമനവും പേറി മുന്നോട്ട് പോയപ്പോൾ മനുഷ്യൻ മാനവീക മൂല്ല്യങ്ങളുടെ കാര്യത്തിൽ പിന്നിലേക്കാണ് പോകുന്നത്. പെറ്റുനൊന്ത് വളർത്തിയ മാതാപിതാക്കളാണിതെന്ന് പോലും മറന്ന് പ്രായമാവുമ്പോൾ അവരെ വൃദ്ധസദനങ്ങളിലേക്ക് തള്ളുന്നു. പ്രായമായ മാതാപിതാക്കൾ വീട്ടിലുണ്ടാവുന്നത് വീടിന്റെ ഭംഗിക്ക് കുറവാണെന്ന് പോലും കരുതുന്നവർ ഒട്ടേറെ. വാർദ്ധക്യം രണ്ടാം ബാല്യമാണെന്ന് ഗ്രീൻപാലിയേറ്റീവ് ഉറച്ചു വിശ്വസിക്കുന്നു. നമ്മെ ബാല്യത്തിൽ എങ്ങനെ അവർ സംരക്ഷിച്ചുവോ അതേ സംരക്ഷണമാണ് അവരും ആ പ്രായത്തിൽ ആഗ്രഹിക്കുന്നത്. വൃദ്ധസദനങ്ങളിലല്ല വീടുകളിൽ തന്നെയാണ് നമ്മുടെ ഉപ്പ ഉമ്മമാർ പരിപാലിക്കപ്പെടേണ്ടതെന്ന് ഉറക്കെ പറയുകയും പുതുതലമുറയെ ബോധവൽക്കരണം നടത്തുകയും ചെയ്യുന്നു.

മലപ്പുറം ജില്ലയിലെ പാണ്ടിക്കാടുള്ള 'സൽവ കെയർ ഹോം' ഇടയ്ക്കിടക്ക് സന്ദർശിക്കുകയും നിവാസികളുമായി നല്ലൊരു ബന്ധം വച്ചുപുലർത്തുകയും ചെയ്യുന്നു. അതുപോലെ അരീക്കോട് പഴംപറമ്പിൽ സ്ഥിതിചെയ്യുന്ന 'കണ്ണുകാണാത്തവരുടെ അഗതിമന്ദിര' നിവാസികളെയും ഇടയ്ക്കിടക്ക് സന്ദർശിക്കുകയും അവർക്കാവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുന്നു.

ആരാണീ കൂട്ടായ്മയ്ക്ക് പിന്നിലെന്ന് ന്യായമായി പലരും ചോദിക്കാറുണ്ട്. കാലം കടുത്ത പരീക്ഷണത്തിലൂടെ നാലു ചുവരുകൾക്കിടയിൽ തളർത്തിയിടാൻ ശ്രമിക്കുകയും പതറാതെ മുന്നോട്ട് നീങ്ങുകയും ചെയ്തൊരു യുവാവ്. അതെ വെളിമുക്ക് സ്വദേശി റഊസ് ഹിദായ് അവനാണ് തങ്ങളുടെ ഊർജ്ജം.

പത്താംക്ലാസ്സ് പരീക്ഷ കഴിഞ്ഞ് സ്കൂൾ വാർഷികത്തിന്റെ തലേദിവസം, സ്കൂളിന് മുന്നിൽ സ്ഥാപിക്കാനുള്ള കമാനങ്ങൾ എടുക്കാൻ പോയ വാഹനം അതിവേഗത്തിൽ വന്ന മറ്റൊരു വാഹനവുമായി അപകടത്തിൽ പെട്ട് റഊഫിന്റെ തലയൊഴികെയുള്ള ശരീരഭാഗങ്ങളുടെ ചലനം നഷ്ടപ്പെടുകയും ചെയ്തു. റഊഫും തളർച്ചയുടെ വക്കിലായി. ഒരു വേള ദൈവവിശ്വാസം പോലും നഷ്ടപ്പെട്ടു. പക്ഷെ റഊഫ് തളരാൻ തയ്യാറല്ലായിരുന്നു. ആ ഒറ്റമുറിക്കുള്ളിൽ നിന്നും പോരായ്മകൾ മറന്ന് പ്രതീക്ഷയുമായി മുന്നോട്ട് നീങ്ങി. ലോകവുമായി സംവേദിച്ചു. ആശയങ്ങൾക്ക് തിരിതെളിച്ചു. പലപ്പോഴും അത്ഭുതപ്പെടാറുണ്ട്................. ഞാനെത്രയോ ഭാഗ്യവാനാണെന്ന് പുഞ്ചിരിച്ച് പറയുന്ന റൗഫിന് ചുറ്റും പറ്റിപ്പിടിച്ചാണ് ഗ്രീൻ പാലിയേറ്റീവ് രൂപം കൊണ്ടത്. രക്തബന്ധത്തെ വെല്ലുന്ന സൗഹൃദങ്ങളും ഈ പച്ചമരത്തിന്റെ തണലിൽ ആരുമറിയാതെ വളർന്നുകൊണ്ടിരിക്കുന്നു.

ഒരു പാട് ചെയ്യാനുണ്ടിനിയും. നല്ലൊരു നാളേയ്ക്കായ് കരുത്തോടെ മുന്നേറണം. ഒരു പാട് പ്രാർത്ഥനകൾ കൂട്ടിനുണ്ട് എന്നതാണ് ബലം. ഗ്രീൻ പാലിയേറ്റീവ് ചെയർമാനും പ്രമുഖ മൗത്ത് പെയിന്ററുമായ ജസ്ഫർ. പി. കോട്ടക്കുന്ന് പറഞ്ഞുവെയ്ക്കുമ്പോൾ ആ മുഖത്തുണ്ടായിരുന്നത് തെളിച്ചമാർന്ന പുഞ്ചിരിയായിരുന്നു.

ഈ കൂട്ടായ്മയുടെ ബലം ബഹുഭൂരിഭാഗവും വിദ്യാർത്ഥികൾ ആണ് എന്നതാണ്. ഈ കൂട്ടത്തിന് നാളെകളിൽ ചരിത്രം രചിക്കാനാവുമെന്ന് നമുക്കുറപ്പിക്കാം........



**Safna Sherin. K**
*IV[th] Sem. Bcom Finance*



# Bleary Choices

When the clouds come crashing
Over your head,
With bits pointing down
Shrapnel stuck in your shell
The flesh inside intact
And throbbing nevertheless
You did wish, you did die
And sink into the earth
Leaving nothing but your soul
Hanging up above the sky
And to Never regret the fall
But life down here.....
Isn't any heaven at all....!



**Asharudheen. P**
*II[nd] Sem. B.A. History*





# ബദലുകളും റിബലുകളും- ചില പുനരാലോചനകൾ

വൈരുദ്ധ്യ ചിന്തക്കു പ്രാധാന്യമുണ്ടായിരുന്ന കാലത്താണ് ബദലുകൾ എന്ന സങ്കല്പത്തിന് പ്രസക്തിയുണ്ടായിരുന്നത്. ഇന്ന് ലോകവ്യാപകമായി വൈരുദ്ധ്യചിന്ത പിറകോട്ടടിക്കപ്പെടുകയാണ്. പകരം ബഹുത്വത്തിന്റെയും സാസ്കാരിക-വൈവിധ്യങ്ങളുടെയും അടിസ്ഥാനത്തിലാണ് ഇപ്പോൾ കാര്യങ്ങൾ വീക്ഷിക്കപ്പെടുന്നതും വിലയിരുത്തപ്പെടുന്നതും. ബദലുകൾ അപ്പാടെ കാലഹരണപ്പെട്ടുവെന്നല്ല ഇവിടെ സൂചിപ്പിക്കുന്നത്. മറിച്ച്, മുൻകാലത്ത് 'ഇടതുപക്ഷം' പോലുള്ള സങ്കല്പങ്ങൾക്ക് കിട്ടിയതിന് സമാനമായ സ്ഥാനം ബദലുകൾക്ക് കൊടുക്കുന്നതിൽ അപാകതയുണ്ടെന്ന് പറയുന്നതേയുള്ളൂ.

ബദലുകളുടെ അർത്ഥ വ്യാപ്തി ലോകം ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. സോഷ്യൽ മീഡിയ കാലത്തെ സാർവ്വദേശീയ വിമതന്മാരാണ് ജൂലിയൻ അസാഞ്ചും എഡ്വേർഡ് സ്നോഡനും, ഇവർക്ക് മുമ്പു തന്നെ 'ടൊറന്റ്' സൈറ്റുകളുടെ സ്ഥാപകരായ വിമത ബുദ്ധിജീവികൾ യൂറോപ്പിലും അമേരിക്കയിലും, ഭരണകൂടങ്ങളുടെയും കോർപ്പറേറ്റ് സ്ഥാപനങ്ങളുടെയും ശത്രുക്കളായി മാറി



യിരുന്നു. ഇവരിൽ പലർക്കും ജയിൽ വാസമോ, നാടുകടത്തലോ, പിഴയൊടുക്കലോ അനുഭവിക്കേണ്ടി വന്നു.

ഇരുമ്പുതാഴിട്ടു പൂട്ടിയ ഭരണകൂട രഹസ്യങ്ങളെ സാങ്കേതിക വിദ്യയുടെ സഹായത്തോടെ വെളിപ്പെടുത്തിയതിനാലാണ് ഇവരുടെ വിമതത്വം ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെട്ടത്. നവമുതലളിത്തത്തിന്റെ പ്രധാനപ്പെട്ട രക്ഷാകവചമായ പകർപ്പവകാശ നിയമങ്ങളെ വൻതോതിൽ അട്ടിമറിയ്ക്കാനും സാധിച്ചു. സ്നോഡനെപോലുള്ളവരുടെ പ്രവർത്തികൾ ദേശ-രാഷ്ട്രങ്ങളുടെ അതിർത്തികളെ മാത്രമല്ല; പരമാധികാരത്തെയും കടങ്കഥയാക്കുമോ എന്ന വിധത്തിലുള്ള ഭയാശങ്കകളാണ് ഉൽപ്പാദിപ്പിക്കുന്നത്.

'സെപ്റ്റംബർ 11' നുശേഷം എല്ലാ രാഷ്ട്രങ്ങളോടും ഭീകരവാദത്തിനെതിരെ യുദ്ധം ചെയ്യാൻ അമേരിക്ക ആഹ്വാനം ചെയ്യുകയുണ്ടായി. അതിനുശേഷം സാർവ്വദേശീയ തലത്തിൽ ഒരു ഭയം പടർന്നു പിടിച്ചതിനോടൊപ്പം എല്ലായിടത്തുമുള്ള വിമതങ്ങളെ രാജ്യദ്രോഹമായി കാണുന്ന പ്രവണത വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. മുൻകാലത്തെ ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിനായി കരുതിയിരുന്ന പല മനുഷ്യാവകാശ പൗരാവകാശ പ്രസ്ഥാനങ്ങളും, റിബൽ ചിന്തകരും രാജ്യദ്രോഹികളുടെ പട്ടികയിലായത് 11/9 ന് ശേഷമുണ്ടായ സാമ്രാജ്യത്വ സമ്മർദ്ദത്തിന്റെ ഫലമായിട്ടാണെന്നതാണ് വസ്തുത. അമേരിക്കയിൽ പുതുതായി അധികാരത്തിലെത്തിയ ഡൊണാൾഡ് ട്രംപ് അധികാരമേറ്റെടുക്കുന്ന ദിവസം തന്നെ സ്വന്തം ജനതയിൽ നിന്ന് ശക്തമായ വിമർശനങ്ങൾ നേരിടേണ്ടി വന്നു. ഭരണവിരുദ്ധ വികാരത്തെ കേവല വിമർശനത്തിന്റെ ചട്ടക്കൂട്ടിലുൾപ്പെടുത്തി തള്ളിക്കളഞ്ഞത്, പക്ഷെ സമരത്തിന്റെ ആഗോള മാനം വർദ്ധിപ്പിച്ചു.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം അടയാളപ്പെടുത്താവുന്ന ബദൽ മൂവ്മെന്റുകൾ നിരവധിയാണ്. വർഷങ്ങൾക്കു മുമ്പു നടന്ന അണ്ണാ ഹസാരെ മൂവ്മെന്റ് ഈ ഗണത്തിൽപ്പെടുത്താവുന്നതാണ്. പക്ഷെ ഈ പ്രസ്ഥാനത്തിന്റെ പിന്നീടുള്ള ഉൾവലിവും, ജാതി- ലിംഗ വ്യവസ്ഥയോടുള്ള സമീപനവും ദലിതുകളും മറ്റ് കീഴാള ബുദ്ധിജീവികളും നിശിത വിമർശനങ്ങൾ കൊണ്ട് മൂടി. ഡൽഹിയിൽ നടന്ന ബലാൽസംഗ വിരുദ്ധ പ്രക്ഷോഭവും വലിയ ബദൽ മൂവ്മെന്റായാണ് പരിഗണിക്കപ്പെടുന്നത്, എങ്കിലും ഈ പ്രക്ഷോഭത്തിന്റെ വിവിധ തലങ്ങളെ ആഴത്തിൽ അപ നിർമ്മിച്ചുകൊണ്ടുള്ള 'വിമതസ്വരം' പലരും ഏറ്റെടുത്തു. 2016 ന്റെ മധ്യാഹ്നങ്ങളിൽ രാജ്യത്തെ ഉന്നതകലാശാലകളിൽ നിന്ന് മുഴങ്ങിക്കേട്ട മുദ്രാവാക്യങ്ങൾ സുപ്രധാനമായ ചില ഗതിമാറ്റങ്ങളെ കുറിക്കുന്നതായിരുന്നു. ഭരണകൂടത്തിന് നേരെയുള്ള വിമർശനങ്ങളെ ഒരൊറ്റ രാത്രികൊണ്ട് നിശബ്ദമാക്കപ്പെടുന്ന ഭീതിജനകമായ സാഹചര്യങ്ങൾക്കും നമ്മൾ സാക്ഷികളായി.

ദേശരാഷ്ട്രം ഓരോ കുഴപ്പത്തിൽ ചെന്ന് ചാടുമ്പോഴും രണ്ടു തരത്തിലുള്ള ഒറ്റമൂലികൾ പ്രയോഗിക്കപ്പെട്ടാൽ സർവ്വരോഗ പരിഹാരം കിട്ടുമെന്ന് വിധത്തിലുള്ള മുറവിളികൾ ഉയരാറുണ്ട്. 'ഗാന്ധിയൻ ബദൽ' അല്ലെങ്കിൽ 'നക്സൽ റിബൽ' എന്നിവയാണ് ഈ ഒറ്റമൂലികൾ. രണ്ടിന്റെയും ഉറവിടം ഇന്ത്യയിലെ യാഥാസ്ഥിതിക സവർണ്ണ മൂല്യ മണ്ഡലമാണെന്നത് യാദൃശ്ചികമല്ല. കീഴാളരും സ്ത്രീകളും ന്യൂനപക്ഷങ്ങളും വിഷയീസ്ഥാനത്തേക്ക് ഉയരുന്ന ഘട്ടങ്ങളിലെല്ലാം മേൽപറഞ്ഞവയെപ്പറ്റിയുള്ള ഗൃഹാതുരത്വസ്മരണകളും കാൽപനിക വർണ്ണനകളും മുഖ്യധാരയിലും ജനപ്രിയ സാഹിത്യത്തിലും സിനിമകളിലും കുത്തിയൊഴുകാറുണ്ട്.

ഗാന്ധിയൻ ബദലുകളിൽ നിന്നും നക്സൽ മാർക്സിയൻ റിബലുകളിൽ നിന്നും വേറിട്ടാണ് ഇന്ത്യയിലെയും കേരളത്തിലെയും അരികുവൽകൃത വിഭാഗങ്ങളുടെ ചലനാത്മകത (മൊബിലിറ്റി) ദൃശ്യമായത്. ഇന്നത്തെ ന്യൂനപക്ഷ പ്രസ്ഥാനങ്ങൾ ഉണ്ടായതും കീഴാള സ്ത്രീകളുടെ സ്വത്വരൂപീകരണം സാധ്യമായതും മേൽപ്പറഞ്ഞവയുടെ സ്വാധീനഫലമായിട്ടല്ല. ഉത്തരാധുനികമായ ചിന്താധാരകളും ജീവിതരീതികളും വികസിച്ചുവന്നതിലും ഇവയ്ക്ക് നിർണ്ണായകമായ പങ്കില്ല. എന്നാൽ ഇവയ്ക്ക് പുറത്ത് നിരവധി ബദൽ- റിബൽ സാന്നിധ്യങ്ങൾ ഉണ്ടെന്നത് വസ്തുതയാണ്. അവയെ തിരിച്ചറിയാനും സംവദിക്കാനും നമുക്ക് കഴിയുമ്പോഴാണ് ക്രിയാത്മകത ബദലുകൾ വീണ്ടും ഉയർന്നു വരുന്നത്.



**Aneesa Risva. P**
*II[nd] Sem. BSc. Physics*

# പിഴച്ചവൾ



എവിടെ നിന്നെന്നറിയില്ല
ആരുടേതെന്നറിയില്ല
പെണ്ണായ് പിറന്ന അവൾ
ഇന്നും തനിച്ചാണ്

പിഴച്ചു പെറ്റവൾ
എന്നാരൊക്കെയോ വിളിച്ചു
തന്തയില്ലാത്തവൾ
എന്ന് മറ്റുചിലരും

പെണ്ണായിപ്പോയി എന്ന
ഒരൊറ്റ കാരണത്താൽ
സമൂഹത്തിനു നടുവിൽ
എന്നും അവൾ അബലയാണ്
അവൾക്ക് മുന്നിൽ പകലില്ല
നിലാവോ വെളിച്ചമോ ഇല്ല
രാത്രിയുടെ യാമം മാത്രം
ഇരുൾ മൂടിയ രാത്രി

എന്നും അവൾ ഭയക്കുന്നു
ചില ക്രൂരമായ നോട്ടങ്ങൾ
വാളിനേക്കാൾ മൂർച്ചയുള്ള
അസഭ്യമായ വാക്കുകൾ

അവൾ പലർക്കും പലതാണ്
ഇഷ്ടമുള്ള വിളിപ്പേരുകൾ
വേശ്യയെന്നോ ഏഭ്യയെന്നോ
അവൾക്കർത്ഥവുമറിയില്ല

ചിലരവളെ ആസ്വദിക്കുന്നു
അതെന്തിനെന്നവൾക്കറിയില്ല
അവളിലെ നിഷ്കളങ്കത
ആരും തന്നെ തിരിച്ചറിഞ്ഞില്ല

ബാല്യമെന്നോ കുട്ടിത്തമെന്നോ
പറഞ്ഞ് അവൾ കേട്ടിട്ടുണ്ട്
അതനുഭവിക്കാമായിരുന്നു പക്ഷെ
അവളന്നേ ഒരു സ്ത്രീയായിരുന്നു

തെരുവോ അഴുക്കുചാലോ
അവൾക്ക് വ്യത്യാസമില്ലായിരുന്നു
തെരുവിലെ നാൽക്കാലികൾ
കൂടപ്പിറപ്പുകളായിരുന്നു

ഭക്ഷണാവശിഷ്ടങ്ങൾ
അവളുടെ വിശപ്പ് മാറ്റിയിരുന്നു
ചെളിയും മഴവെള്ളവും
പട്ടുമെത്തയായിരുന്നവൾക്ക്

ഓരോ ദിവസവും തീരുന്നത്
ഓരോ നൂറ്റാണ്ടുപോലെ
പ്രായം കൂടുന്നതും
അവൾ അറിയുന്നതേയില്ല

ചിരിക്കാൻ അവൾക്കറിയില്ല
കരയാൻ അവൾ അർഹയുമല്ല
ഭാവങ്ങൾ ഒന്നുമേയില്ല
അഭിനയമോ വശമില്ല

ആളുകൾക്കൊത്ത് ചാഞ്ചാടാൻ
മാത്രം അവൾ പഠിച്ചു
അല്ല അവൾ പഠിച്ചെന്നല്ല
സമൂഹം പഠിപ്പിച്ചതാണ്.

ആർക്കോ പറ്റിയ തെറ്റാണവൾ
അതിനവളെന്ത് പിഴച്ചു
ഒടുവിൽ ഒരു സത്യം കൂടി
അവളിലുണ്ട് മറ്റൊരു ജീവൻ

ഒരു കയറിന്റെ തുമ്പത്ത്
പിടഞ്ഞു തീരുമ്പോഴും
അവളാഗ്രഹിച്ചതൊന്ന് മാത്രം
അവനൊരാണായിരുന്നെങ്കിൽ!



**Thulasi**
*IV th Sem. B.A. History*

# നിശ്ശബ്ദ തീരം തേടി........

അറിയാതെയെങ്ങോ വന്നതിവിടെ,
മനുഷ്യനെയറക്കുന്ന വഴിയിൽ
വിദൂരത കനക്കുമീയിരുളിനു
കിരാതമാം മുഖം മൂടി മാത്രം...
മനങ്ങൾ ചലിക്കുന്നിതസ്ത്രങ്ങളായ്,
കർമ്മത്താൽ പിടയുന്നിതായിരങ്ങൾ
പൊൻതിളക്കം പടർത്തുന്ന സൂര്യനെൻ
ശിഷ്ടജീവനുമൂറ്റിയെടുക്കുന്നു.............
പാമ്പുകിടക്കുന്നു വഴിയരികെ
പാപക്കനി തന്നൊരാപാമ്പ്
കരിയില പോലെ കൂടികിടക്കുമീ
യന്ത്രപ്പാവകണക്കെയിടറിക്കൊണ്ടീ
കൈകൾക്കൊപ്പം ചലിക്കുന്ന, മർത്ത്യന്
മുഖമില്ല, ഒട്ടുമേ സമയവുമില്ല, സമാധാനവും.............
കളിക്കുന്നു, ചിരിക്കുന്നു, പാടുന്നതിവിടെ-
യെല്ലാം ഇരുട്ടത്തുമങ്ങിയ വേറിട്ട കാഴ്ചകൾ
യാത്രയാകുന്നു കടലും തിരകളും പിന്നിട്ട്
നല്ലതാം പുതുയുഗത്തെയും തേടി,
കണ്ണിലും കരടായ് കണക്കുതെറ്റിച്ചെന്നെ
കടലുകടത്തുവാനോങ്ങുന്ന നഗരമേ
ഞാൻ മടങ്ങുന്നു............
ഈ കാഴ്ച്ചയുടെ മറയത്തു നിന്ന്
എവിടെനിന്നോ ഇനിയും ചിലക്കുന്ന
ഉത്തരായനകിളിയുടെ നാട്ടിലേക്ക്
നഗരമേ നിനക്കു വിട...........




Raheema Sherin K.K
*II[nd] Sem. B.Com - C*




# എരിഞ്ഞമർന്ന ഇതളുകൾ

ഇരുട്ട് മൂടിയ ആ ജയിൽ മുറിയിലേക്ക് മൂകതയുടെ കൊച്ചുനാദസ്വരങ്ങൾ പോലെ നടന്നുവന്ന ആ കാറ്റ് അവളെ വല്ലാതെ അസ്വസ്ഥയാക്കി. അപ്പോഴും അവളുടെ മനസ്സിന്റെ വീണക്കമ്പികൾ മുറിഞ്ഞുകൊണ്ടേയിരുന്നു. അവളുടെ നീണ്ട മുടിയിഴകൾ കാറ്റിൽ സ്വതന്ത്രമാകാൻ ശ്രമിച്ചു. ചുറ്റും പോലീസുകാരുടെയും മറ്റും കലപില ശബ്ദങ്ങൾ ഉയർന്നു വരികയായിരുന്നു. ആ കൊച്ചു മുറി നിരന്തരമായി അവളെ ശ്വാസം മുട്ടിച്ചുകൊണ്ടേയിരുന്നു. മനസ്സിന്റെ നിഗൂഢതയിൽ പുറംലോകം കാണാനുള്ള മോഹം അവളുടെ മനസിൽ തേങ്ങലോടെ നിലനിൽക്കുകയാണ്. പക്ഷേ താൻ തടവിലാണ്. ദീർഘനാളത്തേക്കുള്ള ഒരു നീണ്ട തടവിൽ അവളുടെ ശരീരമാസകലം ചുട്ടുനീറുകയാണ്, മുറിവിലൂടെ രക്തം വാർന്നൊഴുകുന്നു. തന്റെ

തൊട്ടടുത്ത മുറിയിൽ ഒരു ഭ്രാന്തിയാണ്. സ്വന്തം മക്കളെ വെട്ടിനുറുക്കിയ പേരിൽ അവർ ഈ തടവറയിൽ അകപ്പെട്ടു. രാവിലത്തെ പഴം കഴിക്കാൻ വേണ്ടി പോയപ്പോൾ ഭക്ഷണഹാളിൽ വെച്ച് ആ ഭ്രാന്തി അവളെ വല്ലാതെ നോവിച്ചു. മുറിവേൽപ്പിച്ചു. മുറിയിൽ ഇരുട്ട് തള്ളി കയറികൊണ്ടേയിരുന്നു. രക്തത്തിന്റെ ഒഴുക്ക് അപ്പോഴും നിലച്ചിട്ടില്ല. അതിന്റെ കഠിനമായ ആ ചുവപ്പ് നിറം. അന്നാ ദിവസം എന്റെ ദൈവമേ, .........! അവളുടെ ശബ്ദം ഇടറി. ഒരു ദീർഘനിശ്വാസം പുറത്ത് വിട്ടു. അതോർക്കുമ്പോൾ അവളുടെ മനസ്സ് വിങ്ങിപ്പൊട്ടുകയാണ്.

സ്വപ്നങ്ങളും പ്രതീക്ഷകളും നിലച്ച ആ സന്ധ്യ. അപ്പോഴേക്കും അവളുടെ കണ്ണിൽ നിന്നും നേർത്ത തുള്ളികൾ വഴുതി വീണു. കൊച്ചുനാളിലെ അവളുടെയും അച്ഛന്റെയും വലിയ പ്രതീക്ഷയ്ക്ക് തിരികൊളുത്തിയാണ് വലിയൊരു ഐ.എ.എസ്.കാരിയാകാനുള്ള മോഹം അവളിൽ പൊട്ടിമുളച്ചത്. അമ്മപെങ്ങൻമാരെയും തിരിച്ചറിയാനാവാത്ത നരഭോജികൾക്കിടയിൽ ആർക്കുവേണ്ടിയാണ് ഇങ്ങനെയൊരു പദവി എന്ന് അവർ ക്രൂശ്യത്തോടെ മനസ്സിൽ ചോദിച്ചു. എന്തിനുവേണ്ടി? അവൾ പുച്ഛത്തോടെ പറഞ്ഞു. അന്ന് ഓഫീസിൽ നിന്നും വൈകിയാണ് തിരിച്ചുപോന്നത്. രാവിലെ അച്ഛനാണ് അവളെ കൊണ്ടാക്കിയത്. തിരിച്ച് വരാൻ വൈകുമെന്ന് നേരത്തെ അച്ഛനോട് വിളിച്ച് പറഞ്ഞിരുന്നു. പക്ഷേ വീട്ടിലെല്ലാവരും തന്റെ ജന്മദിനമായ ആ ദിവസത്തിലെ ശുഭമുഹൂർത്തത്തിനായി കാത്തിരിക്കുകയായിരുന്നു. വീണ്ടും ഓർമ്മയുടെ തിരികൾ അവളിൽ കത്തിജ്ജ്വലിച്ചു. ഓഫീസിൽ നിന്നും തന്റെ വീട്ടിലേക്കുള്ള യാത്ര അവളിൽ വല്ലാതെ ഭീതിയുണർത്തി. രാത്രിയുടെ ആ യാമങ്ങൾ തന്നെ ക്രൂരമായി നോക്കുന്നുണ്ടോ? എന്നവൾ സംശയിച്ചു. പെട്ടന്നതാ ഒരു ശബ്ദം അവൾ പിറകോട്ട് നോക്കി. അതാ ഒരു കൂട്ടം മനുഷ്യമൃഗങ്ങൾ എന്നെ പിന്തുടരുന്നു. അവൾ നടത്തത്തിന്റെ വേഗത കൂട്ടി. പക്ഷേ......... , അവർ അവളെ ക്രൂരമായി മർദ്ദിച്ചു... പിന്നെ തനിക്കൊന്നും ഓർമ്മയുണ്ടായിരുന്നില്ല. അല്പസമയത്തിനു ശേഷം ഒരു ഭ്രാന്തിയെപ്പോലെ അവൾ നിലവിളിച്ചു. തന്റെ ശരീരം ഒന്നനക്കാൻ പോലും അവൾക്ക് ശേഷിയില്ലായിരുന്നു. ഒരു മനുഷ്യജന്മമെങ്കിലും അവിടെ അവർക്ക് തണലുണ്ടായിരുന്നില്ല. " നിലാവിന്റെ പ്രകാശം പോലും. ' വീണ്ടും അവളെ കടിച്ചുകീറാൻ ആ നരഭോജികൾ അവൾക്ക് നേരെ വന്നു. എന്ത് ചെയ്യണമെന്നറിയാതെ അവൾ അമ്പരന്നുനിന്നു. ദയനീയതയുടെ കണ്ണുകളാൽ ദയയുടെ പഴുതുകൾ ആവശ്യപ്പെട്ടുകൊണ്ട് അവൾ അവരെ ഉറ്റുനോക്കി. പക്ഷേ ആ മൃഗങ്ങളുടെ കണ്ണ് തന്റെ ശരീരത്തിലേക്കായിരുന്നു.

> " **ഊരിയെടുത്ത ഇരുമ്പുകമ്പി ഞാൻ അവർക്ക് നേരെ ആഞ്ഞടിച്ചു. നെറ്റിയിൽ നിന്നും ചുടുരക്തം** "

തന്റെ പുറകിൽ ഇരുമ്പ് കമ്പികൾ കൊണ്ട് നിർമ്മിച്ച മതിലായിരുന്നു. അതിൽ നിന്നും ഊരിയെടുത്ത ഇരുമ്പുകമ്പി ഞാൻ അവർക്ക് നേരെ ആഞ്ഞടിച്ചു. അവരുടെ നെറ്റിയിൽ നിന്നും ചുടുരക്തം വാർന്നൊഴുകി. അവർ അമ്പരന്നു. ദൈവം അവർക്ക് വിധിക്കപ്പെട്ട ശിക്ഷ ഇതാവാം. അതുകൊണ്ടാണ് ശരീരം കൊണ്ട് ഒന്നനങ്ങാൻ പോലും കഴിയാത്ത എനിക്ക് ദൈവം ആ ഇരുമ്പുമതിലും അതിൽ നിന്നു ഇരുമ്പ് കമ്പി ഊരിയെടുത്ത് അവരെ കൊലപ്പെടുത്താനും കഴിഞ്ഞത്. അവൾ നെടുവീർപ്പെട്ടു. ഈശ്വരാ അവരുടെ ശ്വാസം നിലച്ചിരിക്കുന്നു. ദൈവമേ എന്റെ സ്വപ്നം. എന്റെ പ്രതീക്ഷകൾ. അവളുടെ ഹൃദയം വിങ്ങിപ്പൊട്ടി. പെട്ടന്നവൾ ഞെട്ടിയുണർന്നു. ഇരുട്ടിന്റെ പൈശാചികമായ ഓർമ്മയിൽ നിന്നും അവൾ തിരിച്ചു വന്നു. അവൾ ചുറ്റും നോക്കി ജയിൽമുറിയുടെ വാതിലിന്റെ ഇളകിയ കമ്പികൾ കാറ്റിൽ ശബ്ദമുണ്ടാക്കിക്കൊണ്ടിരുന്നു. മനസ്സും ശരീരവും ചുറ്റുപാടും എല്ലാം തന്റെ ദുഃഖങ്ങളും സങ്കടങ്ങളും മനസ്സിൽ ഒരുക്കിവക്കാൻ ഒരു കണ്ണീർത്തടം പോലും അവളിൽ അവശേഷിക്കുന്നുണ്ടായിരുന്നില്ല. ഒരു ചെറുകണിക പോലും തിരിച്ചെടുക്കാനാവാത്ത ജീവിതത്തെ ഓർത്തുകൊണ്ട് അവളുടെ കണ്ണുകൾ മെല്ലെ നിദ്രയിലേക്ക് തലചായ്ച്ചു.



Jashida Sherin. C
*IV[th] Sem. B.A. English*

# औरत

वह रो रही है
पहले ज़माने में
वह रसोई के
चार दीवारों के
अन्छकार में थी।

एक घोंसले में पड़ी
चिड़िया की तरह थी।
प्रकाश को इन्तज़ार
करने वाले एक प्राणी थी,
वह उस घोंसले को
तोड़ने की मेहनत की।

आज
उनको मुक्ति मिली।
फिर कोई दीवारों के
अन्धकार में
वह रो रही है।
नारी, कोई शहरों में
वेचने की चीज़ है।
कोई शहरों के भीड़ में
कोई पागल के निकृष्ट हातों पर
फंस गयी है।
वह नारी है
वह बेटी है
वह लड़की है
वह पत्नी है
वह बहन है
और वह माँ भी है,
फिर भी
मैं सुन रही हूँ
उनकी रुलाई।





**Aparna Sreedharan. P**
*II^nd Sem.Bcom Finance*



# കൊഴിയും ഇലകൾ

നിത്യവും നിൻ മനസ്സാം
തരുവിൽ നിന്നും പൊഴിയുന്നു
സ്വപ്നങ്ങൾ തൻ
നീറും ഇലകൾ

പൂവണിഞ്ഞിടും ആശയാൽ
അവൾ നെയ്ത ഇലകൾ
ഇതാ ചുട്ടെരിഞ്ഞിടും പോൽ-
കരിഞ്ഞു വീഴുന്നു

സ്വപ്നങ്ങൾ പടർത്തുവാൻ
ഒരിറ്റു നീർകണത്തിനായി
അവൾ കേഴുന്നു

ഹരിത വർണത്തിൻ നിൻ
തളിരില പുഞ്ചിരി തൂകുമ്പോൾ
പൊഴിയുന്നു ശോകവർണ്ണത്തിൻ
സ്വപ്നങ്ങളാം പത്രങ്ങൾ

ഇനിയൊരു സ്വപ്ന സാക്ഷാ-
ത്കാരത്തിന്റെ പുതുമഴയ്ക്കായ്
അവളാകുന്ന തരു കാത്തിരിക്കുന്നു.



ഈ വൃക്ഷത്തിൻ സ്വപ്നങ്ങളാം
ഇലകൾ ഇനിയും പൊഴിയാതിരി-
ക്കാൻ ഒരു പുതുമഴ
പെയ്തീടുവാൻ അവൾ കേഴുന്നു

ഒരു പ്രതീക്ഷതൻ തിരിനാളം
പോലെ ഒരു തളിരില
കാറ്റിൽ തുള്ളിത്തിമിർക്കുന്നു.



**Rafa Marjan. V**
*II[nd] Sem.B.A English*

# Ma First and Rough Lines in Literature

She told me to write something.
I pledged that I can't coz am a girl like he said
She did never Command me, but she put a word of boast in her talk.
As a Creature of dust, Or a Single-cell of science,
I too felt pride over his quotations,
When I reached the nest, where experienced the Spring and Autumn without a month's interval.
I was stuck again by his words that
Am a girl born from the pages of Aristotle, Mendeleev and Newton.
A great scientific fool plucked into the realm of literature.
Incense kindled at the Muse's flame,
Again I tried to use ma Companion.
She, the cheap Two Rupee Pen, but she can't work alone. She too compelled me to 'look at the nature' -Yup- I replied



Through the criss-crossed iron bars, I could see the blinking of li'l stars, the coconuts and the other elder friends of soil at the elevation. But, the weightless wind distracted the equilibrium of ma small Poppy plant at the depression. It's not a fine One for a verse in my words. It's better of Frost

Then I began to love a man with extreme intensity of ma passionate heart.
And I thought of him for a while.
I tried to awaken the enchanting words like Neruda but it's too dim as a tried One.
The Interval begins in a short time, pa called me to take that white surgical, then I put a light Sulaimani....
Slight Simple Surrounding

Again I was tormented by the Verse for the College Magazine. I realized at once that creativity is something beyond what I have.
I already told them, I have no sense of grammar. I foretold their comments one by one.
If someone were to say "How can this be a poem?"
If someone questioned me "Are you mocking the whole World of Poetry?"
I found an apt reply for my Uniform mates –'You may take it as a Chaplin's Script'
If such questions are asked from the Elite Ones I would easily remember the Young Tutor, who taught me of Poetry.
With One Closed Eye from the Whatzapp Emojii....







# മറന്നുവച്ചത്...

ഇവിടെ ഓർമ്മതൻ പുസ്തകം മറന്നുവയ്ക്കുന്നു
താളുകൾ മെല്ലെ മറിച്ചു നോക്കാം.
വസന്തത്തിൽ കൊഴിഞ്ഞ പൂവിൻ
ഇതളുകളൊന്നായ് പെറുക്കിനോക്കാം.
ഏറെനാളൊന്നിച്ചു കൂടെ നടന്നവർ
ഒരു ബെഞ്ചിലൊരുമിച്ചിരുന്ന്
ഒത്തിരി മോഹങ്ങൾ തമ്മിൽ പറഞ്ഞവർ.
വരാന്തയിൽ തങ്ങിയ സൗഹൃദങ്ങൾ.
തണൽമരച്ചോട്ടിൽ ഇതളിട്ട പ്രണയങ്ങൾ.
ഇവിടെ, ഇടനാഴി പുൽകിയ കാറ്റിനുപോലും
പറയാനുണ്ടൊരു തീരാമഴ പോലെ
നമ്മുടെ കലാലയജീവിതം.



**Shabana fathima. V.K**
*IInd Sem.B.com - C*

# അറിയാതെ പോയ പ്രണയം...




അറിഞ്ഞ നാൾ തൊട്ടിന്നുവരെ
പറഞ്ഞിടാത്ത സ്നേഹം
അറിഞ്ഞിടുന്നു ഇന്നും ഞാൻ
നീ എറിഞ്ഞ അമ്പുകൾ,
നീ നെയ്ത വലകൾ.
കോർത്തിണക്കിയ മലരുകൾ.
പക്ഷെ, പറഞ്ഞിടാൻനിവൃത്തിയില്ല
ഉള്ളിലെ എൻ സ്നേഹം.

കടൽ അതിന്റെ തിരയെ അറിയുന്ന പോൽ
അറിയുന്നു നിന്നെ ഞാൻ
മലർ അതിന്റെ ഇതളിനെചേർക്കുന്ന പോൽ
ചേർക്കുന്നു ഹൃത്തടത്തിൽ ഞാനും.
ഇന്നു ഞാൻ പൊലിഞ്ഞേയ്ക്കാം
എന്നിതൾകൾ പൊഴിഞ്ഞേയ്ക്കാം..
പക്ഷേ, ഇനിയും വരും ഞാൻ
നഷ്ട സാഫല്യമാം നമ്മുടെ
പ്രണയ സാക്ഷാത്കാരത്തിനായ്.....




**FARISA. V.P**
*IV$^{th}$ Sem.BA English*




# മൗനം

ഒരു നിലാവെളിച്ചത്തിൽ
ചിത്രശലഭമായ് നീ എന്നരികെ
മിഴികളാലെൻ ഹൃദയത്തെ സ്പർശിച്ചു.
നിലാവായ് നീലരാവിൽ നിൽപ്പൂ
കിനാവിനാൽ നിൻ മുഖമെന്നും
മറക്കുവാൻ  ശ്രമിച്ചപ്പോഴും
ഓർക്കുവാനായ് വീണ്ടും ആശിച്ചു
കാലമൊരു കടലും കടന്നിരുന്നു..
വസന്തരാവിൽ ഇലകൾ കൊഴിഞ്ഞു,
സ്നേഹത്തിൻ പൂക്കൾ പൊഴിഞ്ഞു
വിടപറയും ആ നിമിഷം
നീ എന്നിൽ നിന്നും പാറിയകലവെ
എന്തോ പറയുവാനായ് ഞാൻ കൊതിച്ചു
എന്തോ പറയുവാനായ് ഞാൻ വിതുമ്പി
പക്ഷെ, എൻ മൗനമത് വിസമ്മതിച്ചു...!



**Namitha Das V.K**
*IV<sup>th</sup> Sem. BCA*

# Forever FLYING




Life is like a camera
That focuses on what is
Important and captures
Good memories,
Happiness and sorrows

Life is a gift
We need to accept
Life is a goal
We must achieve
Life is about love
We have to share
Life is a celebration
We should explore

Life is too short
It starts from somewhere
Goes through a long journey- Time!
A time to enjoy
A time to accomplish
A time to dream
A time to live
At last it ends somewhere.



Rajisha. P.K
*IInd Sem. Bcom CA*

# അന്നൊരുനാൾ

ഒരു പെരും ദു:ഖ കൊടുങ്കാറ്റിലന്നെന്റെ
ഹൃദയകവാടം തുറന്നടഞ്ഞീടവെ
ഒരു സ്നേഹസാന്ത്വനസ്പർശസുഖത്തിനായ്
മിഴി പൂട്ടി ഞാൻ കാത്തു നിന്നു.........
നീഹാരബിന്ദുക്കൾ പൂവിൻ ദളങ്ങളെ
ചുംബിച്ചുണർത്തുന്ന പോലെ
അരികത്തു വന്നെന്റെ ഹൃദയത്തെ മെല്ലെ നീ-
തഴുകി തലോടിയുറക്കി
വേണുവും മുരളിയും ഒന്നെന്നും രണ്ടെന്നും
മാലോകർ തർക്കം മുഴക്കെ,
അലിയുന്നു ഞാനുമെൻ ആത്മദു:ഖത്തിന്റെ
ശിലയുമീ മുരളീരവത്തിൽ
കാപട്യമെന്തെന്നറിയാത്ത ബാല്യത്തിൽ
ചാപല്യശീലമോ ദു:ശ്ശാഠ്യമോ?
മമത ജീവിത മാനസപ്പൊയ്കയിൽ
കാലുഷ്യത്തിന്റെ തിരയിളക്കി
എരിതീയിലെണ്ണയായ് ഒരു പുരുഷാര-
മരിശക്കൊടിയേന്തി നിൽക്കെ,



തകരുന്നു ഞാനും, ഞാനുമെൻ വർണ്ണസ്വപ്നത്തിന്റെ
ചിറകും, നിറങ്ങളും മണ്ണിൽ
പരിശുദ്ധ സ്നേഹത്തെ അറിയുന്ന സ്നേഹിതർ
പപ്പനും, കൃഷ്ണനും കൂട്ടുകാരും
അളവറ്റ സ്നേഹത്തിനമൃതായ് പൊഴിഞ്ഞെന്റെ-
ഹൃദയകുരുവിക്ക് ചിറകുനൽകി
സൗഹൃദമോ, ദു:ഖമോ ഏതാണു ശാശ്വത
സത്യമെന്നറിയാതുഴറിയപ്പോൾ
കേട്ടുഞാൻ സകലതും മിഴിയാണെന്നുള്ള
ആചാര വചനപ്രഘോഷം !



**Haritha. K. T**
*IInd Sem. BSc. Physics*

# ഓർമ്മ

മധുരമാം കാലൊച്ചപോലെ
തെളിയുന്നു എൻ മനസ്സിൽ
ഒരിക്കലും വിസ്മരിക്കാത്തൊരാ-
കലാലയത്തിലെ ദിവ്യമാം
ഓർമ്മതൻ താളുകൾ






സുന്ദരമാം ദൃശ്യത്തിൻ-
പകർപ്പെന്നപോലെ
വിരിയുന്നുണ്ടെൻ മനസ്സിൽ
ഓരായിരം ഓർമ്മകളും
ഇത്തിരി തേങ്ങലും.....
മനസ്സിൻ കോണിൽ വിടരുന്നു
അവളെന്നൊരോർമ്മയും
ഇത്തിരിക്കൊഞ്ചൽ നാദവും
എൻ കലാലയത്തിലെ
മറക്കാനാവാത്തൊരാ-
സ്നേഹത്തിൻ മുത്തുകൾ പകർന്നവൾ......
തിരശ്ശീല വീണെൻ ജീവിതത്തിൽ
ബാക്കിയായി ഞാൻ മാത്രമെൻ ജീവിതത്തിൽ
അവളെന്നൊരോർമ്മയും ബാക്കിയായി......



**Muhammed Faisad**
*IV[th] Sem. B.A History*

# അധ:പതിക്കുന്ന കേരളീയ സംസ്ക്കാരം.....




ദൈവത്തിന്റെ സ്വന്തം നാടെന്ന് കേളികേട്ട കേരളം ഇപ്പോൾ രോഗങ്ങളുടെ നാടായി ത്തീർന്നിരിക്കുകയാണ്. പേരുകൾ മാറിവരുന്ന പലതരം രോഗങ്ങളുടെ മുന്നിൽ പകച്ചു നിൽക്കുകയാണ് കേരളം. ഇതിന്റെ മുഖ്യകാരണം കേരളീയരുടെ ജീവിതശൈലിയിൽ വന്ന മാറ്റം തന്നെയാണ്. അറിഞ്ഞുകൊണ്ട് തന്നെ രോഗങ്ങളെ വിളിച്ചുവരുത്തുകയാണ് നമ്മൾ. അതിയാന്ത്രികമായ ഭക്ഷണരീതിയും കുത്തഴിഞ്ഞജീവിതവും കേരളീയരുടെ ജീവിതാവസ്ഥയെത്തന്നെ മാറ്റിമറിച്ചിരിക്കുന്നു.

പ്രകൃതിയിൽ നിന്നും നാം അകന്നു പൊയ്ക്കൊണ്ടിരിക്കുകയാണ്. പ്രകൃതിയുടെയുംപരിസ്ഥിതിയുടെയും താളം തെറ്റിച്ചുകൊണ്ടാണ് നവീനതയിലേക്കുള്ള നമ്മുടെ പോക്ക്. ഉപഭോഗസംസ്ക്കാരത്തിന്റെയും നഗരവൽക്കരണത്തിന്റെയും തള്ളിക്കയറ്റം മലയാളിയുടെ ശീലങ്ങളിൽ കാതലായ

മാറ്റം വരുത്തി. തിരക്കുപിടിച്ച ഇന്നത്തെ ജീവിതത്തിൽ ഒന്നിനും ക്ഷമയോടെ കാത്തിരിക്കാൻ ആർക്കും സമയമില്ലാതായി. കമ്പ്യൂട്ടറും ഇന്റർനെറ്റും വന്നതോടെ ലോകം മുഴുവൻ മനുഷ്യന്റെ കൈവിരലുകളിലായി. ഭക്ഷണ കാര്യത്തിലാകട്ടെ ഫാസ്റ്റ് ഫുഡിനോടായി മലയാളിയുടെ താൽപര്യം. കൊഴുപ്പും എണ്ണയും മധുരവും ശരീരത്തിൽ അടിഞ്ഞുകൂടുകയാണ്. പലതരം രോഗങ്ങളുടെ മേച്ചിൽപ്പുറങ്ങളായി മാറുകയാണ് മലയാളിയുടെ ശരീരം. നമ്മുടെ ചുറ്റുമുള്ള പരിസ്ഥിതിയെ നാം അനുനിമിഷം മലിനമാക്കികൊണ്ടിരിക്കുകയാണ്. വൃത്തിയും വെടിപ്പുമൊക്കെ കേരളീയർ മറന്നു തുടങ്ങിയിരിക്കുന്നു.



ഇങ്ങനെയൊക്കെയാണെങ്കിലും ആരോഗ്യത്തെക്കുറിച്ച് അമിതമായ ഉത്കണ്ഠയാണ് മലയാളികൾക്ക്. നാം ഇംഗ്ലീഷ് മരുന്നുകൾ കണക്കില്ലാതെ കഴിക്കുന്നു. ഇതൊരു ഗുരുതരമായ പ്രശ്നം തന്നെയാണ്. ആരോഗ്യം സംരക്ഷിക്കാനോ സുഖഭോഗങ്ങൾ നിയന്ത്രിക്കാനോ നമുക്ക് കഴിയുന്നില്ല. മാംസാഹാരങ്ങളും മദ്യം പോലുള്ള പാനീയങ്ങളും നമുക്ക് ഒരു വിശേഷ അവസരങ്ങളിലും ഒഴിവാക്കാനാവില്ല. ആന്തരീകാവയവങ്ങളെ നശിപ്പിക്കുന്ന വിദേശ ശീതള പാനീയങ്ങളോടാണ് നമുക്ക് താൽപര്യം. നാടൻ സംഭാരമോ, ഇളനീരോ, മലയാളിയുടെ ദാഹം ശമിപ്പിക്കാൻ പോന്നതല്ല. ഇത്തരം ജീവിതരീതികളൊക്കെ നമ്മുടെ ആരോഗ്യത്തെയും ബാധിച്ചു. ചില സ്ഥിതിവിവരകണക്കുകൾ പരിശോധിച്ചാൽ കേരളീയരുടെ ആരോഗ്യസ്ഥിതി വ്യക്തമാകും.

ആരോഗ്യമേഖലയിൽ വൻവെല്ലുവിളികളാണ് നാം നേരിട്ടുകൊണ്ടിരിക്കുന്നത്. രക്തസമ്മർദ്ദം, പ്രമേഹം, മാനസിക രോഗം, ഹൃദ്രോഗം, കാൻസർ തുടങ്ങിയ രോഗങ്ങൾ ക്രമാതീതമായി വർദ്ധിച്ചു വരികയാണ്. കേരളീയരുടെ ജീവിതശൈലിയിലും ഭക്ഷണരീതിയിലും വന്ന മാറ്റമാണ് ഇതിന് കാരണം എന്ന് തെളിഞ്ഞിട്ടുണ്ട്.

എപ്പോഴും ടെൻഷനും തലവേദനയുമായി ജീവിക്കുന്ന മലയാളികളെ രോഗങ്ങൾ ബാധിച്ചില്ലെങ്കിലേ അത്ഭുതമുള്ളൂ. സംഘർഷങ്ങൾ ലഘൂകരിക്കാനും പുതിയ ആരോഗ്യ പ്രശ്നങ്ങൾ തടയാനും നാം പരിശ്രമിക്കേണ്ടതുണ്ട്. ജീവിതത്തിന്റെ സർവ്വമേഖലകളിലും പ്രകടമായ മാറ്റം വരുത്തിയാലേ ആരോഗ്യകരമായ ഒരു പരിസ്ഥിതി നമുക്ക് സംജാതമാകൂ.... അതിനായ് നാം പുതിയ കാഴ്ചപ്പാടും നയങ്ങളും രൂപികരിക്കേണ്ടതുണ്ട്.





**Amal**
*IV[th] Sem. BCA*

# ഗുരുനാഥ

ആദ്യാക്ഷരത്തിൽ ഇളനീർ
ജലമെൻ നാവിൽ നിറച്ചൊരാ
അക്ഷയ പാത്രമാണെൻ ഗുരുനാഥ
ഓരോ കാൽവെപ്പിലും എൻകൂടെ
പാറികളിച്ചൊരു ചിത്രശലഭമാ–
ണെൻ ഗുരുനാഥയെന്നും
എന്നിലെ ഇരുളിൽ മറഞ്ഞിരുന്നൊരാ
കഴിവുകളത്രയും, പ്രകാശജ്വാലയായ്
ഉയർത്തിയെൻ ജീവിത വീഥിയിൽ
നേർവഴി തെളിച്ച നിറദീപമേ
എഴുതാൻ മടിച്ചൊരെൻ
വിരൽതുമ്പിൽ പിടിച്ചെന്നെ
വിദ്യതൻ പ്രപഞ്ചത്തിലെത്തി
ച്ചൊരെൻ ഗുരുനാഥയെൻ–
മനസ്സിൽ നിറഞ്ഞു നിൽപ്പെന്നും.
നിൻ സ്നേഹത്തിൻ തലോടലും,
എന്നിൽച്ചൊരിഞ്ഞൊരാ
വിദ്യാകടാക്ഷവും.
അർപ്പിക്കുന്നിതാ നൂറ് പുഷ്പങ്ങളായ്
നിൻ പാദപത്മങ്ങളിൽ
ഗുരു സ്മരണയിൽ
ധന്യമാം എൻ മാനസം.



**Shijitha. K**
*IV^th Sem. B.A English Pvt.*

# കൊഴിയാറായ പൂക്കൾ



പാതിരയായി കാണും.... എന്നിട്ടും ഉറങ്ങാൻ കഴിയുന്നില്ല. നേർത്ത നിലാവെളിച്ചം പൊട്ടിയ ഓടിനുള്ളിലൂടെ എത്തിനോക്കിക്കൊണ്ടിരിക്കുകയാണ്. നിശബ്ദതയിൽ മരവിച്ച ആ രാത്രിയിൽ കണ്ണ് തുറന്ന് ചീവീടിന്റെ ശബ്ദം കാതോർക്കുകയാണവൾ. പെട്ടെന്ന് അവളുടെ ഡയറി ഓർമ്മയിൽ വന്നു.മറന്നു , ഇന്നല്ലേ നിർബന്ധമായും ഡയറി എഴുതേണ്ടത് . ഓടിനുള്ളിലൂടെ ഒഴുകി വരുന്ന നിലാവിനെ നോക്കി അവൾ പുഞ്ചിരിച്ചു. എഴുന്നേറ്റ് വന്ന് ഡയറി കയ്യിലെടുത്തു. സ്നേഹത്തോടെ നെഞ്ചോടടക്കി പിടിച്ചു. അവളിൽ നിന്ന് അടർന്നു വീഴുന്ന ഓരോ വാക്കുകളെയും കോർത്തിണക്കുവാൻ കാത്തിരിക്കുകയാണ് അതിലെ ഓരോ ഏടുകളും പതുക്കെ തലോടി ചിന്തകളെ ഓർത്തെടുക്കാൻ തുടങ്ങി.

പൊയ്പ്പോയ സുന്ദരദിനങ്ങളേ.......... നിങ്ങളുടെ അസ്ഥിമാടത്തിൽ ഞാനിന്ന് കണ്ണുനീർകൊണ്ട് പുഷ്പാർച്ചന നടത്തുകയാണ്. നഷ്ടമായ ആ ദിനങ്ങളെ ഓർത്ത് ഞാൻ ഖേദിക്കുന്നു. സമൂഹത്തിലെ വേദനിക്കുന്ന ഒരു ഹൃദയത്തെപ്പോലും ഞാനറിഞ്ഞില്ല. ആശ്വസിപ്പിക്കാൻ കഴിയുമെന്നറിഞ്ഞിട്ടു കണ്ടില്ലെന്നു നടിച്ചുള്ള അർത്ഥമില്ലാത്ത ജീവിതം.

ദൈവം നമ്മെ ഭൂമിയിൽ സൃഷ്ടിച്ചതു വെറും വിരുന്നുകാരായി മാത്രമാണ്, വിരുന്നുകാരാവുന്ന മനു

ഷ്യന് കർമ്മങ്ങൾ ചെയ്യുവാൻ കൂടിയാണ്. ഇടയ്ക്കിടെ അമ്മ പറഞ്ഞു തരാറുള്ളതു ഞാനോർക്കുകയാണ്. എന്റെ ഇന്നിനെ ഞാനൊരിക്കലും മറക്കുവാനാഗ്രഹിക്കുന്നില്ല. ഇന്ന് തീർത്തും ഹൃദയസ്പർശിയായ ഒരു ദിവസമായിരുന്നു. ഞങ്ങൾ ഒരു സ്ഥലം വരെ പോയി. ഞങ്ങളെന്നു പറഞ്ഞാൽ ഞാനും കൂട്ടുകാരും ടീച്ചേഴ്സും പോയത് ഉല്ലാസയാത്രക്കൊന്നുമല്ല. ഒരു വൃദ്ധസദനത്തിലേയ്ക്ക്.......... അവിടെ നാലു ചുമരുകൾക്കുള്ളിൽ ജീവിതം തള്ളി നീക്കുന്ന വയോധികരായ മുത്തശ്ശിമാരെയും മുത്തശ്ശന്മാരെയും കാണാൻ, അവരെ സന്തോഷിപ്പിക്കുക, രസിപ്പിക്കുക എന്നതൊക്കെയായിരുന്നു ഞങ്ങളുടെ ലക്ഷ്യം. അതിനായി ചില പ്രോഗ്രാമുകളും ഞങ്ങൾ തയ്യാറാക്കിയിരുന്നു. അവരുടെ അവസ്ഥയും ആഗ്രഹങ്ങളും കേട്ടപ്പോൾ, അവരുടെ സ്നേഹത്തോടെയുള്ള നിഷ്കളങ്കമായ വിളി കേട്ടപ്പോൾ, അവരുടെ കയ്പു നിറഞ്ഞ ജീവിതാനുഭവങ്ങൾ ഞങ്ങളുടേതു കൂടിയാവുകയായിരുന്നു. ഞങ്ങൾ പോലുമറിയാതെ ഞങ്ങളുടെ കണ്ണുകൾ ഈറനണിഞ്ഞു.

ഇന്നവരുടെ സിരകളിലോടുന്ന രക്തത്തിന് ഊർജ്ജം പോര, മനസ്സിൽ മധുര്യമേറുന്ന സ്വപ്നങ്ങൾ വിടരാറില്ല. അസ്ഥിത്വം നഷ്ടപ്പെട്ട് ബന്ധുക്കളാലും സ്വന്തക്കാരാലും ഉപേക്ഷിക്കപ്പെട്ട അവർ പക്ഷേ ഒരിറ്റ് സ്നേഹത്തിനായി, സാന്ത്വനത്തിനായി കൊതിക്കുന്നു. ഒരു നിമിഷം ഞാൻ സ്തബ്ദയായി ചിന്തകളിലൂടെ കടന്നുപോയി. ഈശ്വരാ: നോവുന്ന ഹൃദയവുമായി എത്ര പേരാണ് ഈ ലോകത്തിലിങ്ങനെ നീറി...... നീറി....... ഇവരെ ഉപേക്ഷിച്ച മക്കളും ബന്ധുക്കളും... അവർ ഹൃദയം നഷ്ടപ്പെട്ട വെറും പാവകൾ മാത്രം...............

ഞങ്ങളെല്ലാവരും മുൻവശത്തെ അത്യാവശ്യം വലിപ്പമുള്ള ഹാളിൽ ഒത്തുകൂടി. തീരെ മൂകമായി കിടന്നിരുന്ന ആ വീട്ടിൽ ശബ്ദങ്ങളുയർന്നു. പാട്ടുപാടിയും കഥകൾ പറഞ്ഞും കളികൾ കളിച്ചും സന്തോഷത്തിന്റെ പൂക്കൾ അവിടമാകെ വിടർന്നു. അവിടെയുള്ള ഓരോ മുഖവും കാറൊഴിഞ്ഞ മാനം പോലെയായി. ഞങ്ങളവർക്കോരോരുത്തർക്കും പുതപ്പുകളും വസ്ത്രവും പഴങ്ങളുമെല്ലാം നൽകി. സമ്മാനപ്പൊതികളും കൈകളിൽ തന്നെ ഒതുക്കിപിടിച്ച് അവരെല്ലാവരും അവർക്കായി ഞങ്ങളൊരുക്കിയ കളികളിലേർപ്പെട്ടു. സന്തോഷത്തിനിടയിൽ മണിക്കൂറുകൾ കടന്നുപോയതറിഞ്ഞില്ല. തിരിച്ചു പോവാൻ സമയമായിരിക്കുന്നു. അവരുടെ ചിരിക്കുന്ന മുഖം നോക്കി പോകുകയാണെന്നു പറയാൻ ശരിക്കും സങ്കടമായിരുന്നു. കുട്ടികളോടെന്നപോലെ ഓരോരുത്തരോടും ഞങ്ങൾ യാത്ര പറഞ്ഞു. ഞങ്ങൾ പോവുകയാണ് ഇനിയും വരും എല്ലാവരുംഉമ്മവച്ചും വാരിപുണർന്നും യാത്ര പറയുവാൻ തുടങ്ങി. കുറച്ചു സമയമാണെങ്കിലും അവർക്ക് സന്തോഷം നൽകിയതിനവർ ഞങ്ങളോട് നന്ദി പറഞ്ഞു. ആ നിമിഷം ഞങ്ങൾ അൽപം അഭിമാനം കൊണ്ടു ചിരിച്ചു. ഞങ്ങളെയവർ യാത്രയാക്കുകയാണ്. അവരുടെയെല്ലാം കണ്ണുകൾ നിറഞ്ഞു. ആ കണ്ണുനീർ ആനന്ദത്തിന്റേതാണോ, സങ്കടം കൊണ്ടാണോ ? എന്നു മനസ്സിലാക്കാനായില്ല. അവരുടെ കണ്ണുനീരിനും സ്നേഹപ്രകടനത്തിനും മുന്നിൽ, മനസ്സിൽ തളം കെട്ടി നിന്ന ദു:ഖം അനുവാദമില്ലാതെ കണ്ണുനീരായ് ഒഴുകാൻ തുടങ്ങി. ഞങ്ങൾ യാത്രപറഞ്ഞിറങ്ങുകയാണ് . മുന്നിൽ നീണ്ടുനിവർന്നു കിടക്കുന്ന നടപ്പാത ഞങ്ങൾക്കായ് കാത്തുകിടക്കുന്നു. അവരെല്ലാവരും സങ്കടത്തോടെ കണ്ണുനീർപൊഴിച്ച് ഉമ്മറത്തേക്കിറങ്ങി നിൽക്കുന്നു. തിരിഞ്ഞു നോക്കുവാനാകാതെ ഞങ്ങൾ നടന്നു നീങ്ങി.

> "മൂകമായി കിടന്നിരുന്ന ആ വീട്ടിൽ ശബ്ദങ്ങളുയർന്നു.
>
> സന്തോഷത്തിന്റെ പൂക്കൾ അവിടമാകെ വിടർന്നു."

മനസ്സിനെ അസ്വസ്ഥമാക്കുന്ന വഴിയോരങ്ങളിൽ തനിച്ചായി പോകേണ്ടി വരുന്നൊരവസ്ഥ നാളെ എന്നെയും കാത്തുനിൽക്കുകയാണെന്ന തോന്നൽ. പുതുതായി വന്ന മൗനമെന്നെ വിഴുങ്ങാൻ തുടങ്ങിയിരിക്കുന്നു. എങ്കിലും ചുണ്ടുകളിൽ പുഞ്ചിരി വിടർന്നു.



**Anaswara. S.L**
*IInd Sem.BA. Economics*






# പ്രണയത്തിന്റെ കുമ്പസാരം

ചിലരുടെ പ്രണയങ്ങൾ
ബസ്യാത്രക്കാരെ പോലെയാണ്.
കയറിയാൽ ഇറങ്ങി പോകുവാൻ
തിരക്കു കൂട്ടുന്നവരാണ്
ചില പ്രണയങ്ങൾ നിന്നുകാൽകഴച്ച്
ആത്മഹത്യ ചെയ്യും
ചിലർ മുട്ടിയുരുമ്മി നിൽക്കുന്ന
യാത്രക്കാരെ പോലെയാണ്
അവർക്ക് പിരിയാനേ വയ്യ!
ചില പ്രണയങ്ങൾ ഗട്ടറുള്ള വഴിയിൽ
ബാക്ക് സീറ്റിൽ ഇരിക്കുന്നതു പോലെയാണ്
അതിൽ ലയിച്ചിരിക്കും.
ഒടുവിൽ തെറ്റിയിറങ്ങിയ സ്റ്റോപ്പിൽ
ഏകനായി നിൽക്കും
ഇനിയും ചിലരുടെ പ്രണയം
എന്നും കണ്ടുമുട്ടുന്ന യാത്രക്കാരെ പോലെയാണ്
പരസ്പരം മിണ്ടാറില്ല.







**Muhajir. V.P.**
*IV[th] Sem. Bcom*




# തകരുന്ന വൻമതിലുകൾ

ലോകത്തിലെ തന്നെ ഏറ്റവും വലിയ ജനാധിപത്യ രാജ്യം, ജനാധിപത്യത്തിന്റെ എല്ലാ മഹിതമായ ഭാഗങ്ങളും ഉൾക്കൊള്ളുന്ന രാജ്യമാണ് ഇന്ത്യ. സ്വതന്ത്ര ഇന്ത്യയുടെ 70 വർഷവും ഐക്യകേരളത്തിന്റെ 60 വർഷവും പിന്നിടുമ്പോൾ നാം ചർച്ചചെയ്യാതെ, വേണ്ടവിധം പരിഗണിക്കാതെ പോകുന്ന ചില കാര്യങ്ങൾ ഉണ്ട്. ഇന്നത്തെ നമ്മുടെ സംസ്കാരം അനുസരിച്ച് നന്മ ചെയ്യുന്നതിനേക്കാൾ പ്രശസ്തിയും പരിഗണനയും വിവാദം സൃഷ്ടിക്കുന്നവനാണ്. ചെറിയ കാര്യങ്ങൾ പോലും വലിയ രീതിയിൽ വിവാദമാക്കാൻ നമ്മുടെ മാധ്യമങ്ങൾക്ക് അസാമാന്യകഴിവാണ്. ദൈവത്തിന്റെ സ്വന്തം നാട് എന്ന ഖ്യാതിയുള്ള കേരളത്തിന് തനതായ സാംസ്കാരിക പാരമ്പര്യമുണ്ട്. എന്നാൽ ഇന്ന് അത് വലിയ രീതിയിൽ ചർച്ച ചെയ്യേണ്ടതായിരിക്കും. കഴിഞ്ഞുപോയ ദിനങ്ങൾ അത്തരം സംഭവവികാസങ്ങൾക്കാണ് സാക്ഷരകേരളം സാക്ഷിയായത്. ആഘോഷങ്ങളെയെല്ലാം ആഭാസമാക്കുന്ന രീതിയിൽ മദ്യം എന്ന വിഷവസ്തുവിൽ മാത്രം മലയാളി കേന്ദ്രീകരിക്കുന്നു. ഓരോ ആഘോഷങ്ങളും റെക്കോർഡുകൾ തകർക്കാനുള്ള മത്സ

രമായിരിക്കും. മദ്യപാനം അന്തസ്സല്ല അപമാനമാണ് എന്ന് മനസ്സിലാക്കാൻ സാക്ഷരകേരളത്തിൽ ഇന്നും സാധിച്ചിട്ടില്ല. തനിക്ക് ജന്മം നല്കി ജീവിതത്തിലെ എല്ലാ സുഖലോലുപതകളും മാറ്റിവെച്ച് കൊണ്ട് അതിനേക്കാളെല്ലാം എറെ സ്നേഹിച്ച് പോറ്റി വളർത്തിയ മാതാവ് വീട്ടിൽ ഒരു മൂലയിൽ ഒരു ചുടുചുംബനത്തിന് വേണ്ടി കൊതിച്ചിരിക്കുമ്പോൾ സമരം എന്ന വാക്കിനെ വ്യർത്ഥമാക്കുന്നവിധം തെരുവിൽ അന്യസ്ത്രീകളുമായി പരസ്പരം ആലിംഗനം ചെയ്യുകയും ചുംബിക്കുകയും ചെയ്യുന്ന യുവതയുടെ ഹൃദയത്തിന്റെ താളം, അപകടകരമാണ്. ആത്മാർത്ഥമായ സ്നേഹബന്ധങ്ങൾക്ക് രക്തബന്ധത്തേക്കാൾ ആർദ്രതയും ശക്തിയുണ്ടെന്ന് തെളിയിച്ച ഒരു തലമുറയുടെ പിൻഗാമികളാണ് നാം എന്നത് ഇന്ന് മറന്നുപോകരുത്. ഇന്ന് വെറുമൊരു നിമിഷത്തെ വാക്കിൽ, ഒരു നിമിഷത്തെ മൗനത്തിൽ തകർന്നടിയുന്ന ബന്ധങ്ങളാണ്. പരസ്പരം മനസ്സിലാക്കിയവനോ, ആത്മാർത്ഥമായി സ്നേഹിച്ചവനോ ഇന്ന് സമൂഹത്തിൽ ഒറ്റപ്പെടുന്ന സങ്കടകരമായ സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. മനുഷ്യന്റെ വാശി എവറസ്ററിനേക്കാൾ ഉയരത്തിൽ ഉയർന്നു നിൽക്കുമ്പോൾ സ്വാർത്ഥതകൊണ്ട് ലോകം കീഴടക്കാൻ പരസ്പരം മത്സരിക്കുകയാണ്. താൻ ചെയ്യുന്നതെല്ലാം ശരിയാണെന്നും അതിൽ നിന്ന് ഒട്ടും പിന്നോട്ടില്ല എന്നും തന്റേതായ ലാഭത്തിനു വേണ്ടി, തന്റെ നിലപാടുകളെ സംരക്ഷിക്കുന്നതിനു വേണ്ടി മറ്റുള്ളവർ എന്തുമായിക്കൊള്ളട്ടെ എന്ന നിലപാടിലാണ് മനുഷ്യൻ. കൂടെയുള്ളവന്റെ ഭാഗം ചിന്തിക്കാൻ ഒരു നിമിഷം പോലും ചിലവഴിക്കുന്നില്ല. മനുഷ്യന്റെ തെറ്റുകൾ തിരുത്താൻ ഒരവസരം പോലും നൽകാതെ വിദ്യാസമ്പന്നരുൾപ്പെടെ വാക്കുകൾ കൊണ്ടും പ്രവൃത്തികൾകൊണ്ടും തന്റെ കടമ പോലും മറന്ന് സ്നേഹബന്ധങ്ങളെ തച്ചുടയ്ക്കുന്ന സങ്കടകരകമായ അവസ്ഥയിൽ ഇങ്ങനെപോകുന്ന ജീവിതങ്ങളുടെ കണക്കെടുക്കാൻ ഒരു സംഘടനയുമില്ല.

ഈ ഇരുപതൊന്നാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ തന്നെ ഈ രീതിയിൽ ചർച്ച ചെയ്യേണ്ടി വന്ന ഒരു വിഭാഗമാണ് സ്ത്രീകൾ. അതിന്റെ ഫലം തന്നെയാണ് 33% സ്ത്രീ സംവരണം എന്ന ചരിത്രപ്രധാനമായ നിയമം കൊണ്ടുവന്നത്. തീർച്ചയായും അതിനുശേഷം ഇന്ത്യൻ സ്ത്രീരംഗത്ത് വലിയ മുന്നേറ്റങ്ങൾക്കുള്ള കവാടങ്ങളാണ് സർക്കാർ തുറന്നിട്ടത്. എന്നാൽ നിർഭാഗ്യകരം എന്നു പറയട്ടെ അതിനു ശേഷവും സ്ത്രീകൾ നിരന്തരം ആക്രമിക്കപ്പെട്ടു. ഇന്ത്യ ലോകത്തെ ആകെ ഞെട്ടിച്ചതോടൊപ്പം ലോകരാജ്യങ്ങൾക്കുമുമ്പിൽ തലകുനിച്ചതുമായ സംഭവമാണ് രാജ്യ തലസ്ഥാനത്ത് നിർഭയ എന്ന സഹോദരിയുടെ ജീവൻ അഞ്ച് കാമഭ്രാന്തൻമാർ കവർന്നെടുത്തത്. തികച്ചും ഖേദകരം, അമ്പരപ്പിക്കുന്നത് തുടങ്ങിയ വാക്കുകൾ കൊണ്ട് നേതാക്കൾ അതിനെ അപലപിച്ചു. എന്നാൽ അവിടം കൊണ്ടും അവസാനിച്ചില്ല. കേരളത്തിലെ ഷൊർണ്ണൂർ റെയിൽവേ ട്രാക്കിൽ സൗമ്യ എന്ന സഹോദരിയുടെ ജീവൻ പൊലിഞ്ഞ് വർഷങ്ങൾ പിന്നിടുമ്പോൾ ജിഷ എന്ന പേരിലൂടെ ചരിത്രം ആവർത്തിക്കുന്നു. എന്നാൽ അതിലും ഭയാനകരമായ വസ്തുത, സാക്ഷരകേരളം ചർച്ചചെയ്യേണ്ടത് സൗമ്യ വധക്കേസിൽ ബഹുമാനപ്പെട്ട നീതിന്യായകോടതിയുടെ പരാമർശങ്ങളാണ്. ജനാധിപത്യ വ്യവസ്ഥിതിയിൽ നീതിയുടെ അവസാന വാക്ക് കോടതിയുടേത് തന്നെയാണ്. സർവ്വ ആദരബഹുമാനങ്ങളും നൽകികൊണ്ട് തന്നെ പറയട്ടെ ആരെയും ഞെട്ടിക്കുന്ന, അംഗീകരിക്കാൻ കഴിയാത്ത പരാമർശങ്ങൾ തന്നെയാണ് വന്നിട്ടുള്ളത്. പണമുള്ളവന് നീതി എന്ന അവസ്ഥയിലേക്ക് നമ്മുടെ ജനാധിപത്യ വ്യവസ്ഥിതി മാറിയിട്ടുണ്ടോ എന്ന് നാം ഗൗരവ്വമായി ചർച്ച ചെയ്യേണ്ടിയിരിക്കുന്നു. സൗമ്യ വധക്കേസിലെ പ്രതിയായ ഗോവിന്ദച്ചാമിയെ നമുക്ക് മാറ്റി നിർത്താം. ഒന്നരക്കയ്യനായ വിദ്യാഭ്യാസമില്ലാത്ത തിന്മകൾ മാത്രം കൈമുതലാക്കിയ മദ്യത്തിന്റെ പ്രതിനിധിയാണവൻ. നാം ചർച്ച ചെയ്യേണ്ടത് വിദ്യാസമ്പന്നരായ, സാമൂഹികബോധമുള്ള കറുത്ത കോട്ടിട്ട അഭിഭാഷക സമൂഹത്തെയാണ്. രാജ്യത്ത് നീതി നിഷേധിക്കുന്നവന് നീതി ലഭ്യമാക്കുക എന്നതാണ് അഭിഭാഷകർ എന്നതുകൊണ്ട് ഏതൊരു സാധാരണക്കാരും കണക്കാക്കുന്നത്. എന്നാൽ ഗോവിന്ദച്ചാമിക്ക് വേണ്ടി വക്കാലത്ത് പറയുന്ന ഉന്നത വിദ്യാഭ്യാസമുള്ള അഭിഭാഷകർ അവരുടെ കറുത്തകോട്ടിനുള്ളിൽ കയറുമ്പോൾ പണം എന്നത് മാത്രം ലക്ഷ്യമിടുമ്പോൾ, മനുഷ്യത്വത്തിന്റെ ഒരു കണിക പോലും അവശേഷിക്കാത്തവരായി നിങ്ങൾ മാറുമ്പോൾ അത് ഒരിക്കലും ജനാധിപത്യത്തിന് ഭൂഷണമല്ല. ജനാധിപത്യം എന്നതും നീതി എന്നതും കേൾക്കുമ്പോൾ ഭയന്ന് ഓടി മറയുന്ന ഒരു അവസ്ഥ നാളെ ഉണ്ടാവാൻ പാടില്ല. പണത്തിനപ്പുറം സാമുഹ്യബോധം മനുഷ്യത്വം ഉണ്ടാക്കേതുണ്ട്. തന്റെ വീട്ടിലും സ്ത്രീവിഭാഗമുണ്ട് എന്നും അവരും ഈ സമൂഹത്തിൽ ജീവിക്കുന്നു എന്ന യാഥാർത്ഥ്യം ഉൾക്കൊള്ളണം. തനിക്ക് മയക്കുമരുന്ന് മാഫിയ വൻതുകയാണ് ഗോവിന്ദച്ചാമിക്ക് വക്കാലത്ത്

പറയാൻ തരുന്നത് എന്ന് പറയുന്ന അഭിഭാഷകന്റെ മനോഭാവത്തോട് ഒരിക്കലും സാക്ഷര കേരളത്തിന് യോജിക്കാൻ കഴിയില്ല.

സ്ത്രീ സംവരണം എന്നത് ഇന്നിന്റെ ആവശ്യകതയായി നിലകൊള്ളുമ്പോൾ അതിൽ ഏക സിവിൽ കോഡ് എന്ന രീതി ഒട്ടും ആശാവഹമല്ല. ഇന്ത്യൻ ഭരണഘടന പൗരന്മാർക്ക് വകവെച്ചു നൽകുന്ന സവിശേഷമായ അവകാശങ്ങളാണ് ഇവിടുള്ളത്. മതം തിരഞ്ഞെടുക്കുവാനും, അത് പ്രചരിപ്പിക്കാനുള്ള സ്വാതന്ത്ര്യം. ഇത് നിലനിൽക്കെ ഇത്തരമൊരു സിവിൽ കോഡ് എന്നത് ഒരു വിഭാഗം വിശ്വാസികളെ പരസ്പരം ചേരിതിരിച്ച് രാജ്യത്തെ സമാധാന അന്തരീക്ഷത്തെ തകർക്കുന്നതിനും വഴി തെളിയിക്കുന്നു. നമുക്കറിയാം മതത്തിന്റെ പേരിലുള്ള ദുരാചാരങ്ങൾക്കെതിരെ വലിയ ഇടപെടലുകൾ ഭരണഘടനയുടെയും ഭരണകൂടത്തിന്റെയും ഭാഗത്തുനിന്നുണ്ടായിട്ടുണ്ട് എന്നതിന് ചരിത്രം സാക്ഷിയാണ്. അത്തരം ഇടപെടലുകൾ ഒരു മതേതര ജനാധിപത്യ വ്യവസ്ഥിതിയിൽ സ്വാഗതാർഹം തന്നെയാണ്. എന്നാൽ ചരിത്രത്തെപ്പോലും തങ്ങളുടേതായ സ്വാർത്ഥ ലാഭത്തിനായി വളച്ചൊടിക്കുന്ന സന്ദർഭത്തിൽ ഇത്തരം നിലപാടുകൾ മതത്തിന്റെ അസ്ഥിത്വത്തെ തകർക്കുന്നവയാണ്. ഇവിടെ ഇസ്ലാം എന്ന മതത്തെക്കുറിച്ചും മതനിയമങ്ങളെക്കുറിച്ചും ഒരു ധാരണയുമില്ലാത്തവരാണ് വിഷയം കൈകാര്യം ചെയ്യുന്നത് എന്നതാണ് പ്രധാനം. ഇസ്ലാം എന്ന മതത്തിനെ വ്യക്തമായി മനസ്സിലാക്കിയ ഒരു വ്യക്തിക്ക് ഒരിക്കലും ഇസ്ലാം സ്ത്രീ സ്വാതന്ത്ര്യത്തിൽ വിലങ്ങു തടിയായി നിൽക്കുന്നു എന്ന് വാദിക്കാൻ കഴിയില്ല. ശരീഅത്തും മുത്ത്വലാഖുമെല്ലാം ഒരു ചെറിയ പാഠഭാഗങ്ങളല്ല, മറിച്ച് വളരെ വലിയ വീക്ഷണങ്ങളാണ് ആ കാര്യത്തിൽ മതഗ്രന്ഥങ്ങളിൽ പരാമർശിച്ചിട്ടുള്ളത്. ഈ സത്യം നിലനിൽക്കെ അനാവശ്യമായ വിവാദങ്ങളുയർത്തി അപക്വമായ വാദമുഖങ്ങൾ നിരത്തി ഇന്ത്യയുടെ മതേതരമനസ്സിൽ വിള്ളലേൽപ്പിക്കാനുള്ള ചില താൽപരകക്ഷികളുടെ ഗൂഢനീക്കത്തെ ഭരണകൂടം തിരിച്ചറിയേതുണ്ട്.

സ്ത്രീ എന്നത് ഭൂമിയുടെ പര്യായമാണ്. ഒരു കുടുംബത്തിന്റെ നിലനിൽപ്പും, പരിശുദ്ധിയും അവളിലൂടെ മാത്രമെ സാധ്യമാകൂ. അനധികൃതമായി സ്ത്രീകളെ കടത്തുന്നതിന്റെ പ്രധാന കേന്ദ്രമായി ഇന്ത്യ മാറുകയാണെന്ന ഐക്യരാഷ്ട്രസംഘടന അഭിപ്രായപ്പെട്ടിട്ടുണ്ട് എന്നത് ഈ അവസരത്തിൽ നാം ഓർക്കേതുണ്ട്. ലോകത്തെ അനധികൃത വ്യാപാരങ്ങളിൽ ആയുധക്കച്ചവടവും മയക്കുമരുന്ന് കടത്തും കഴിഞ്ഞാൽ സ്ത്രീകളെ കടത്തുന്നതിനാണ് സ്ഥാനം. ഈ യാഥാർത്ഥ്യങ്ങളെല്ലാം മറച്ച് വെച്ച് കൊണ്ട് സ്ത്രീ സംരക്ഷണമെന്ന് പറയുന്ന സംഘടനകൾ തന്നെ സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്നു. ഇന്ന് സംസ്ക്കാരത്തിൽ വലിയ മാറ്റം സംഭവിച്ചിട്ടുണ്ട്. അതിൽ പ്രധാന കാരണമായി ഞാൻ വീക്ഷിക്കുന്നത് സമൂഹമാധ്യമങ്ങളിലെ ലൈംഗിക താൽപര്യം സൃഷ്ടിക്കുന്ന ടെലിവിഷൻ പരിപാടികളും സിനിമകളുമാണ്. പരസ്യമായി ലൈംഗികത വെളിവാക്കുന്ന സിനിമ രംഗങ്ങൾ ചെറിയ കുട്ടികൾ തൊട്ട് പ്രായമായവരിൽ വരെ മാനസിക വ്യതിചലനത്തിന് വഴിയൊരുക്കുന്നു. ഇത് ഒഴിവാക്കേണ്ടതും, നിയന്ത്രക്കേണ്ടതുമാണ്. ഇന്റർനെറ്റ് എന്നത് അശ്ലീല വീഡിയോകളുടെ ഒരു വലിയ കേന്ദ്രമായിരിക്കുന്നു. ഇതിൽ സമൂലമായൊരു മാറ്റം കൊണ്ടുവരാൻ നമുക്ക് സാധിക്കുന്നതിനോടൊപ്പം വസ്ത്രധാരണത്തിലും കാതലായ മാറ്റം അത്യാവശ്യമാണ്. യഥാർത്ഥത്തിൽ ഈ കാലത്ത് ജീവിക്കുന്ന നാം ഓരോരുത്തരുമാണ് കുറ്റക്കാർ. സ്ത്രീ സമൂഹത്തിനുതന്നെ അപമാനകരമായി മാറുന്ന ചില അവതാരകരെയും മറ്റും നമ്മുടെ സഹോദരിമാർ ഒരിക്കലും അനുകരിക്കരുത്. സംസ്ക്കാരവും മാനവും സൂക്ഷിക്കുക എന്നതിൽ വിജയിക്കാൻ സാധിക്കണം. മറ്റുള്ളവരുടെ മുൻപിൽ ഒരു അരങ്ങേറ്റ വസ്തുവായി ഒരു പ്രദർശന വസ്തുവായി നാം മാറരുത്. അത്തരക്കാർ എന്നും സമൂഹത്തിൽ ഒരു ശാപവും ദുരഭിമാനവുമായി നിലകൊള്ളുമ്പോഴും സുഗതകുമാരിയെപ്പോലുള്ളവരെ നാം കാണാതെ പോകരുത്. സ്ത്രീകൾക്ക് മാറ് മറയ്ക്കാനുള്ള അവകാശം നേടികൊടുത്ത പ്രസ്ഥാനങ്ങളെ നാം വിസ്മരിക്കരുത്. യാഥാർത്ഥ്യം ഉൾകൊള്ളാനും സാമൂഹികബോധം വലിയ രീതിയിൽ കൈവരിക്കേണ്ടതായിട്ടുണ്ട്. ഒ. എൻ. വി. പാടിയ പോലെ 'മാനം കാക്കുന്ന ഒരു ആങ്ങളയെ തേടുകയാണ് പെൺകുട്ടികൾ ' വൻ മതിലുകൾ തകർന്നു വീഴുമ്പോൾ ചിരിച്ച് നിൽക്കാതെ അതിന്റെ ഭവിഷ്യത്തിൽ നിന്ന് രക്ഷപ്പെടാൻ മാർഗ്ഗം സ്വീകരിക്കണം. ആത്മാർത്ഥമായ സ്നേഹം എന്നും ഒരു വൻമതിൽ തന്നെയാണ്.



**Fathima Shibila. C.P**
*II[nd] Sem.B.Com. CA*

# മടക്കം




തകർന്നടിഞ്ഞ ഹൃദയത്തോടെ
നനഞ്ഞ തൂവ്വൽ കണക്കെ ഞാൻ
മടങ്ങട്ടെ....... ഈ മടക്കയാത്ര
പുകയുന്ന നഗരതീരത്തുനിന്ന്
എരിഞ്ഞമർന്ന പൂവായ് കനലായ്
പടിയിറങ്ങട്ടെ ഞാൻ
എല്ലാം വെടിഞ്ഞ് ഓർമ്മകൾ ശിഷ്ടമായ്
കുതിരട്ടെ
എന്റെ കാലടികൾ
അധർമ്മം ജയിച്ചുവോ ? ധർമ്മമോ ?
ആയിരം വട്ടം ഗണിച്ചും ഗുണിച്ചും
കരയട്ടെ.... ഞാൻ
മൗനിയായ് , വക്രതം കുനിച്ചും
ഞാൻ ശിഷ്ടായുധം നെഞ്ചിലേറ്റി
വിടരട്ടെ...........
എന്റെ സുഹൃദ്ജനങ്ങൾ....
വിടരുന്ന കൈകളാൽ  വേൾക്കുമോ
ദ്വിഗ്വിജയ കാഹളം കെട്ടിപ്പടുത്തെന്നെ
വരവേൽക്കുവാൻ..... ശപിക്കുമോ
ശാപവും..... ഞാൻ
മടങ്ങട്ടെ.........
ഞാനെൻ അന്ത്യയാത്രക്കൊരുങ്ങട്ടെ



Aswin. P.M
*IV^th Sem. BCA*

# തെറ്റ്

ജീവത്തുടിപ്പു തുടങ്ങിയനാൾ മുതൽ
അങ്കത്തിനായിപ്പുറപ്പെട്ടു ഞാൻ
സ്വന്തത്തെ കൊന്നൊരാശിക്ഷയാൽ ഞാനങ്ങ്
ബന്ധനത്തിൽ പോയി കൂട്ടിനുള്ളിൽ
എല്ലാമെൻകൈയ്യിൽ അടക്കുമെന്നാർത്തിയാൽ
ആർത്തു ഞാൻ ധാത്രിയാൽ വന്നപാടെ
ആദ്യപാഠത്തിലെ കർമ്മമാൽ ഞാൻ വീണ്ടും
ക്രൂരമാം ചെയ്തികൾ ചെയ്തുകൂട്ടി
ആർത്തിയാൽ ഓർത്തില്ല മേനിയിൽ ചാർത്തിയ
ചായങ്ങൾ ചോർന്നതറിഞ്ഞുമില്ല
തെറ്റു ചെയ്തുള്ളൊരു കൂട്ടരെ കാണുവാൻ
കൺപോള മെല്ലെ തുറന്നു നോക്കി
കാണേണ്ട കാണേണ്ട എന്നരിശത്താലെ
കൺപോള കൊട്ടിയടച്ചു രണ്ടും
മാപ്പപേക്ഷിക്കാനായി വായ തുറക്കവേ
താടിയും കൂട്ടി വരിഞ്ഞുകെട്ടി
നാട്ടിൽ നിന്നാട്ടി വിദൂരമാക്കാട്ടിൽ
ഇരുന്നൊരാക്കൂട്ടിൽ കൊണ്ടിട്ടു പോന്നു
തിരികെ വരുമെന്നോർത്ത് ബന്ധുക്കൾ
വാരിയിട്ടു മണ്ണെൻ മേനി മേലെ




**Hareesh .E.P**
*IV^th Sem B.A History*


# വിഭവങ്ങളുടെ വിനിയോഗം



വിഭവങ്ങളാണ് ഏതൊരുരാജ്യത്തിന്റെയും അഭിവൃദ്ധിയുടെ അടിസ്ഥാനം. ലോകത്തിൽ വലിപ്പമേറിയ രാജ്യങ്ങളിലൊന്നായ ഇന്ത്യ വിഭവസമൃദ്ധിയുടെയും വിഭവവൈവിധ്യത്തിന്റെയും കാര്യത്തിൽ അനുഗ്രഹീതമാണ്. യുക്തിപൂർവ്വമായ വിഭവ വിനിയോഗമുണ്ടെങ്കിൽ മാത്രമേ അവ രാഷ്ട്ര പുരോഗതിക്ക് സഹായമാവുകയുള്ളൂ. അമിത വിഭവ ചൂഷണവും അശാസ്ത്രീയമായ ഭൂവിനിയോഗവും പരിസ്ഥിതി പ്രശ്നത്തിൽ വിഭവശോഷണത്തിനു വഴിതെളിക്കും.

ഭൂമിയിൽ ജീവൻ നിലനിർത്തുന്നതിൽ വായുവിനോളം തന്നെ നിർണ്ണായകസ്ഥാനമാണ് ജലത്തിനുള്ളത്. ലക്ഷ

കണക്കിന് ഹെക്ടർ കൃഷിഭൂമിയും നൂറ് കോടിയിൽപരം ജനങ്ങളുമുള്ള ഇന്ത്യയിൽ ജലവിഭവത്തിന്റ പ്രാധാന്യം അളവറ്റതാണ്.

മഴയിലൂടെയും മഞ്ഞുരുകിയും ലഭിക്കുന്ന ജലം വിവിധ ഉപരിതല ജലസ്രോതസ്സുകളിലും ഭൂഗർഭജലപീഠങ്ങളിലും സംഭരിക്കപ്പെടുന്നു. ഇവയെ വിവിധ ആവശ്യങ്ങൾക്കായി മനുഷ്യൻ ഉപയോഗിക്കുന്നു. മഴയുടെ അളവ് ഇന്ത്യയിൽ എല്ലായിടത്തും ഒരുപോലെയല്ല. എങ്കിലും എത്രയോ ജലം നാം പാഴാക്കികളയുന്നു. അതെല്ലാം ശേഖരിച്ചുവച്ച് ആവശ്യസന്ദർഭങ്ങളിൽ വിനിയോഗിക്കുകയാണെങ്കിൽ ജലക്ഷാമം കുറച്ചെങ്കിലും പരിഹരിക്കാൻ കഴിഞ്ഞേനെ.

പ്രകൃതി വിഭവങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് മണ്ണ്. സസ്യജന്തുക്കളുടെ നിലനിൽപ്പിന് മണ്ണ് അത്യന്താപേക്ഷിതമാണ്. ഭൂവൽക്കശിലകൾ, ഭൂപ്രകൃതി, കാലാവസ്ഥ,സസ്യജാലം എന്നിവയുടെ സംയുക്ത പ്രവർത്തനത്തിലൂടെയാണ് മണ്ണ് രൂപപ്പെടുന്നത്. നിറം, ഘടന, കാണപ്പെടുന്ന പ്രദേശം എന്നിവയുടെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ മണ്ണിനെ പലതായി തരംതിരിച്ചിട്ടുണ്ട്.

ഒരു രാജ്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വിഭവങ്ങളിൽ ഒന്നാണ് ധാതുക്കൾ. രാജ്യത്തിന്റെ സാമ്പത്തിക അഭിവൃദ്ധിയിൽ നിർണായക സ്വാധീനം ചെലുത്തുന്നവയാണ്. രാഷ്ട്രപുരോഗതിക്ക് അടിസ്ഥാനമായ ധാതുവിഭവമാണ് ഇരുമ്പയിര്. ഇതിനെ ആധുനിക സംസ്കാരത്തിന്റെ നട്ടെല്ല് എന്ന് വിശേഷിപ്പിക്കുന്നു.

കൃഷിക്ക് വളരെ പ്രാധാന്യമുള്ള രാജ്യങ്ങളിൽ ഒന്നാണല്ലോ ഇന്ത്യ. മറ്റ് വിഭവങ്ങളെപ്പോലെ തന്നെ കാർഷിക വിഭവങ്ങൾക്ക് ഇന്ത്യൻ സമ്പദ്ഘടനയിൽ നിർണ്ണായക സ്ഥാനമാണുള്ളത്. ഇന്ത്യയുടെ ജനസംഖ്യയിൽ 4-ൽ 3 ഉം കാർഷിക മേഖലയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. ലോകജനസംഖ്യയിൽ രണ്ടാംസ്ഥാനത്ത് നിൽക്കുന്ന ഇന്ത്യയുടെ ഭക്ഷ്യകലവറയെ സമ്പന്നമാക്കുന്നതോടൊപ്പം നിരവധി വ്യവസായങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കളുടെ ആശ്രയകേന്ദ്രം കൂടിയാണ് നമ്മുടെ കാർഷിക മേഖല. ഋതുക്കൾക്കനുസരിച്ചുള്ള വൈവിധ്യമാർന്ന കാർഷിക മേളകൾ നമ്മുടെ സവിശേഷതകളിൽ ഒന്നാണ്.

നിത്യജീവിതത്തിൽ ഊർജ്ജത്തിനുള്ള സ്ഥാനം വളരെ പ്രധാനമാണ്. ആധുനിക സാമ്പത്തിക സാങ്കേതിക വികസനത്തിന് ഊർജ്ജവിഭവങ്ങൾ അവിഭാജ്യഘടകം തന്നെയാണ്. കൽക്കരി, പെട്രോളിയം, പ്രകൃതി വാതകം, കാറ്റിൽ നിന്നുള്ള വൈദ്യുതി തുടങ്ങിയവയെല്ലാം ഊർജ്ജത്തിന്റെ ചില ഉറവിടങ്ങളാണ്. എന്നാൽ ഇവയിൽ ചിലത് പുനഃസ്ഥാപിക്കാൻ കഴിയുന്ന ഊർജ്ജവിഭവങ്ങളും മറ്റു ചിലത് കഴിയാത്ത ഊർജ്ജവിഭവങ്ങളുമാണ്. നമുക്ക് ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തിയാലേ നമ്മുടെ നാട് വികാസം പ്രാപിക്കുകയുള്ളൂ. അതിനായ് രാജ്യത്തെ ഓരോരുത്തരും സ്വന്തമായി ചിലത് ചെയ്യുകയും വിഭവ വിനിയോഗവും സംരക്ഷണവും തങ്ങളുടെ കടമ കൂടിയാണെന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു. ഭൂവിഭവങ്ങളെ കരുതലോടെ ഉപയോഗിക്കാനാണ് നാം പഠിക്കേണ്ടത്.



**FARISA. V.P**
*IV<sup>th</sup> Sem B.A English*

# ഇനി ഞാനും.....!



നിനക്കായി എഴുതിയ
ഓരോ വരിയിലും ഉണ്ടായിരുന്നു
പറയാനാകാതെ
ഉള്ളിൽ ഉറങ്ങുന്ന ചിലത്
ഇനി മടങ്ങണം
ഓർമ്മകൾ വിരിപ്പിട്ട
ഒറ്റയടിപ്പാതയിലൂടെ
മങ്ങാത്ത സ്വപ്നങ്ങളും കണ്ട്
മേഘങ്ങളെ കൂട്ടുപിടിച്ച്
കുന്നിൻ ചെരുവിലെ മഴവില്ല് കണ്ട്
തഴുകി തലോടുന്ന കാറ്റിനൊപ്പം
ഇനി ഞാനും......!

# काव्य बिम्बों के चतुर कवि केदारनाथ सिंह



**Pradeep Kodinhi**
*Hindi Department*



मलयालम के महाकवि कुमारनाशान की स्मृति में दिये जानेवाले केरल का प्रतिष्ठित कुमारनाशान पुरस्कार प्राप्त आधुनिक हिन्दी के शीर्षस्थ कवि श्री केदारनाथ सिंह हिन्दी से अनभिज मलयालम भाषा भाषियों के लिए भी एक परिचित नाम है। सन् 1934 में उत्तर प्रदेश के बलिया जिला के चकिया ग्राम में उनका जन्म हुआ था। आधुनिक हिन्दी कविता में बिम्ब-विधान विषय पर उन्होंने सन 1964 में पी.एच.डी. प्राप्त की। कविता के उपासक केदारनाथ सिंह जी अध्यापक वृत्ति से भी जुडे रहे थे। वे 1976 से 1999 तक जवहरलाल नेहरु विश्वविद्यालय के भारतीय भाषा केन्द्र में अध्यापक रहे और उनकी शिषय सम्पदा भी बडी विपुल है। अभी बिलकुल अभी ज़मीन पक रही है, तोलस्टाय और सइकिल, अकाल में सारस, यहाँ से देखो बाघ उत्तर कबीर और अन्य कविताएँ, सृष्टि पर पहरा आदि उनकी कुछ चर्चित कविता संग्रह है। तीसरा सप्तक में शामिल उनकी कविताओं को भी बड़ी ख्याति मिली है। इनकी कविताओं के अनुवाद लगभग सभी प्रमुख भारतीय भाषाओं के अलाआ अंग्रेज़ी स्पेनिश, रूसी, जर्मन और हंगेरियन आदि विदेशी भाषाओं में भी हुए है। कविता पाठ केलिए दुनिया के अनेक देशों की यात्राएँ की है।

केदारनाथ सिंह की काव्य चेतना गहन मानवीय अर्थ की तलाश करती है। विषय की दृष्टि से इनकी कविताओं को तीन वर्गों में विभजित कर सकते हैं।

1. वस्तुओं पर लिख गयी कविताऐं

2. अनुभवो पर टिकी हुई कविताऐं

3. कविता तथा कला से संबन्धित कविताऐं वस्तुबोध के माध्यम से, जीवनानुभव के माध्यम से अथवा क्रिया व्यापार द्वारा मनुष्य की चेतनाओ तथा आत्म संघर्षों को कवि महत्वपूर्ण मानते आए है। आशावादिता इनकी एक और विशिष्टता है।

2013 का ज्ञानपीठ पुरस्कार प्राप्त केदारनाथ सिंह जी की सर्वाधिक प्रशस्ति एक कवि केरूप में ही हुई है। उनकी काव्योपासना की सतत साधना के उपलक्ष्य में इसके पहले भी अनेको पुरस्कारों से सम्मानित हुए है, साहित्य अकादमी पुरस्कार, मैथिली शरण गुप्त पुरस्कार, दिनकर पुरस्कार, जीवन भारती पुरस्कार आदि।

केदारनाथ सिंह की रचनाओं में भारतीय संस्कृति की एक अनूठी पहचान है। धुल जैसी तुच्छ चीज़ भी भारतीय संस्कृति से महत्व रखती है और पूजनाय भी है। इस धूल से हम परेशान भी होते हैं। पर इसी को हम पूजेत भी है। इसलिए वह हमारी मातृभूमि की घूल है। इसीसे आनन्द में पैदा होता है। कवि शहरीकरण की अमानवीय प्रक्रिया से गुजरकर फिर अपनी ज़मीन और अपने मूल उत्स की ओर लौटने की अभिलाषा रखते हैं। उनकेलिए कालि अनुभवो से गुजरने के बाद प्रकृति के पास लौतना, भाषा के पास और अपनी ज़मीन के पास लौटने के अनुभव कुछ और ही होता है।

ओ मेरी भाषा
मैं लौटता हूँ तुम में
जब चुप रहते रहते
अकड जाती है मेरी जीभ
देखने लगती है आत्मा।





**Keerthi**
*VI th Sem BSc Physics*



# लेख - मेरी याद में मुंसी प्रेंमचंद

जब में हिन्दी भाषा पठने को शुरू किया, तब से विश्व के महान कथा शिल्पी प्रेमचन्द की कहानियाँ जानने लगी। हर साल गुलाई 31 हमारे विद्धालय में प्रेमचन्द दिन मनाते थे। मेरी हिन्दी अध्यापिका उनकी कहानियाँ बताते थे।

उपन्यास साम्राट मुंशी प्रेमचन्द का जन्म 1880 में काशी के पास लमट्टी नामक गाँव में हुआ। उनका वास्तविक नाम 'धनपत यप' था। उन्होंने उर्दु और फारसी का अध्यापन किया था। उनके घर में गरीबी थी। इसलिए उनकी उच्च शिक्षा उचित रूप से नहीं हुआ। एन्ड्रेन्स पास करके एक स्कूल में अध्यापक हो गये। धीरे-धीरे उन्होंने बि.ए. परीक्षा पास कर ली। वे शिक्षा विभाग के डेपुटी इन्स्पेक्टर (Deputy Inspector) हो गये। विद्यालयों के निरीक्षण केलिए उन्हें अधिक यात्रा करना पडता था। उनकी तबीयत (Health) बिगड गया।

मुंशि प्रेमचंद ने उपन्यास कहानियाँ तथा निबंध लिय्यकर हिन्दी साहित्य भण्डार को संपन्न किया। उन्होंने पहले उर्दू में लिय्यना शुरु किया। 'सोजेबतन' उनकी पहली रचना है। वे गुलाब राये नाम से लिखते हैं। बाद में वे हिन्दी में आये और प्रेमचंद के नाम से लिखने लगे। उनकी रचनाऐं इस प्रकार है।

उपन्यास - कर्मभूमि, कायाकलप, निर्मला प्रतिज्ञा वरदान, प्रेमाश्रमि, सेवासदन, गोदान, गबन आदी है। उन्होंने कहानियाँ और जीवनचित्र भी लिखी है।

वे सामाजिक समस्याओं के आधारपर उपन्यासों एवं कहानियाँ की रचना करके साधारण जनता के दिल को आकृष्ट किया। उन्होंने अपने युग में कथा साहित्य की जीवन प्रणाली को जन्म लिया। प्रेमचंद गाँधिजी के आदर्शों के मानते थे। सच्चे अर्थ में वह गाँधिजी के अनुयायी थे। उत्तर भारत के गरीब ग्रामीण किसानों के जीवन का सच्चा चित्रण उनकी कहानियों में मिलता है।

प्रेमचंद की रचनाओं में उर्दू का असर है। (उन्होंने सरल एवं साधारण बोलचाल की भाषा का प्रयोग किया। सीध-सादे सरल शब्दों में सामाजिक कुरुतियों को उनकी रचनाओं में अच्छी प्रकार विद्यालय गया है। उनकी रौली में भाव-गंभीरता सरलता एवं सजीवता है। प्रेमचंद हिन्दी के विकास केलिए अटल - परिश्रम किया है।

മാഗസിൻ സമിതി



# ചൂട്ടുകെട്ടുകൾ തേടി

ഇരുട്ട് അതിന്റെ കട്ടിയായ തോട് പതുക്കെ പിളർന്ന് പുറത്തേക്ക് ഇറങ്ങുന്നതേയുള്ളു. നീണ്ട കാലത്തെ സുഷുപ്തിയിൽ നിന്നും നേടിയ പക്വതയോടെ അത് പുറത്തേയ്ക്ക് തല നീട്ടുമ്പോൾ തന്നെ ജനാധിപത്യ ജീവിതത്തിന്റെ താളം മുറിയുന്നത് ഓരോ മനുഷ്യനും ഉള്ളാലെ എറ്റു വാങ്ങുന്നുണ്ട്. ഇന്ത്യയുടെ നെഞ്ചകം വിറ കൊള്ളുമ്പോൾ വെളിച്ചത്തിന്റെ കൂടാരത്തിനകത്ത് ഇനി എത്ര നാൾ എന്ന ചോദ്യം ഉയരുന്നു.

ഇവിടെ കെട്ട കാലത്തിന്റെ ഇരുട്ടിലും, തീപ്പൊരി പറത്തി സ്വയം എരിഞ്ഞ് വെട്ട മാകാൻ ചൂട്ടു കെട്ടുകൾ അവശേഷിക്കുന്നുവോ? മാഗസിൻ സമിതി അന്വേഷിക്കുന്നു.

"**സംസ്ക്കാരം, സ്ത്രീ പക്ഷം, കാലികം, കലാലയം** " പ്രമുഖർ സംസാരിക്കുന്നു



# പുതിയ ചോദ്യങ്ങൾ ഉയരട്ടെ..



**സാംസ്കാരിക അരാജകത്വത്തെയും അത് ഉൽപാദിപ്പിക്കുന്ന ബഹുതല സ്പർശിയായ ആശങ്കകളെയും ആഴത്തിൽ സ്പർശിച്ച് പ്രമുഖ എഴുത്തുകാരൻ ശ്രീ. പെരുമ്പടവം ശ്രീധരൻ സംസാരിക്കുന്നു.**

ഒരു സന്ദർഭത്തിൽ സർഗ്ഗാത്മകതയുടെ ഏറ്റവും പ്രകാശപൂർവ്വമായ അനുഭവങ്ങൾ ഉണ്ടായിരുന്നത് കാമ്പസ്സുകളിൽ നിന്നാണ് . ചിന്തിക്കുന്ന ഒരു തലമുറയായിരുന്ന അന്നത്തെ സമൂഹത്തിന്റെ സമ്പത്ത്. വായിക്കുകയും പഠിക്കുകയും ചിന്തിക്കുകയും അവർ ജീവിക്കുന്ന പശ്ചാത്തലത്തെ അടയാളപ്പെടുത്തുകയും ചെയ്തിരുന്നു. പ്രതിബന്ധങ്ങളെ തകർത്തെറിഞ്ഞ് ചിന്തയുടെ ലോകത്ത് മുന്നേറാൻ അവർക്ക് കഴിഞ്ഞു.

കഴിഞ്ഞ സമൂഹത്തിലെ എഴുത്തുകാർ എഴുതിവച്ചതിനെ പുനർവായന നടത്തി എന്തുകൊണ്ട്? എങ്ങനെ? തുടങ്ങി



നിരവധിയായ ചോദ്യങ്ങൾ ചോദിച്ച് തങ്ങളുടെ ഭൗതി കതലം വളരെ വിശാലമാക്കി. അങ്ങനെ ചിന്തയു ടെയും അനുഭവങ്ങളുടെയും ഏകീകരണത്തിലൂടെ നമ്മുടെ സാഹിത്യ സാംസ്ക്കാരിക രംഗങ്ങളിൽ ഒരു ഉണർവ്വ് ഉണ്ടായി. ഈ ഒരു കാലം ഇന്ന് വിസ്മൃതിയി ലാണ്ടു കഴിഞ്ഞു എന്നതിൽ സംശയം വേണ്ട.

സംവേദന ക്ഷമതയെ കുറിച്ച് പറയുമ്പോൾ പുതിയ തലമുറക്ക് അത് തീർത്തും ഇല്ല എന്ന് പറയേ ണ്ടി വരും. കാരണം ഇന്നത്തെ സമൂഹം ഏതെങ്കിലും പാർട്ടിയുടെയോ പ്രത്യയ ശാസ്ത്രത്തിന്റെയോ തണ ലിൽ ചേർന്നു നിൽക്കുകയാണ്. സ്വതന്ത്രമായി ചിന്തിക്കാതെ സങ്കുചിതത്വത്തിന്റെ നി ഴലിലൂടെ സഞ്ച രിക്കാൻ താൽപര്യപ്പെടുന്നു. തൻ മൂലം സ്വതന്ത്രചി ന്തയുടെ ഒരു അനുഭവതലം ഇല്ലാതെ പോകുന്നു.

തങ്ങൾ വിശ്വസിക്കുന്ന പ്രസ്ഥാനത്തെയോ ആദർശത്തെയോ വിമർശനാത്മകമായി നേരിടാൻ കഴിയുന്നുണ്ടോ എന്നതാണ് നമ്മൾ സ്വയം ചോദിക്കേ ണ്ട ചോദ്യം. വിപ്ലവത്തിന്റെയും സ്വാതന്ത്ര ചിന്താഗതി യുടേയും നിറം പിടിപ്പിച്ച കഥകൾ യാഥാസ്ഥിതിക സാമൂഹത്തിൽ നിറഞ്ഞു പൊങ്ങാറുണ്ട്. ഇതൊന്നും സ്വീകാര്യമല്ല. മൂല്യങ്ങളെയെല്ലാം തിരസ്കരിച്ചു കൊണ്ടാണ് വർത്തമാന കാലഘട്ടത്തിലെ എല്ലാ സാമൂഹ്യക്രമങ്ങളും വർത്തിക്കുന്നത്. ഒരു ചെറു ന്യൂനപക്ഷം മാത്രമാണ് ഇതിൽ നിന്ന് ഭിന്നമായിരി ക്കുന്നത്. യാഥാസ്ഥിതിക നിലപാടുകളോട് പുറം തിരിഞ്ഞ് നിന്ന് 'ഇതെന്തുകൊണ്ട് ഇങ്ങനെ?' എന്ന് ചോദിക്കാനുള്ള ധൈഷണികമായ തന്റേടം കൈ മോശം വന്നിരിക്കുന്നു.

ഇതിന്റെയെല്ലാം അനന്തര ഫലങ്ങൾ ചിന്തി ക്കാൻ പോലും കഴിയാത്തതാണ്. പ്രതിലോമ ചിന്ത കൾക്ക് സ്വീകാര്യത കൈവരുന്നു . യാഥാസ്ഥിതി കമായ ചിതലുപിടിച്ച ആശയങ്ങൾ അധികരിക്കുന്നു തുടങ്ങിയവ. വ്യാജ വിപ്ലവകാരികളുടെ കാലത്ത് ജീവിക്കാൻ വിധിക്കപ്പെട്ടവരാണ് നമ്മൾ . എങ്കിലും ഇതെല്ലാം തെറ്റാണെന്ന് ബോധ്യപ്പെടുന്ന കാലം വരു മെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. ഈ വർദ്ധിച്ചു വരുന്ന പ്രതികൂല സാഹചര്യങ്ങളിലും ഒറ്റപ്പെട്ടു ചിന്തി ക്കുന്ന ചെറിയൊരു വിഭാഗമുണ്ട്. ദൗർഭാഗ്യവശാൽ അവരുടെ ശബ്ദം മുഴങ്ങിക്കേൾക്കുന്നില്ല. ഈ വലിയ ശബ്ദകോലാഹലങ്ങൾക്കിടയിൽ അവരുടെ ശബ്ദം ഒറ്റപ്പെട്ടു പോകുന്നു. അതായത് ബഹുവചനങ്ങൾ ഏക വചനങ്ങളെ ഞെക്കിക്കൊല്ലുന്നു.

യാഥാർത്ഥ ചോദ്യങ്ങൾ ഉണ്ടാവുന്നില്ല എന്നതാണ് വസ്തുത. മൗലികമായ ബദൽ ശബ്ദ ങ്ങൾ ഉയർന്നു വരുന്നില്ല. അതു കൊണ്ടു തന്നെ ഉത്തരത്തിനുവേണ്ടി വിയർക്കേണ്ടിയും വരുന്നില്ല

**പുതിയ ചോദ്യങ്ങൾ ചോദിക്കുക, ഉത്തര ങ്ങൾ അന്വേഷിക്കുക.**



# സ്ത്രീ സുരക്ഷയുടെ നാനാർത്ഥങ്ങൾ

**നിരന്തരം മാറുകയും പരസ്പരം സംഘർഷത്തിലാവുകയും ചെയ്യുന്ന വർത്തമാനകാല വിശേഷം. പുരുഷ കേന്ദ്രീകൃത വിചാരധാരകൾ സമൂഹത്തിൽ ഉയർന്ന സ്ഥാനം നേടുമ്പോൾ വിഷയീസ്ഥാനത്തേയ്ക്കു വളർന്നുവരാതെ അടിച്ചമർത്തപ്പെട്ട സ്ത്രീയുടെ സ്വപ്നങ്ങളും പ്രതീക്ഷകളും എന്തെല്ലാം? അതിജീവനത്തിന്റെ സ്ത്രീ സങ്കൽപങ്ങൾ, പെണ്ണെഴുത്തിന് പുതിയ മാനം സൃഷ്ടിച്ച പ്രമുഖ എഴുത്തുകാരി കെ. ആർ. മീര വിലയിരുത്തുന്നു.**



യുവാക്കളാണ് സമൂഹത്തിന്റെ ചാലകശക്തികൾ. പ്രത്യേകിച്ച് വിദ്യാർത്ഥികൾ. മുൻകാലത്തെ അപേക്ഷിച്ച് അർത്ഥവത്തായ സംവാദങ്ങളും വാദപ്രതിവാദങ്ങളും കാമ്പസ്സുകളിൽ നടക്കുന്നില്ല എന്നത് ഏറെ ദൗർഭാഗ്യകരമാണ്. പുരുഷ മേധാവിത്വത്തിന്റെ ഈറ്റില്ലങ്ങളായി, ആൺ മേൽക്കോയ്മയെ പ്രോത്സാഹിപ്പിക്കുന്ന രീതിയിലേക്ക് അവ മാറിക്കഴിഞ്ഞിരിക്കുന്നു.



സ്വതന്ത്രമായി ജീവിയ്ക്കാനും, സഞ്ചരിക്കാനും, തൊഴിലെടുക്കാനും, വിനോദങ്ങളിൽ ഏർപ്പെടാനും സ്ത്രീകൾക്കും അവകാശ മുണ്ടെന്നതിൽ ആർക്കും തർക്കമില്ല. എന്നാൽ സത്രീ സുരക്ഷയ്ക്കു വേണ്ടിയുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പാകാൻ ഭരണകൂടങ്ങൾക്കു കഴിയുന്നില്ലെന്നതു സത്യമാണ്. കൊച്ചിയിൽ യുവ നടി ആക്രമത്തിനിരയായപ്പോൾ വൻതോതിൽ പ്രതിഷേധമുണ്ടായി. പ്രതികളെ പോലീസ് പിടികൂടുകയും ചെയ്തു ഇതിൽ നിന്നും കൊച്ചിക്കാർ മോചിതരാവും മുമ്പേ മിഷേൽ ഷാജിയെന്ന പതിനെട്ടുകാരി കൊല്ലപ്പെട്ടിരിക്കുന്നു. ഇങ്ങനെ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും പെൺകുട്ടികൾ ദുരൂഹമായി മരണപ്പെട്ടുകൊണ്ടിരിക്കുന്നു. ചരമ പേജ് പോലെ പീഡനത്തിനും ഒരു പേജ് പത്രങ്ങൾ നീക്കി വയ്ക്കേണ്ടിവരുമോ എന്നതാണു പ്രശ്നം.

പുരുഷ കേന്ദ്രീകൃത അധികാരം സ്ഥാപിക്കുന്ന സമൂഹം സത്രീവിരുദ്ധമായി മാറുന്നു. സ്വന്തം സംഘബലം കൊണ്ടല്ലാതെ തങ്ങൾക്കർഹതപ്പെട്ട അംഗീകാരം കൈയ്യെത്തിപ്പിടിക്കാൻ സ്ത്രീ സമൂഹത്തിനാകുമെന്ന് കരുതാനാവില്ല. സ്ത്രീപക്ഷ സംഘടനകളുടെ മന്ദഗതിയിലുള്ള അലസഗമനം അവരെ ലക്ഷ്യത്തിലേയ്ക്കടുപ്പിക്കുമെന്ന് തോന്നുന്നില്ല.

അവസരങ്ങളുടെ തുല്യമായ പങ്കുവെക്കൽ, സാമൂഹികമായും സാമ്പത്തികമായും രാഷ്ട്രീയമായും ഓരോ ജാതിയും, സമൂഹവും, വിശ്വാസവും, സ്ത്രീയും പുരുഷനും, ഉഭയലിംഗക്കാരും, സ്വവർഗാനുരാഗികളും തുല്യരായ പൗരൻമാരെണെന്ന നിലയിൽ, അനുഭവിക്കേണ്ട നീതിയുടെ സ്പർശം. അതാണ് നമ്മൾ പ്രതീക്ഷിക്കുന്നത്.

പുതു സമൂഹത്തിൽ പെൺ ശാക്തീകരണത്തേക്കാൾ പ്രധാന്യം പുരുഷ ശാക്തീകരണത്തിനാണ്. ഇത് മറ്റൊരു വസ്തുതയാണ്. പെൺകുട്ടികളെ, ഉയർത്തി കൊണ്ടുവരുന്ന സമയത്ത് ആൺ കുട്ടികൾ അവഗണിക്കപ്പെടുന്നു. സാമൂഹിക വളർച്ചയെത്താത്ത ആൺതലമുറ ഇതിലൂടെ വളർന്നു വരും.

ഒരാൾ മറ്റൊരാളിൽ നിയന്ത്രണമേർപ്പെടുത്തുമ്പോൾ, അയാൾ തന്നെത്തന്നെയാണ് നിയന്ത്രിക്കുന്നത്. ലിംഗമൂല്യവ്യവസ്ഥ അഴിച്ചു പണിയേണ്ടത് സമൂഹത്തിന്റെ മൊത്തം ആവശ്യമാണ്. കൂടെ നടക്കുന്നയാളിൽ നിന്ന് ചുമട് പകുത്തു വാങ്ങിയാൽ രണ്ടുപേർക്കും കൂടുതൽ നടക്കാം. എഴുത്തുകാരികൾക്ക് ജീവിതത്തെ മുമ്പേ കാണാൻ കഴിയും. ഇത്രയും കാലം എഴുത്തുകാരൻ എന്ന പദം പുരുഷനേയും സ്ത്രീയേയും, ട്രാൻസ്ജൻഡറിനെയും സൂചിപ്പിക്കാൻ ഉപയോഗിച്ചു. എന്നാൽ വരാൻ പോകുന്ന ദശകം എഴുത്തുകാരിയുടേതായിരിക്കും.

ഇന്ന് സമൂഹം നേരിടുന്ന അപചയങ്ങൾക്ക് തീർച്ചയായും ഒരു മാറ്റമുണ്ടാകും. ചരിത്രം നമ്മെ ബോധ്യപ്പെടുത്തുന്നത് അതാണ്. തീർച്ചയായും ഒരു പുതിയ ഉണർവ്വും തീക്ഷണതയും വളർന്നു വരും. എന്നാൽ ഇത് സാധ്യമാകുന്നത് മനുഷ്യവകാശത്തെക്കുറിച്ച്, ജനാധിപത്യത്തെക്കുറിച്ച്, വ്യക്തി സ്വാതന്ത്ര്യത്തെക്കുറിച്ചുമൊക്കെ കൃത്യമായ അവബോധം രൂപപ്പെട്ടുവരുന്നതിലൂടെയാണ്.

കാലികം

# പ്രതീക്ഷയുടെ കിരണങ്ങൾ



വർത്തമാനകാലത്ത് നടമാടുന്ന അനാരോഗ്യ പ്രവണതകളെയും അതിനെ ചെറുക്കുന്നതിൽ മൂല്യാധിഷ്ഠിത സമൂഹത്തിന്റെ ഉത്തരവാദിത്വ ബോധത്തെയും അനാവരണം ചെയ്ത് പ്രമുഖ എഴുത്തുകാരൻ **ശ്രീ. മണമ്പൂർ രാജൻ ബാബു** സംസാരിക്കുന്നു.

ജീവിതത്തിൽ എപ്പോഴും സ്വപ്നങ്ങളും പ്രതീക്ഷകളും വച്ചു പുലർത്തണം. അതിലൂടെ ജീവിത ദുഃഖങ്ങളും പ്രയാസങ്ങളും അതിജീവിക്കാനാകുമെന്ന് വിശ്വസിക്കുന്ന ഒരു ശുഭാപ്തി വിശ്വാസിയാണ് ഞാൻ. ഏതു ഇരുട്ടിലും ഒരു നുറുങ്ങു വെട്ടം നമ്മെ തേടിയെത്തും എന്ന് വിശ്വസിക്കുക. ഒരു പക്ഷേ, അങ്ങനെയല്ലെങ്കിൽ പോലും സാമൂഹത്തോട് നമ്മൾ അങ്ങനെ പറയണം. എൻ. ജി. ഒ അസോസിയേഷന്റെ ഒരു സമ്മേളനത്തിൽ കെ. ആർ. ഗൗരിയമ്മ പറഞ്ഞ ഒരു സംഭവം ഉണ്ട്. 'മുമ്പ് സ്ത്രീകൾ വന്നു പറയും ജീവിതം മഹാകഷ്ടമാണ്, ദുരിതമാണ് എന്നൊക്കെ. അന്നു ഞാൻ (കെ. ആർ. ഗൗരിയമ്മ) അവരോട് പറയുമായിരുന്നു ഇതിനൊക്കെ ഒരു മാറ്റം വരും. നിങ്ങൾക്ക് സ്വന്തമായി ഒരു സംഘടന ഉണ്ടാകും. ഇതു ഞാൻ അവരോട് പറഞ്ഞത് യാതൊരുവിധ പ്രതീക്ഷയുമില്ലാതെയാണ്. ഇന്ന് നിങ്ങൾക്ക് സംഘടനയുണ്ട്. ഇതൊന്നുമില്ലാത്ത ഒരു കാലത്ത് ഞാൻ അങ്ങനെ പറഞ്ഞത് ഇങ്ങനെയൊരു സംഘശേഷി നിങ്ങൾക്ക് ഉണ്ടാവണമെന്ന സ്വപ്നം കൊണ്ടാണ്'.

ഇതുപോലെ ദുരിതത്തിന്റെ പടുകുഴിയിൽ വീണുകിടക്കുമ്പോഴും പ്രത്യാശയുടെ ഒരു കിരണം മനസ്സിൽ കാത്തുവയ്ക്കണം.



സർഗ്ഗാത്മകത ഇന്നും യുവാക്കൾക്കിടയിൽ ഉണ്ടെന്ന് ഉറച്ചുവിശ്വസിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ. ഇലക്ട്രോണിക് യുഗത്തിലും സമൂഹം ചിന്തിക്കുന്നു. കംമ്പ്യൂട്ടർ ലോകത്തെ മാറ്റി മറിച്ചു. യന്ത്രങ്ങൾ സൗകര്യങ്ങൾ കൊണ്ടുവരുമ്പോഴും സ്വാഭാവികമായ വസ്തുതകൾ വിസ്മരിക്കരുതെന്നാണ് എന്റെ പക്ഷം. ഇതെല്ലാം നമ്മുടെ സ്വത്വത്തിന്റെ പ്രതീകങ്ങളാണ്. സോഷ്യൽമീഡിയ ഉപയോഗിച്ച് വളരെ വലിയ സമൂഹമായി സംവദിക്കുമ്പോഴും നമ്മുടെ അയൽക്കാരനെ അറിയാൻ ശ്രമിക്കുക. നശ്വരമായ ഈ ലോകത്ത് അനശ്വരമായി ജീവിക്കാൻ എഴുത്തിലൂടെ മാത്രമേ കഴിയുകയുള്ളു. ഈ വസ്തുതയാണ് '**കുടിയൊഴിക്കൽ**' എന്ന കവിതയിലൂടെ വൈലോപ്പിള്ളി പറയുന്നത്

"അന്ധമായി തെറി പുലമ്പുന്ന

നിന്റെ വായിൽ മണ്ണടിയുമ്പോൾ

അന്തരീക്ഷത്തിലന്നുമുലാവും

എന്റെ നാവും ഞാനാവും കിനാവും.'

ഇതാണ് എഴുത്തുകാരന്റെ സവിശേഷത. നമ്മളാരും എഴുത്തച്ഛനേയോ വേഡ്സ്വർത്തിനെയോ കണ്ടിട്ടില്ല. പക്ഷെ, ഇവരെല്ലാം ജീവിക്കുന്നത് അവരുടെ വാക്കുകളിലൂടെയാണ്. അതോടൊപ്പം നമ്മൾ പറയുന്നതെന്ത്, എഴുതുന്നതെന്ത് എന്നതിനേക്കാൾ പ്രധാനമാണ് അതിനെ നമ്മൾ പിൻപറ്റുന്നുണ്ടോ എന്നത്.

രാജ്യത്ത് വർദ്ധിച്ചു വരുന്ന അസ്വീകാര്യമായ പ്രവണതകളിൽ എനിക്ക് ആശങ്കകളുണ്ട്. ഇതൊന്നും അന്തിമമായി നിലനിൽക്കില്ല സ്വേച്ഛാധിപത്യത്തെ ഒരു സമൂഹവും ഉൾകൊള്ളുകയില്ല. വളരെ ആപത്കരമായ വീഥിയിലൂടെ തന്നെയാണ് രാജ്യം കടന്നു പോകുന്നത്. അതിലേറ്റവും പ്രധാനം എഴുത്തുകാർക്കും സ്വതന്ത്രമായി ചിന്തിക്കുന്നവർക്കും നേരെ നടക്കുന്ന അക്രമങ്ങളാണ്. എവിടെ സാധ്യമായാലും കേരളത്തിൽ ഇത് എളുപ്പം സാധ്യമല്ല. നമ്മൾ ബോധമുള്ളവരാണ്. എം. ടിയ്ക്കെതിരെ രംഗത്ത് വന്നപ്പോൾ നാം എല്ലാവരും എം. ടിയുടെ കൂടെ നിന്നത് നമ്മുടെ സാംസ്കാരിക ബോധം കൊണ്ടാണ്.

ഇപ്പോഴുള്ള സാഹചര്യം വെറുമൊരു പുകമറ മാത്രമാണ്. അന്തിമ വിധികർത്താവ് കാലമാണ്. നന്മ മാത്രമേ അവശേഷിക്കുകയുള്ളു. അതിന് കാലഘട്ടത്തിന്റെ കാലുഷ്യങ്ങളെ അതിജീവിച്ച് സർഗ്ഗാത്മക സമൂഹം കെട്ടിപ്പടുക്കാൻ നാമോരോരുത്തരും മുന്നോട്ട് വരണം.

സാമൂഹിക മൂല്യച്യുതിക്കെതിരെ സ്വാഭാവിക പ്രതികരണത്തിലൂന്നിയ പ്രതിരോധമാണ് ഉയർന്ന് വരേണ്ടത്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങളെയും വളരെ ജാഗ്രതയോടെ കാണേണ്ടതുണ്ട്. പൾസർ സുനിയെപ്പോലുള്ളവർ സമൂഹത്തെ ബാധിച്ചിരിക്കുന്ന അർബുദമാണ്. ഒരു വ്യക്തി മാത്രമല്ല ഇതിന്റെ ഉത്തരവാദി. ഇത്തരം സഭ്യമല്ലാത്ത തിരകഥ എഴുതുന്നവർ, അഭിനേതാക്കൾ, ആസ്വാദകരായ പൊതുജനം ഇവരെല്ലാം ഇതിന്റെ ഉത്തരവാദികളാണ്. ഇതിന് ഒരു മറുപുറമുണ്ട് . അത് ഈ പൾസർ സുനിയെ പിടിക്കാൻ പോലീസിനെ സഹായിച്ച സാധാരണക്കാരനായ ഒരു റെയിൽവേ യാത്രക്കാരന്റേതാണ്. ഇതിനർത്ഥം മാനവികതയുടെ പക്ഷം പിടിക്കുന്നവർ ഇന്നു ജീവിച്ചിരിപ്പുണ്ട് എന്നതാണ്. പ്രതികരണശേഷി സമൂഹത്തിൽ നശിച്ചിട്ടില്ല എന്ന് ഞാൻ തീർച്ചയായും വിശ്വാസിക്കുന്നു. അത്തരമൊരു സമൂഹത്തെ പ്രോത്സാഹിപ്പിക്കാനാണ് നാം മുന്നോട്ട് വരേണ്ടത്

# കാമ്പസ്സുകളിൽ നവ വസന്തം



**മതേതരത്വവും മനുഷ്യാവകാശവും നിരന്തരം അവഗണിയ്ക്കപ്പെടുന്ന വർത്തമാന കാലത്ത് ഏത് പക്ഷമാണ് നമ്മുടേതെന്നും, ഏതല്ല നമ്മുടെ പക്ഷമെന്നും, എവിടെ അതിർരേഖ വരയ്ക്കണമെന്നുള്ള തിരിച്ചറിവ് വളരെ പ്രധാനമാണ്. തലമുറയുടെ സ്വപ്നങ്ങളെ തല്ലിക്കൊഴിക്കുകയും അറിവിനെയും ശാസ്ത്രബോധത്തേയും തമസ്കരിക്കുന്ന പ്രത്യക്ഷ പരോക്ഷ പ്രവർത്തനങ്ങൾക്കെതിരെ വർത്തമാന കാല ഇന്ത്യൻ യുവത്വം ഉയർത്തുന്ന ധൈഷണിക ജനകീയ പ്രതിരോധത്തിന്റെ അനന്ത സാധ്യതകൾ എന്തെല്ലാം? ജെ. എൻ. യു വിദ്യാർത്ഥി പ്രക്ഷോഭത്തിന്റെ മുന്നണിപ്പോരാളി ഹെബ അഹമദ് സംസാരിക്കുന്നു.**

ഇന്ത്യൻ സമൂഹം വളരെ സങ്കീർണമായ ഒരു കാലഘട്ടത്തിലൂടെയാണ് കടന്നുപോയിക്കൊണ്ടിരിക്കുന്നത്. ഈ സവിശേഷ സാഹചര്യത്തിൽ ജനാധിപത്യ മൂല്യങ്ങളെയും ചരിത്രത്തെയും തമസ്കരിക്കാനുള്ള പ്രവണതകൾ ഏറിവരുന്നു. എങ്കിലും കാമ്പസ്സുകളിലെ പുത്തൻ ഉണർവ്വ് പ്രതീക്ഷ നൽകുന്നു. ഇന്ത്യൻ യുവത്വം അരാഷ്ട്രീയവത്കരിയ്ക്കപ്പെട്ടിരിക്കുന്നു എന്ന ആരോപണത്തിനുള്ള മറുപടിയാണ് വിദ്യാർത്ഥി സമൂഹം നൽകിക്കൊണ്ടിരിക്കുന്നത്. ഈ മുന്നേറ്റത്തെ പ്രോത്സാഹിപ്പിക്കേണ്ടത് എല്ലാ പുരോഗമന ശക്തികളുടെയും കടമയാണ്.

ഫാസിസ്റ്റ് ശക്തികളുടെ ഏറ്റവും വലിയ ആയുധം ദേശീയതയാണ്. തങ്ങളെ എതിർക്കുന്ന വിമതങ്ങളെ ശത്രുതാ മനോഭാവത്തോടെ കാണാനും അവരെ ദേശവിരുദ്ധരായി ചിത്രീകരിക്കാനുമുള്ള പ്രവണത ഏറിവരുന്നു.

ഇവിടെ പലപ്പോഴും ഒരു കൂട്ടായ ഐക്യം രൂപപ്പെടുത്തിയെടുക്കുന്നതിന് മതേതര കക്ഷികൾക്ക് കഴിയാതെ പോകുന്നു.

ഫാസിസത്തെ നേരിടണമെങ്കിൽ കൂട്ടണികൾ ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ്. സാമൂഹിക നീതിയിലും തുല്യതയിലും പങ്കാളിത്തത്തിലും വിശ്വസിക്കുന്ന എല്ലാ ധാരകളും ചിന്താ പദ്ധതികളുമായും നമുക്ക് കൂട്ടണികൾ ഉണ്ടാകേതുണ്ട്. നമ്മുടെ ഉള്ളിലേയ്ക്ക് നോക്കി നമ്മുടെ അതിരുകൾ വിശാലമാക്കേണ്ടതുണ്ട്. നജീബ് വിഷയം തന്നെയെടുക്കാം. നജീബ് എന്ന ജെ.എൻ.യു വിദ്യാർത്ഥിയെ കാണാതായിട്ട് 200 ദിവസങ്ങൾ കഴിഞ്ഞു. ഇതുവരെ പ്രക്ഷോഭങ്ങൾ നടത്തി എന്നല്ലാതെ യാതൊരു വിധ അന്വേഷണവും നടക്കുന്നില്ല. ഇത്തരം പ്രതിസന്ധികളുടെയും അസമത്വങ്ങളുടെയും കടുത്ത ആഘാതം വിദ്യാഭ്യാസ മേഖലയിലും കാമ്പസുകളിലും അനുഭവപ്പെടുന്നുണ്ട്.

യാഥാർത്ഥ്യങ്ങളെ തിരിച്ചറിയാനും സാമൂഹ്യക്രമങ്ങളോട് നിരന്തരം സംവദിക്കാനും കഴിയുന്ന വിദ്യാർത്ഥി സമൂഹമാണ് ഇന്ന് രാജ്യത്തിന്റെ മുതൽക്കൂട്ട്. യാഥാസ്ഥിതിക മൂല്യ മണ്ഡലങ്ങളെ നിരന്തരം ചോദ്യം ചെയ്ത് ഉപരിപ്ലവമായ മാറ്റങ്ങൾക്കപ്പുറത്ത് സ്വത്വരൂപീകരണത്തിലൂടെ വിദ്യാഭ്യാസത്തിന്റെ ധർമ്മം അവർ നിർവഹിക്കുന്നു. ഇത്തരം മുന്നേറ്റങ്ങൾക്ക് ചില സവിശേഷതകളുണ്ട്. ഇതിന്റെ മുഖ്യചാലക ശക്തി ഇന്ത്യൻ യുവത്വത്തിന്റെ ഏറ്റവും പ്രബുദ്ധവും മുൻനിരയിൽ നിൽക്കുന്നവരുമായ ഉന്നത സർവകലാശാലകളിലെ വിദ്യാർഥികളാണ്. അവർക്ക് പ്രത്യയശാസ്ത്രപരവും പുരോഗമനപരമായ അടിത്തറയുമുണ്ട്. അതിനെല്ലാം പുറമേ അടിച്ചമർത്തലുകളെ അതിജയിക്കാനുള്ള നിശ്ചയദാർഢ്യവും സമരവീര്യവും അവരിൽ കാണുന്നുണ്ട്.

അർത്ഥവത്തായ സംവാദങ്ങൾക്കും ചർച്ചകൾക്കും വേണ്ടിയുള്ള പൊതു ഇടങ്ങൾ നഷ്ടമാകുന്നു. ഇത്തരം മൂല്യങ്ങളെ തിരിച്ചു പിടിയ്ക്കുന്നതിലൂടെ ക്രിയാത്മകമായ സമൂഹത്തെ കെട്ടിപ്പടുക്കാനാകും. കാലങ്ങളായി അധഃകൃത വർഗ്ഗങ്ങളായി കഴിയുന്ന പിന്നോക്ക ദളിതർക്ക് തങ്ങളുടെ സ്വത്വത്തെ പുനഃനിർമ്മിയ്ക്കാനായി.

ഗുജറാത്തിലെ ജിഗ്നേഷ് മേവാനിയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രക്ഷോഭം ഇത്തരത്തിലുള്ളതാണ്. വികാര വിക്ഷോഭങ്ങളിലൂടെയല്ല ഫാസിസത്തെ നേരിടേണ്ടത് ഇത്തരം വിവേകപൂർണ്ണമായ നടപടികളിലൂടെയാണ്. അന്ധകാരം പടർന്നു പിടിയ്ക്കുമ്പോഴും പ്രതീക്ഷയുടെ പ്രകാശധാര കൈവിടരുത്.




നജീബ് തിരോധാനത്തിന്റെ ഭാഗമായി ഡൽഹിയിൽ നടന്ന സമരം . ഹെബ അഹമ്മദ് മുൻനിരയിൽ

രാജ്യത്തെ കലാലയങ്ങൾ ഇപ്പോൾ നവവസന്തത്തിന്റെ അനുഭൂതിയിലാണ്. വിധ്വംസകശക്തികളെ എങ്ങനെ അതിജയിക്കാമെന്നും, പ്രതിരോധത്തിന്റെ പുതിയ പാഠങ്ങളെന്തൊക്കെയാണെന്നും അവർ പഠിച്ചു കഴിഞ്ഞു. ഇനി സർഗ്ഗാത്മകതയിലധിഷ്ഠിതമായ ഒരു സമൂഹത്തിന്റെ പുനരേകീകരണമാണ് നമ്മുടെ ലക്ഷ്യം . അതിന് ഏറെ ദൂരം ഇനിയും സഞ്ചരിക്കേതുണ്ട്.

ഫീച്ചർ തയ്യാറാക്കിയത് : അസ്ഹറുദ്ധീൻ. പി

# Dezzart



**Neethu**
*II[nd] BA English*


Rineesha c.p
1st sem Bcomca



**Rafa Marjan**
*IInd Sem.BA English*



**Vrindha**
*IInd Sem.BA English*



**Dency. R.S**
*IV$^{th}$ Sem.MCom Finance*





**Vaishnavi**
*II^nd Sem.BA English*



**Fathima Risana**
*II^nd Sem.BA English*



**Ashima**
*II<sup>nd</sup> Sem.BA English*

# മലയാള വേദി

19 - ന്റെ നിറവിലും പ്രൗഢിയോടെ ശിരസ്സുയർത്തി ഉയരങ്ങൾ കീഴടക്കി യാത്ര തുടരുകയാണ് മലയാളവേദി. ഈ യാഥാർത്ഥ്യം നമ്മെ ബോധ്യപ്പെടുത്തുന്നു പിന്നിട്ട ഓരോ വർഷവും. ഈ വർഷത്തെ മലയാളവേദിയുടെ ഔപചാരികമായ ഉദ്ഘാടനം ശ്രീ.സുരേഷ് തിരുവാലി ഭദ്രദീപം കൊളുത്തി നിർവ്വഹിച്ചു. നർമ്മരസ പ്രധാനമായ പ്രസംഗത്തിനൊപ്പം നാടൻപാട്ടിന്റെ ഈണവും സെന്റ്മേരീസിനെ ഉണർത്തി. മലയാളവേദി നൃത്തസംഗത്തിന്റെ നൃത്തവിരുന്നും മലയാളമാധുരി ഓർക്കസ്ട്രയുടെ സംഗീതവിരുന്നും അരങ്ങേറി.





# SPINTA

## Commerce Association Report

Spinta commerce association has taken a great share to maintain naughtyatmosphere in college campus by adopting multifarious and leading operations during 2016-2017.

Our principal Fr.Binu Peediackal has inaugurated association programe.a fruitful debate in connection with updated industrial and commercialaspects presided by Sri.Babu Kottayil (Merchants association chairman)has also carried out in inauguration day.

The association has taken significant role to coordinate maximum presence of commerce students in various management meet held in various colleges.

successful completion of third inter department management meet in college campus is another Quill in the history of college & Commerce association

## PHYSICS ASSOCIATION

The academic year 2016-2017, physics association intended to work with complete cooperation of all the department students to develop good leadership and esteemed individuality within students. Association organized various sessions initiated with a quiz competition named 'QUIZARD' which was inaugurated by principle Fr. Binu Peedieakkal, which was a grand success by its interactive and informative sessions. We celebrated science day by an announcement which depicted the significance of science. Activities prolong with prominent support of teachers and students.

## HISTORY ASSOCIATION

History association was inaugurated by Dr.Musthafa Kamalpasha, HOD , History Dep,PSMO College Thirurangadi on 30th autgust 2000 with the blessings of Rev.Fr.Jose Mathew Parayil CFIC.

History association stands for the total departments of students in academic and non academic areas. The association has started its voyage with a quiz competition based on independence day in the academic year 2016-17 and association conducted several other programmes like recitation ,film festival etc...association conducted an archeological exhibition as a part of the 50th obiteary of the greatest freedom fighter M.P.Narayanamenon with the alliance of history department of Calicut university . the inauguration was done by honourable speaker of legislative assembly Mr.Sri.Sreeramakrishnan . It became a grand success mainly due to the constant support of our principal rev. Fr.Binu Peediekkal and teachers and active participation of students association has published a magazine "VOICE OF HISTORY" .

Thulasi is selected as association secretary and aswathi as joint secretary and mr. mohammed rafi as staff representative

## TECHNOCRACY

Computer Department has become the most essential part of St. Mary's College, Puthanangadi. TECHNOCRACY started its academic year with the Fresher's Gathering program which was named as SOCIALIZE-2K16. It is a program that is styled differently from the conventional Fresher's party. The program was inaugurated my Fr.Binu Pediyakal in the presence of college administrator Fr.Joy Vadakkan. INFOTSAV is an inter-department Fest initiated by TECHNOCRACY in the year 2014. After a gap of two years INFOTSAV has returned with an interesting assortment of programs that were conducted within a week under the name INFOTSAV-2K17.

The fest included QUIZ, PAPER PRESENTATION, GAMING, IDEA DESIGNING, CODING, LOGO DESIGNING and VIDEO MAKING. The winners from each program were rewarded with a cash prize and gifts. The sponsorship of the prizes was held by SINET Education enterprise Perinthalmanna.

## COMPASS 2K17

Maths association (MAOLIT) was organized a programme 'Compass 2k17' on 19,20and 23rd of January 2017. It was a three days programme with various sections such as quiz, logical designing and Sudoku and riddles solving .the programme started on 19th January .thre was an inaugural section in morning . The programme was inaugurated by Muhammed Nishad . he is the assistant professor of maths department in farook college Calicut . After the inaugural section he took a seminar on the topic 'opportunities on maths' .Afternoon section there was a quiz programme with questions from logical and gk sections . The winners are Rafi and Rishad . The next day we conducted the programme logical designing by using maths symbols . The winner is Sreelakshmi from 1st maths on the last daywe conducted the programme Sudoku and riddles solving. The winners are Aslam and Sanjay .The programme compass 2k17 was very successful and was a different experience to student

## ECONOMICA

*"Educating the mind without educating the heart is no education at all"*

Economica - As a strong, positive image for the best possible prepration for success in life.

Economic association inaugurated on august 26th 2016 by Fr. Binu Peediekkal, Principal of St.Mary's College Puthanangadi. As a part of inauguration association conducted a class on " modern trends in agriculture" by Chithra. R from Agriculture research centre, Pattambi.

Other Programms

Old age home visit - 10.10.2016

Debate on demonetisation in India - 14.12.2016

Industry Visit - 03.04.2016

Staff Rep: Rajeena. T.K
Association Sec : Aiswarya

# English Association

The English Association of St.Mary's college was extremely vibrant with a series of activities during the academic year 2016-2017. The activities of association in the year were inaugurated on 24/08/2017 by Mr T. Ashokan Pathaikkara with an enthralling musical concert. The other important activities conducted by the association were Film Review Competition, Spell Bee and News Reading. The association has taken humanitarian concern with an aim to develop social awareness in the young minds of the students. As a part of this, the members of the association visited an old-age home at Vailongara and shared a day with them .

## എൻ.എസ്.എസ് പ്രവർത്തന റിപ്പോർട്ട്

പാഠ്യപ്രവർത്തനങ്ങൾക്കപ്പുറം വിദ്യാർത്ഥികളിൽ സാമൂഹ്യ സേവനമനോഭാവം വളർത്തുന്ന സാമൂഹിക സേവനസംഘടയായ എൻ.എസ്.എസ്. കോളേജിൽ വളരെ വിപുലമായി പ്രവർത്തിച്ചുവരുന്നു. കോളേജിനപ്പുറം സമൂഹത്തിലെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ എൻ.എസ്.എസ് മുന്നോട്ടുവരുന്നു. വാർഷിക ക്യാമ്പ് ഡിസംബർ 25 മുതൽ 31 വരെ സംഘടിപ്പിച്ചു. ക്യാമ്പിന്റെ ഭാഗമായി അങ്ങാടിപ്പുറം പഞ്ചായത്തിലെ 19 -ാം വാർഡിലെ പരയിക്കത്തോട് ശുചീകരണ പ്രവർത്തനവും 200 മരങ്ങളും നട്ടുപിടിപ്പിച്ചു. പ്രദേശത്ത് 200 വീടുകളിൽ കോട്ടൻ ക്യാരി ബാഗ് വിതരണം ചെയ്തു. കേരള ഗവൺമെന്റിന്റെ ഹരിതകേരളം മിഷൻ അങ്ങാടിപ്പുറം പഞ്ചായത്തുമായി സഹകരിച്ച് ആചരിച്ചു. എൻ.എസ്.എസിന്റെ പ്രവർത്തനങ്ങൾ സെന്റ്മേരീസ് കോളേജിന് എന്നും മുതൽക്കൂട്ടാണ്.

പ്രോഗ്രാം ഓഫീസർ : **മുഹമ്മദ് നവാസ്**

വളന്റിയർ ക്യാപ്റ്റൻ : **ആദിൽ. ഇ**

## St. Marys College 2014 -17

last seen May 31, 2017

**B.Com C.A**



**B.Com Finance**



**BBA**



Type a message

St. Marys College 2014 -17

last seen May 31, 2017

B.Com Pvt.



B.Com Pvt.



B.Com Pvt.



Type a message

St. Marys College 2014 -17

last seen May 31, 2017

## B.Sc MATHEMATICS



## B.Sc PHYSICS



## BCA



Type a message

St. Marys College 2014 -17

last seen May 31, 2017

B.A. ECONOMICS



B.A. ENGLISH



Type a message

St. Marys College 2014 -17
last seen May 31, 2017

## B.A. ENGLISH Pvt.



## M.A. ENGLISH



## M.Com



Type a message

St. Marys College 2014 -17
last seen May 31, 2017

M.Com Pvt.



എല്ലാവരും പ്രസന്റാണ് മിസ്സ്...

STAFF



# പകിട്ട്




ST. MARY'S COLLEGE
PUTHANANGADI
ARTS
FEST 2016


ST. MARY'S COLLEGE
PUTHANANGADI
ARTS
FEST 2016
DECEMBER 21,22










# മലയാളവേദി




ചെയർമാൻ

കൃഷ്ണ പ്രസാദ്

# കളിക്കളം





കാലിക്കറ്റ് യൂണിവേഴ്സിറ്റി സി–സോൺ,
ഇന്റർസോൺ ആർട്സ് മത്സരവിജയികൾക്ക്
സെന്റ് മേരീസ് കോളേജിന്റെ
അഭിനന്ദനങ്ങൾ
പാശ്ചാത്യ സംഗീതം
സി–സോൺ : 1–ാം സ്ഥാനം
മാർഗ്ഗം കളി
സി–സോൺ : 1–ാം സ്ഥാനം
തിരുവാതിരകളി
സി–സോൺ : A ഗ്രേഡ്
സംഘനൃത്തം
സി–സോൺ : 3–ാം സ്ഥാനം
വട്ടപ്പാട്ട്
സി–സോൺ : A ഗ്രേഡ്
ദീപ്തി സുനിൽ
നാടോടി നൃത്തം
സി–സോൺ : 1–ാം സ്ഥാനം
ഇന്റർസോൺ : 3–ാം സ്ഥാനം
കീർത്തി
അക്ഷരശ്ലോകം
സി–സോൺ : 1–ാം സ്ഥാനം
ഇന്റർസോൺ : A ഗ്രേഡ്
അജിത് ജീജോ
ഇംഗ്ലീഷ് പ്രസംഗം
സി–സോൺ : 2–ാം സ്ഥാനം
അഞ്ജലി മനോഹർ
നാടോടിനൃത്തം
സി–സോൺ : 3–ാം സ്ഥാനം
കാവ്യ
സന്ധ്യ
കുച്ചിപ്പുടി
സി–സോൺ : 3–ാം സ്ഥാനം
STARS
OF THE YEAR
FOOTBALL TEAM
CRICKET TEAM

# COLLEGE UNION MEMBERS

CHAIRMAN

MUHAMMED DANISH

VICE CHAIRMAN

AISWARYA

GEN.SECRETARY

MUHAMMED NAVAZ

JOINT.SECRETARY

ATHIRA

FINE ARTS SEC.

AMAL J. AUGUSTINE

UUC

ADIL. E

UUC

JASEEL. M

GEN.CAPTAIN

MUHAMMED SAJAD. P

MAGAZINE EDITOR

MUHAMMED ASHKARALI

# ASSOCIATION MEMBERS

COMMERCE

SARATH

ENGLISH

DEVANARAYANAN

PHYSICS

SEBASTIAN THOMAS

ECONOMICS

AISWARYA. M

MATHS

ALEENA

HISTORY

THULASI. P

COMPUTER

SACHIN

# YEAR REPRESENTATIVES

Ist Year

HIMAVAL. P

IInd Year

RAUF RAJA

IIIrd Year

MUHAMMED ASHIQ. TP

PG

VRINDHA. M

College Union 2016-17

# മാഗസിൻ സമിതി

സ്റ്റാഫ് എഡിറ്റർ



മുഹമ്മദ് ഷഹീർ

ക്രിയേറ്റീവ്സപ്പോർട്ട്



ഷമീർ T.



ലീലാ വിജയൻ



റിനീഷ. സി. പി



മുഹമ്മദ് അഷ്കറലി / ഖമറുൽ ജമാൽ / അസ്ഹറുദ്ധീൻ / നിഖിൽ അഗസ്റ്റിൻ / തുളസി / ഫാത്തിമ [illegible] / [illegible]



ഇരുൾ നിറഞ്ഞ
പുത്തൻ ലോകത്ത്
ഇത് ഒരു തുടക്കം മാത്രം.
ഇവിടെ, ഇരുട്ടിനപ്പുറം
ഒരു മിന്നാമിനുങ്ങിന്റെ
നുറുങ്ങുവെട്ടം അന്വേഷിക്കുന്നു!
അവ പ്രഭ പരത്തി
മുനിഞ്ഞുകത്തികൊണ്ടേയിരിക്കുന്നു.
കെടുന്നതിൻ മുമ്പ്
പുതിയ കൈകളിലേക്കവ
പകർന്നു നൽകണം!

**നന്ദി...**

കൂടെ നിന്നവർക്ക്
സംഭ്രമത്തിന്റെ ശിഖക്ക് തീ പകർന്നവർക്ക്...

***- മുഹമ്മദ് അഷ്കറലി***



With best compliments from...
Building your
Dreams....
VIDCKO CONSTRUCTIONS
Central Complex, Calicut Road, PERINTHALMANNA - 679 322.
Phone : 04933 - 227917



വാരിത്തേച്ച ചന്തങ്ങളെല്ലാം ഒഴുകിപ്പോകുന്നു.
വച്ചുകെട്ടിയ അടയാഭരണങ്ങളെല്ലാം കൊഴിഞ്ഞുപോവുന്നു.
കൃത്രിമത്വത്തിന്റെ അദൃശ്യലോകങ്ങൾ
ഈ പ്രതിച്ഛായയിൽ ഒളിക്കാനിടം നഷ്ടപ്പെട്ട് വിവശരാകുന്നു...